# ഉള്ളടക്കം


**നാളികേര കർഷകരുടെ വരുമാനം വർധിപ്പിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധം : മന്ത്രി സോമി റെഡ്ഡി** 4
സി.ഡി.ബി. ന്യൂസ് ബ്യൂറോ

**സംസ്ഥാനത്ത് നാളികേര വർഷം പ്രഖ്യാപിച്ചു** 10
ആബെ ജേക്കബ്

**കോഴിക്കോടിനെ നാളികേര ഉത്പാദന ഹബ്ബാക്കും, ഉത്പാദക കമ്പനികളെ പ്രോത്സാഹിപ്പിക്കും** 11
അഡ്വ. വി. എസ്. സുനിൽകുമാർ

**കേരഫെഡ് പച്ചത്തേങ്ങ സംഭരിക്കണം, നിലവാരമുള്ള വെളിച്ചെണ്ണ ഉത്പാദിപ്പിച്ച് വിപണിയിൽ ഇറക്കണം** 15
പ്രൊഫ. കെ. വി. തോമസ് എംപി

**ഉത്പാദനക്ഷമത വർധിപ്പിക്കാൻ ഒരുമിച്ചു പ്രവർത്തിക്കണം** 16
പി.സി. മോഹനൻ മാസ്റ്റർ

**നീരയിലൂടെ അധിക ആദായത്തിന് ആഹ്വാനവുമായി വിജയവാഡ ശില്പശാല** 19
സിഡിബി ന്യൂസ് ബ്യൂറോ

**ആരോഗ്യകരവും സമ്പൽ സമൃദ്ധവുമായ ജീവിതം നാളികേരത്തിനൊപ്പം** 21
ഡോ. സി തമ്പാൻ

**വെളിച്ചെണ്ണയും കേരളീയ സമൂഹവും** 28
ഡോ. രമണി ഗോപാലകൃഷ്ണൻ

**നാളികേരത്തിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾ** 32
സി.ഡി.ബി. ന്യൂസ് ബ്യൂറോ

**കുരുത്തോലപ്പന്തൽ** 38

**വാർത്തകൾ** 42

**ഒക്ടോബറിലെ കൃഷിപ്പണികൾ** 45
ആർ ജ്ഞാനദേവൻ

**കമ്പോളം** 47

**കേരപാചകം** 50







*ഉദ്ഘാടനം : മന്ത്രി ശ്രീ സോമിറെഡ്ഡി ചന്ദ്രമോഹൻ റെഡ്ഡി, ആന്ധ്രാപ്രദേശ്, കൃഷി മന്ത്രി*

# നാളികേര കർഷകരുടെ വരുമാനം വർധിപ്പിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധം : മന്ത്രി സോമി റെഡ്ഡി

**നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ 2017 സെപ്തംബർ 2-ന് വിജയവാഡയിൽ നടന്ന ലോക നാളികേര ദിനാഘോഷങ്ങളുടെ ദേശീയതല റിപ്പോർട്ട്**

ശാസ്ത്രീയ തെങ്ങു പരിപാലനത്തിലൂടെ സംസ്ഥാനത്തെ നാളികേര കർഷകരുടെ വരുമാനം വർധിപ്പിക്കാൻ ആന്ധ്രപ്രദേശ് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ് എന്ന് സംസ്ഥാന കൃഷി മന്ത്രി ശ്രീ സോമിറെഡ്ഡി ചന്ദ്രമോഹൻ റെഡ്ഡി പ്രസ്താവിച്ചു. വിജയവാഡയിൽ നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ ദേശീയതല നാളികേര ദിന ആചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രീ. റെഡ്ഡി. സംസ്ഥാനത്ത് നാളികേര ഉത്പാദന ക്ഷമതയിൽ ഉണ്ടായിരിക്കുന്ന വർധനയിൽ മന്ത്രി സംതൃപ്തി രേഖപ്പെടുത്തി. രാജ്യത്ത് നാളികേരം കൃഷിചെയ്യുന്ന മൂന്നാമത്തെ വലിയ സംസ്ഥാനമാണ് ആന്ധ്രപ്രദേശ്. വിളവിന്റെ കാര്യത്തിൽ ഇപ്പോഴും സംസ്ഥാനം തന്നെയാണ് മുന്നിൽ – അദ്ദേഹം തുടർന്നു.

സംസ്ഥാന ഗവൺമെന്റ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നു. അതോടൊപ്പം നാളികേര കൃഷിക്ക് പ്രഥമ പരിഗണന നല്കുകയും ചെയ്യുന്നു. നാളികേര കൃഷി പ്രോത്സാഹിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് പ്രതിവർഷം 1427 കോടി രൂപ ചെലവഴിക്കുന്നതായി ശ്രീ. റെഡ്ഡി വെളിപ്പെടുത്തി. നാളികേരത്തിന് ഇൻഷുറൻസ് പരിരക്ഷ വരെ ഏർപ്പെടുത്തിയിട്ടുണ്ട്. നാളികേര കൃഷി വ്യാപിപ്പിക്കാനും നാളികേര ഉത്പ്പന്ന നിർമ്മാണം ആരംഭിക്കാനും ഗവൺമെന്റിന് പദ്ധതിയുണ്ട്. നാളികേര ഉത്പ്പന്നങ്ങൾക്ക് പ്രത്യേക വിപണന സൗകര്യം ലഭ്യമാക്കിവരുന്നു. തേങ്ങാപ്പാൽ പോലുള്ള ഉത്പ്പന്നങ്ങൾക്ക് വിദേശരാജ്യങ്ങളിൽ വൻ ഡിമാന്റാണ് എന്നും മന്ത്രി വ്യക്തമാക്കി.

ആന്ധ്രയിലെ സാമൽക്കോട്ട് പുതുതായി ആരംഭിക്കുന്ന കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ പ്രാദേശിക കേന്ദ്രം സംസ്ഥാനത്തെ നാളികേര കൃഷിക്കാർക്കും മറ്റ് തോട്ടവിളകൾക്കും വലിയ അനുഗ്രഹമായിരിക്കും. ഇതിനായി സംസ്ഥാന ഗവൺമെന്റ് 60 ഏക്കർ സ്ഥലം വിട്ടു നല്കിയിട്ടുണ്ട്. ഈ വർഷം അവസാനത്തോടെ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാകും. – അദ്ദേഹം തുടർന്നു. ഈസ്റ്റ് ഗോദാവരിയിലെ കഡ്യാമിൽ ഫ്ളോറിക്കൾച്ചർ സെന്ററിന്റെ നിർമ്മാണവും ഈ വർഷം തന്നെ പൂർത്തിയാകും. ഇതിന്റെ വികസനത്തിനായി 12 കോടി രൂപ ഗവൺമെന്റ് നല്കി. പച്ചക്കറി കൃഷിക്കായി 1427 കോടി രൂപ ഈ വർഷവും ഗവൺമെന്റ് നീക്കി വച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 39.5 ലക്ഷം ഏക്കറായി പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ സാധിച്ചു. 1992 ൽ വെറും 23 ലക്ഷമായിരുന്നു ഇത്. കൃഷി വ്യാപനത്തിനു കാരണം പ്രധാനമായും ഗവൺമെന്റ് നല്കി വരുന്ന സബ്സിഡികളാണ്.





*സ്വാഗതം: ഡോ. ബി.എൻ.എസ് മൂർത്തി, നാളികേര വികസന ബോർഡ് ചെയർമാൻ*

ലക്ഷക്കണക്കിനു കൃഷിക്കാരുടെ സാമൂഹിക സാമ്പത്തിക അവസ്ഥയെ നേരിട്ടു ബാധിക്കുന്ന വിളയാണ് നാളികേരം. അത് ഭക്ഷണം, ഭക്ഷ്യസുരക്ഷ, ഉപജീവനമാർഗ്ഗം,കയറ്റുമതി വരുമാനം എന്നിവ നല്കുന്നതോടൊപ്പം ചെറുകിട കൃഷിക്കാരും കാർഷിക വ്യവസായ യൂണിറ്റുകളും ഇതിനെ ആശ്രയിക്കുകയും ചെയ്യുന്നു. നാളികേര വിളവെടുപ്പിനുള്ള ആധുനിക മാർഗ്ഗങ്ങളെ കുറിച്ചും നാളികേരത്തിന്റെ ഉപോത്പ്പന്ന നിർമ്മിതിയിലൂടെ അധിക വരുമാനം നേടുന്നതിനെ കുറിച്ചും കൃഷിക്കാരെ ബോധവാന്മാരാക്കുമെന്നും മന്ത്രി പറഞ്ഞു.

ആന്ധ്രയുടെ തീരമേഖലയിൽ നാളികേര കൃഷി വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകതയാണ് നാളികേര വികസന ബോർഡ് ചെയർമാൻ ഡോ.ബിഎൻഎസ് മൂർത്തി സ്വാഗത പ്രസംഗത്തിൽ ചൂണ്ടിക്കാട്ടിയത്. സംസ്ഥാനത്ത് നാളികേരത്തിന്റെ ഉത്പാദനും ഉത്പാദന ക്ഷമതയും വർധിപ്പിക്കാൻ നാളികേര വികസന ബോർഡ് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് അദ്ദേഹം അറിയിച്ചു. ഇവിടെ കാലാവസ്ഥ നാളികേര കൃഷിക്ക് അനുയോജ്യമാണ്. സംസ്ഥാനത്ത് ഒരു നാളികേര പാർക്ക് ആരംഭിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പ്രധാന മന്ത്രിയുടെ നിർദ്ദേശപ്രകാരം നാളികേര വികസന ബോർഡ് അതിന്റെ സമീപനത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. വിസ്തൃതി കൂട്ടുന്നതിനുപരി മൂല്യവർധനവിലൂടെ അധിക വരുമാനം എന്നതാണ് ബോർഡിന്റെ ഇപ്പോഴത്തെ മുൻഗണന. നാളികേര കൃഷിക്കാർക്ക് സബ്സിഡിയല്ല മറിച്ച് അവരുടെ ഉത്പ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയാണ് വേണ്ടത് -അദ്ദേഹം വ്യക്തമാക്കി. തൂക്കം കൂടുതൽ ലഭിക്കുന്ന നാളികേരം ഉത്പാദിപ്പിക്കാൻ ആന്ധ്രാപ്രദേശിലെ കൃഷിക്കാരെ സഹായിക്കുമെന്നും ഡോ. മൂർത്തി പറഞ്ഞു.

സിപിസിആർഐ സംസ്ഥാനത്ത് പുതിയ പ്രാദേശിക കേന്ദ്രം ആരംഭിക്കുകയാണ് എന്ന് സമ്മേളനത്തിൽ പ്രസംഗിച്ച തോട്ടവിള ഗവേഷണ സ്ഥാപനം ഡയറക്ടർ ഡോ പി ചൗഡപ്പ അറിയിച്ചു. നാളികേരത്തിന് ഇടവിളയായി കൊക്കോ കൃഷി ചെയ്യാൻ അദ്ദേഹം കൃഷിക്കാരെ ഉദ്ബോധിപ്പിച്ചു. തുറക്കാൻ പോകുന്ന സാമൽക്കോട്ട് കേന്ദ്രത്തിൽ കൃഷിക്കാരെ സഹായിക്കാൻ സമഗ്ര നാളികേര സംസ്കരണ യൂണിറ്റും ബിസിനസ് ഇങ്കുബേഷൻ സെന്ററും പ്രവർത്തിക്കും. ഇത്തരം ഉത്പ്പന്നങ്ങളിൽ നിന്നാണ് ഇന്ത്യയെക്കാൾ ചെറിയ രാജ്യമായ ഇന്തോനേഷ്യയും മറ്റും വൻ വരുമാനം ഉണ്ടാക്കുന്നത്.

നാളികേര ദിനാഘോഷങ്ങളോട് അനുബന്ധിച്ച് സംഘടിപ്പിച്ച മൂല്യവർദ്ധിത നാളികേരോത്പന്നങ്ങളുടെയും കരകൗശല വസ്തുക്കളുടെയും പ്രദർശനം മന്ത്രി ഉദ്ഘാടനം ചെയ്തു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 30ൽ പരം സംരംഭകർ നാളികേര ഉത്പന്നങ്ങളുമായി പ്രദർശനത്തിൽ പങ്കെടുത്തു. വിജയവാഡ എംഎൽഎ ശ്രീ ബി ഉമാ മഹേശ്വര റാവു പ്രദർശന നഗരി സന്ദർശിച്ചു. നാളികേര ഉത്പാദനം വർധിപ്പിക്കാനുള്ള നിർദ്ദേശങ്ങടങ്ങിയ തെലുങ്ക് കൈപ്പുസ്തകത്തിന്റെയും ഭാരതീയ കൊമ്പ്വാരി പത്രികയുടെ പ്രത്യേക പതിപ്പിന്റെയും പ്രകാശനം ചടങ്ങിൽ നടന്നു.

ആരോഗ്യകരവും സമ്പൽസമൃദ്ധവുമായ ജീവിതത്തിന് നാളികേരം എന്ന വിഷയത്തെ അധികരിച്ച് തുടർന്നു നടന്ന സെമിനാറിൽ ഡോ. പി ചൗഡപ്പ, നാളികേര വികസന ബോർഡ് മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ. സരദിന്ദു ദാസ് എന്നിവർ അധ്യക്ഷ വേദി അലങ്കരിച്ചു. കൊച്ചി അമൃത മെഡിക്കൽ കോളജ് പ്രൊഫസർ ഡോ. വിജയകുമാർ വൈഎസ് ആർ സർവകലാശാല പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. രാമാനന്ദം, നാളികേര വികസന ബോർഡ് പ്രോസസിംങ് എൻജിനിയർ ശ്രീകുമാർ പൊതുവാൾ എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. തുടർന്ന് കൃഷിക്കാരുടെ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി നല്കി. സംസ്ഥാന ഹോർട്ടിക്കൾച്ചർ കമ്മിഷണർ ശ്രീ ചിരഞ്ജീവി ചൗധരി നന്ദി പറഞ്ഞു. സംസ്ഥാനത്തിന്റെ വിവധ ഭാഗങ്ങളിൽ നിന്നായി ഏകദേശം 600 കൃഷിക്കാർ സമ്മേളനത്തിൽ പങ്കെടുത്തു.

*തയ്യാറാക്കിയത്: സി.ഡി.ബി. ന്യൂസ് ബ്യൂറോ.* ■








ప్రపంచ కొబ్బరి దినోత్సవం







ലോക നാളികേര ദിനം

02 സെപ്റ്റംബർ 2017

## വിജയവാഡയിൽ നിന്നുള്ള ദൃശ്യങ്ങൾ























## വിജയവാഡയിൽ നിന്നുള്ള ദൃശ്യങ്ങൾ















## ടെക്നിക്കൽ സെഷൻ



*ഡോ. വിജയകുമാർ*



*ഡോ. രാമാനന്ദം*



*ശ്രീകുമാർ പൊതുവാൾ*



*ഡോ. പി. ചൗഡപ്പ*

# Crop research centre to be ready by year-end

State government allots 60 acres for the purpose, says Minister



ICONUT | DAY ■ Special marketing facilities to sell coconut products abroad

# ₹1,427 crore to boost cultivation




ఆంధ్రజ్యోతి

అమరావతి



03/09/17 - Sakshi

# కొబ్బరి కళ.. మెరిసిన వేళ



కొబ్బరి





## అగ్రిహబ్‌గా ఆంధ్రప్రదేశ్: మంత్రి సోమిరెడ్డి







WORLD COCONUT DAY

# ₹1,427 cr spent for production of coconut-based products

EXPRESS NEWS SERVICE





సాక్షి 24|7

అమరావతి

ఆదివారం 3-9-2017


■ కొబ్బరి బొమ్మ



# സംസ്ഥാനത്ത് നാളികേര വർഷം പ്രഖ്യാപിച്ചു

● ആബെ ജേക്കബ്
ഡെപ്യൂട്ടി എഡിറ്റർ, നാളികേര വികസന ബോർഡ്, കൊച്ചി

**നാളികേര വികസന ബോർഡിന്റെ കൊച്ചിയിലുള്ള ആസ്ഥാനത്ത് 2017 സെപ്റ്റംബർ 2 നു നടന്ന നാളികേര ദിനാഘോഷച്ചടങ്ങുകളുടെ റിപ്പോർട്ട്**




1193 ചിങ്ങം 1 മുതൽ 1194 ചിങ്ങം ഒന്നു വരെ നാളികേര വർഷമായി ആചരിക്കാൻ സംസ്ഥാന ഗവൺമെന്റും കൃഷി വകുപ്പും തീരുമാനിച്ചതായി സംസ്ഥാന കൃഷി മന്ത്രി അഡ്വ. വിഎസ് സുനിൽ കുമാർ അറിയിച്ചു. ഇതിന്റെ ഭാഗമായി കേരകേരളം, സമൃദ്ധ കേരളം എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ തെങ്ങു കൃഷി മേഖലയിൽ കൂടുതൽ ഊന്നൽ നല്കിക്കൊണ്ടുള്ള കർമ്മ പരിപാടികൾ സംസ്ഥാന കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുമെന്നും മന്ത്രി തുടർന്നു. നാളികേര വികസന ബോർഡ് കൊച്ചി ആസ്ഥാനത്ത് സംഘടിപ്പിച്ച 19-ാം ലോക നാളികേര ദിനാഘോഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു മന്ത്രി. ഒക്ടോബർ മാസത്തിൽ നാളികേര കർഷകരുടെയും കമ്പനികളുടെയും വിദഗ്ധരുടെയും ശാസ്ത്രജ്ഞരുടെയും വിപുലമായ യോഗം കോഴിക്കോട്ട് വിളിച്ചു ചേർക്കുമെന്നും മന്ത്രി അറിയിച്ചു. കേരളത്തിലെ ആദ്യത്തെ നാളികേരാധിഷ്ഠിത അഗ്രോ പാർക്കിന്റെ പ്രവർത്തനങ്ങൾ കോഴിക്കോട്ട് പുരോഗമിക്കുകയാണ്. കോഴിക്കോടിനെ നാളികേര വിപണിയുടെ ഹബ്ബാക്കി മാറ്റാനും, വേങ്ങേരി കാർഷിക മാർക്കറ്റിനെ നാളികേരത്തിന്റെ വിപണനത്തിന് ഊന്നൽ നൽകുന്ന അന്താരാഷ്ട്ര വിപണിയാക്കാനും ഗവൺമെന്റ് ആലോചിക്കുന്നു - മന്ത്രി കൂട്ടി ചേർത്തു.

നാളികേര മേഖലയിൽ തനതായ കൃഷി രീതികൾ കൊണ്ടു ശ്രദ്ധേയരായ വെട്ടം മുഹമ്മദ്, സണ്ണി ജോസഫ്, ഡോമിനിക് എം.എം എന്നീ മൂന്നു കർഷക പ്രതിഭകളെ മന്ത്രി ചടങ്ങിൽ ആദരിച്ചു.

ചടങ്ങിൽ എറണാകുളം ലോക് സഭാഗം പ്രൊഫ. കെവി തോമസ് അധ്യക്ഷനായിരുന്നു. സംസ്ഥാന കേന്ദ്ര ഗവൺമെന്റുകൾ കൈകോർത്തു പിടിച്ച് നാളികേര മേഖലയുടെ അഭിവൃദ്ധിക്കായി പരിശ്രമിക്കണമെന്ന് പ്രൊഫ.കെ.വി തോമസ് എംപി അഭിപ്രായപ്പെട്ടു. കർഷകരിൽ നിന്ന് കൊപ്രയും പച്ചത്തേങ്ങയും സംഭരിച്ച് കേരഫെഡ് മികച്ച ഗുണമേന്മയുള്ള വെളിച്ചെണ്ണ ഉത്പാദിപ്പിച്ച് വിപണിയിൽ ഇറക്കണമെന്ന് കെവി തോമസ് പറഞ്ഞു. കേരമേഖലയുടെ വളർച്ചയ്ക്ക് ഈ ദിനാചരണം ഉപകരിക്കട്ടെ എന്നും എം പി ആശംസിച്ചു.

എറണാകുളം എംഎൽഎ ഹൈബി ഈഡൻ നാളികേര വികസന ബോർഡിന്റെ പ്രസിദ്ധീകരണങ്ങളായ ഇന്ത്യൻ നാളികേര ജേണൽ, ഇന്ത്യൻ കോക്കനട്ട് ജേണൽ എന്നിവയുടെ പ്രത്യേക പതിപ്പുകളുടെ പ്രകാശനം ചടങ്ങിൽ നിർവഹിച്ചു. മികച്ച സംരംഭകർക്കുള്ള ബോർഡിന്റെ സബ്സിഡി വിതരണം ബോർഡ് വൈസ് ചെയർമാൻ ശ്രീ. പിസി മോഹനൻ മാസ്റ്ററും മികച്ച നടീൽ വസ്തുക്കളുടെ വിതരണം ബോർഡ് അംഗം ശ്രീ പി ആർ മുരളീധരനും നിർവഹിച്ചു. കേരഫെഡ് ചെയർമാൻ അഡ്വ. ജെ വേണുഗോപാലൻ നായർ, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം കായംകുളം കേന്ദ്രം ഡയറക്ടർ ഡോ. ആർ കൃഷ്ണകുമാർ, കൃഷി വകുപ്പ് ഡയറക്ടർ ശ്രീ എഎം സുനിൽ കുമാർ എന്നിവർ ആശംസകൾ നേർന്നു. നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ആർ ജ്ഞാനദേവൻ സ്വാഗതവും അസിസ്റ്റന്റ് ഡയറക്ടർ ശ്രീ കെഎസ് സെബാസ്റ്റ്യൻ നന്ദിയും പറഞ്ഞു.

തുടർന്നു നടന്ന കേര സെമിനാറിൽ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. സി തമ്പാൻ, നാളികേര വികസന ബോർഡ് മുൻ ഡയറക്ടർ ഡോ.രമണി ഗോപാലകൃഷ്ണൻ എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. മുൻ മുഖ്യ നാളികേര വികസന ഓഫീസർ ഡോ. എം തോമസ് മാത്യു മോഡറേറ്ററായിരുന്നു.

കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നായി പ്രത്യേകം ക്ഷണിക്കപ്പെട്ട 200 ലധികം നാളികേര കർഷകർ ചടങ്ങിൽ പങ്കെടുത്തു. ■




# "കോഴിക്കോടിനെ നാളികേര ഉത്പാദന ഹബ്ബാക്കും ഉത്പാദക കമ്പനികളെ പ്രോത്സാഹിപ്പിക്കും"

● **അഡ്വ. വി. എസ്. സുനിൽകുമാർ,** സംസ്ഥാന കൃഷി വകുപ്പ് മന്ത്രി

**നാളികേര വികസന ബോർഡിന്റെ കൊച്ചിയിലുള്ള ആസ്ഥാനത്ത് 2017 സെപ്റ്റംബർ 2 നു നടന്ന നാളികേര ദിനാഘോഷച്ചടങ്ങുകൾ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസ്ഥാന കൃഷി വകുപ്പ് മന്ത്രി അഡ്വ. വി. എസ്. സുനിൽകുമാർ നടത്തിയ പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ**

സെപ്റ്റംബർ 2 ലോക നാളികേര ദിനമായി കഴിഞ്ഞ 19 കൊല്ലമായി ആചരിച്ചുവരികയാണ്. അതിന്റെ ഭാഗമായി ദേശീയ തലത്തിലുള്ള നാളികേര ദിനാചരണ പരിപാടി വിജയവാഡയിലാണ് നടക്കുന്നത്. സംസ്ഥാനതലത്തിൽ നടക്കുന്ന ആഘോഷ പരിപാടിയുടെ ഉൽഘാടനം കൊച്ചിയിലെ കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡിന്റെ ആസ്ഥാനത്തും നടക്കുകയാണ്. നിങ്ങളുടെ എല്ലാവരുടേയും അനുവാദത്തോടുകൂടി ലോക നാളികേര ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഔപചാരികമായി നിർവ്വഹിക്കപ്പെട്ടതായി ഞാൻ പ്രഖ്യാപിക്കുകയാണ്.

കേരളത്തിന്റെ പേരു തന്നെ ഉൽഭവിച്ചിരിക്കുന്നത് നാളികേരത്തിൽ നിന്നാണ്. ഇന്ത്യയിൽ ഇന്നും നാളികേരത്തിന്റെ ഉൽപാദനത്തിന്റെ എണ്ണമൊക്കെ പരിശോധിക്കുമ്പോൾ കേരളം വളരെ മുമ്പിലാണെങ്കിലും ഉൽപാദനക്ഷമതയുടെ കാര്യത്തിൽ കഴിഞ്ഞ വർഷം വരെ മൂന്നാം സ്ഥാനത്തും നാലാം സ്ഥാനത്തുമായിരുന്നു. ഏകദേശം 7900 നാളികേരം മാത്രം ഒരു ഹെക്ടറിൽ നമ്മൾ ഉൽപാദിപ്പിക്കുമ്പോൾ തമിഴ്നാട്ടിലും കർണ്ണാടകയിലും ആന്ധ്രാപ്രദേശിലുമെല്ലാം അത് 14000, 13000, 9000 ഒക്കെയായി നിൽക്കുകയാണ്. നമ്മുടെ നാളികേര ഉൽപാദനക്ഷമത താഴേക്കു വന്നുകൊണ്ടിരിക്കുന്ന സാഹചര്യമായിരുന്നു. നാളികേര മേഖലയിൽ കേരളത്തിനു മുന്നോട്ടുപോകാൻ കുറച്ച് കാലങ്ങളായി സാധിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ നേരിയ വർദ്ധ



നവ് ഉൽപാദനക്ഷമതയുടെ കാര്യത്തിൽ ഉണ്ടായിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ കഴിയുന്നുണ്ട്.

പക്ഷെ നമ്മൾ ഉൽപാദിപ്പിക്കുന്ന നാളികേരത്തിന്റെ 5 ശതമാനം പോലും മൂല്യവർദ്ധിത മേഖലയിലേക്ക് കൊണ്ടു വരാൻ നമുക്ക് സാധിച്ചിട്ടില്ല. കോക്കനട്ട് ഡവല്പ്പമെന്റ് ബോർഡിന്റെ നേതൃത്വത്തിൽ നീര ഉൽപാദനം അടക്കമുള്ള ചില പ്രവർത്തനങ്ങൾ നിരവധി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളുണ്ടാക്കിക്കൊണ്ടു കേരളത്തിൽ നടന്നു. എന്നാൽ ആ സ്വപ്നം യാഥാർത്ഥ്യമാക്കുന്ന നിലയിലേക്കുള്ള വളർച്ച നമുക്കു നേടിയെടുക്കാൻ സാധിച്ചിട്ടില്ല. അത് ഒരു വസ്തുതയാണ്. ഈ സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളുമായി ഒരു മീറ്റിംഗ് വിളിച്ച്, അവരുടെ പ്രശ്നങ്ങളെല്ലാം ചർച്ച ചെയ്യുകയുണ്ടായി. നിരവധി വിഷയങ്ങൾ ആ മീറ്റിംഗിൽ കർഷകരുടെ കമ്പനികൾ ഞങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചു.

കോഴിക്കോടിനെ നാളികേരത്തിന്റെ ഹബ്ബാക്കി മാറ്റും. മദ്ധ്യകേരളത്തിലെ അല്ലെങ്കിൽ വടക്കൻ കേരളത്തിലെ പ്രധാനപ്പെട്ട നാളികേര ഉൽപാദന കേന്ദ്രം എന്ന നിലയിൽ കോഴിക്കോടിനെ തിരഞ്ഞെടുത്തുകൊണ്ട് വേങ്ങേരി മാർക്കറ്റിനെ നാളികേരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നാളികേര മാർക്കറ്റാക്കി മാറ്റാനുള്ള നടപടികളിലേക്ക് സംസ്ഥാന കൃഷി വകുപ്പ് നീങ്ങുകയാണ്. ഇതിന്റെ ഭാഗമായി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളുടെ ഉൽപന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിനും അവരെ സാങ്കേതികമായി സഹായിക്കുന്നതിനും അവരുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതുൾപ്പെടെയുള്ള നിരവധി പരിപാടികളാണ് നാളികേര വർഷത്തിന്റെ ഭാഗമായി സംസ്ഥാന കൃഷി വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

അതിന് നാളികേര വികസന ബോർഡും കൃഷി വകുപ്പും തമ്മിൽ നാം ഉദ്ദേശിക്കുന്ന രീതിയിലുള്ള ഒരു ആത്മബന്ധത്തിലേക്ക് വരണം. കേന്ദ്രഗവൺമെന്റുസ്ഥാപനം എന്ന നിലയിൽ നിരവധിയായ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നത് നാളികേര വികസന ബോർഡിനാണ്, കഴിഞ്ഞ ദിവസം ബഹുമാന്യനായ കേന്ദ്ര കൃഷി വകുപ്പു മന്ത്രിയെക്കണ്ട് ചർച്ച ചെയ്യാനുള്ള അവസരമുണ്ടായപ്പോൾ ഞങ്ങൾ ഈ കാര്യം സൂചിപ്പിക്കുകയുണ്ടായി. അത് സിഡി.ബിയുമായി ബന്ധപ്പെട്ടുമാത്രമല്ല കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ കാർഷിക ഡിപ്പാർട്ടുമെന്റുമായും എല്ലാ ബോർഡുകളുമായുള്ള ബന്ധം നമുക്ക് ഇവിടെ സ്ഥാപിച്ച് എടുക്കേണ്ടതുണ്ട്. ഒരുമിച്ചു ചേർന്ന് മുന്നോട്ടുപോയാൽ മാത്രമേ നമ്മൾ ഉദ്ദേശിക്കുന്ന ലക്ഷ്യത്തിലേക്കെത്തിച്ചേരാൻ കഴിയൂള്ളൂ. കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡിന്റെ പ്രവർത്തനങ്ങൾ സംസ്ഥാന കൃഷി വകുപ്പുമായി, സിപിസിആർഐ അടക്കമുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് മുന്നോട്ടു കൊണ്ടു പോകണമെന്നാണ് ആഗ്രഹിക്കുന്നത്.

കഴിഞ്ഞ ദിവസം എക്സൈസ് വകുപ്പു മന്ത്രിയും കൃഷി വകുപ്പും മറ്റെല്ലാവരും ചേർന്ന് ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. ആ മീറ്റിംഗിൽ നീര ഉൽപാദനം മാത്രമല്ല നാളികേര വെള്ളത്തിൽ നിന്ന് അടക്കം ഉൽപാദിപ്പിക്കുന്ന മറ്റുൽപ്പന്നങ്ങളെ സംബന്ധിച്ചും ഞങ്ങൾ ചർച്ച നടത്തുകയുണ്ടായി. നാളികേരത്തിൽ നിന്നു മാത്രമല്ല, കേരളത്തിന്റെ തനതായ വിഭവങ്ങളിൽ നിന്നും വൈൻ ഉൽപാദിപ്പിക്കുന്നതടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ചുള്ള ചർച്ച ഞങ്ങൾ നടത്തുകയും, അതുമായി ബന്ധപ്പെട്ട പ്രോജക്ട് സമർപ്പിക്കാൻ കാർഷിക സർവ്വകലാശാലയോട് ആവശ്യപ്പെടുകയും ചെയ്തു. ഇന്നലെ ആ പ്രോജക്ട് കാർഷിക സർവ്വകലാശാല എക്സൈസ് ഡിപ്പാർട്ടുമെന്റിനും കൃഷി വകുപ്പിനും സമർപ്പിച്ചു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നീര അടക്കമുള്ള ഉൽപന്നങ്ങളിൽ നിന്നും എന്തൊക്കെ മൂല്യ വർധിത ഉത്പ്പന്നങ്ങൾ ഉൽപാദിപ്പിക്കുവാൻ കഴിയുമോ, അതിനാവശ്യമായിട്ടുള്ള തീരുമാനങ്ങളുമായി നാം മുന്നോട്ടു പോകും.

ഇവിടെ പ്രധാന പശ്നം നമ്മുടെ കാർഷിക വിഭവങ്ങളിൽ എത്ര ശതമാനം നമ്മൾ മൂല്യ വർദ്ധിത മേഖലയിലേക്ക് കൊണ്ടു വരുന്നു എന്നതാണ്. നാളികേരാധിഷ്ഠിത വ്യവസായ ശൃംഖലകൾ ഗണ്യമായ തോതിൽ വളർച്ച നേടിയിട്ടുള്ള സംസ്ഥാനങ്ങളിലും നാടുകളിലുമാണ് കർഷകർക്ക് നാളികേരത്തിന് നല്ല വില കിട്ടിക്കൊണ്ടിരിക്കുന്നത്. അത് ശ്രീലങ്കയിലാണെങ്കിലും മറ്റ് ഏത് രാജ്യത്താണെങ്കിലും അവിടെയെല്ലാം അവരുൽപാദിപ്പിക്കുന്ന നാളികേരത്തിന്റെ 30 ഉം 40 ഉം ശതമാനം മൂല്യവർദ്ധിത മേഖലയിലേക്ക് പോകുന്നു എന്നത് സത്യമാണ്. നമുക്കറിയാം കഴിഞ്ഞ വർഷം ഞങ്ങൾ ഇവിടെ ഒരു വർക്ക് ഷോപ്പ് സംഘടിപ്പിച്ചു. മൂല്യ വർദ്ധിത മേഖലയുമായി വലിയ അന്താരാഷ്ട്ര വർക്ക് ഷോപ്പ് 5 ദിവസം തിരുവനന്തപു

രത്താണ് നടന്നത്. അതിൽ പ്രധാനമായി ഞങ്ങൾ ചർച്ച ചെയ്തത് നാളികേരവുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത മേഖലയുടെ സാധ്യതകളാണ്. പല അന്താരാഷ്ട്ര സംഘടനകളും ആ മീറ്റിംഗിൽ പങ്കെടുത്തു. പല രാജ്യങ്ങളിൽ നിന്നുള്ള നാളികേരോൽപന്നങ്ങളുമായി ബന്ധപ്പെട്ടുള്ള വ്യവസായികൾ ആ വർക്ക് ഷോപ്പിന് എത്തി. ഇന്ത്യയിൽ നിന്നു തന്നെ പല സ്റ്റേറ്റുകളിൽ നിന്നുള്ള ആളുകൾ ആ വർക്ക്ഷോപ്പിൽ പങ്കെടുക്കാൻ വന്നു. എന്നെ അത്ഭുതപ്പെടുത്തിയ കാര്യം സിഡിബിയുടെ സഹായത്തോടുകൂടി ഡൽഹി കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ചെറുപ്പക്കാരനായ ഒരു വ്യവസായി, അന്താരാഷ്ട്ര നിലവാരമുള്ള 29 തരം ഉൽപന്നങ്ങളാണ് നാളികേരത്തിൽ നിന്നും നിർമിച്ചു കൊണ്ട് മാർക്കറ്റ് കയ്യടക്കിയിരിക്കുന്നത്. അയാളെ ഞങ്ങൾ ക്ഷണിച്ചു. കേരളത്തിലേക്കു വന്നപ്പോഴാണ് എന്നോടു പറഞ്ഞത്, അയാൾ ചെയ്യുന്നത് നാളികേരാധിഷ്ഠിതമായ വ്യവസായമാണ് എന്ന്. നാളികേരത്തിൽ നിന്നും വിവിധ തരം ഉൽപന്നങ്ങൾ, സൗന്ദര്യ വർദ്ധക വസ്തുക്കൾ, നാളികേരത്തിൽ നിന്നും വെർജിൻ കോക്കനട്ട് ഓയിലിൽ നിന്നും ഉൽപാദിപ്പിക്കുന്ന വിവിധതരം ഔഷധങ്ങൾ ഇവയെല്ലാം അയാൾ നിർമ്മിക്കുന്നുണ്ട്. അയാൾ എന്നോട് പറഞ്ഞു, നാളികേരം കൃഷി ചെയ്യുന്ന നാട്ടിൽ ആദ്യമായിട്ടാണ് ഞാൻ വരുന്നത് എന്ന്. ഒരു തെങ്ങു പോലും ശരിക്ക് കാണാത്ത ആളാണ് ഈ വ്യവസായം ഏറ്റവും ശക്തമായി മുന്നോട്ടു കൊണ്ടു പോയിക്കൊണ്ടിരിക്കുന്നത്. സത്യം പറഞ്ഞാൽ നാണക്കേടായി. കാരണം കേരളത്തിൽ ആ രീതിയിലൊരു വ്യവസായശൃംഖല വളർത്തിയെടുക്കാൻ നമുക്ക് സാധിച്ചിട്ടില്ല.

കേരളത്തെപ്പോലൊരു സംസ്ഥാനത്തിന് ഉണ്ടായിരിക്കുന്നത് രണ്ടു തിരിച്ചടികളാണ്. ഒന്ന് റബറിന്റെ കാര്യത്തിലാണ്. ഇന്ത്യയിലെ റബറിന്റെ 80- 90 ശതമാനം ഉത്പാദിപ്പിക്കുന്ന കേരളത്തിൽ റബ്ബറധിഷ്ഠിതമായ ശ്രദ്ധിക്കപ്പെടുന്ന ഒരു വ്യവസായവും നമുക്കുണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടില്ല. അന്താരാഷ്ട്ര തലത്തിൽ ഉണ്ടാകുന്ന റബറിന്റെ വില പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു എന്നല്ലാതെ റബ്ബറധിഷ്ഠിതമായ വ്യവസായശൃംഖല കേരളത്തിൽ ഉണ്ടാക്കിയെടുക്കാൻ എന്തുകൊണ്ടു സാധിച്ചില്ല എന്നതുപോലെ തന്നെ നാം ചിന്തിക്കേണ്ട ഒരു കാര്യമാണ് നാളികേരാധിഷ്ഠിതമായ വ്യവസായവും. അതും നമുക്ക് കഴിഞ്ഞില്ല. ഒന്നും ചെയ്തിട്ടില്ല എന്നു പറയാൻ കഴിയില്ല. ഒരുപാടുകാര്യങ്ങൾ ചെയ്തിട്ടുണ്ട്. കേരളത്തിൽ നിന്ന് നിരവധി ഉൽപന്നങ്ങൾ ഉണ്ടായി വരുന്നുണ്ട് . പക്ഷേ അതിനെല്ലാം ഏകോപനം ഉണ്ടാകേണ്ടതുണ്ട്. ഇൻഡസ്ട്രി എന്ന നിലയിൽ അതിന്റെ മികച്ച സാങ്കേതിക വിദ്യ ലഭ്യമാകേണ്ടതുണ്ട്, അതിലൊരു മാർക്കറ്റിംഗ് സംവിധാനം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ആ രീതിയിലാണ് സംസ്ഥാന ഗവൺമെന്റ് മുമ്പോട്ടു പോകുന്നത്.

കേര ഫെഡും നാളികേര വികസന കോർപ്പറേഷനും സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് സ്ഥാപനങ്ങളാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നാളികേര വികസന കോർപ്പറേഷൻ പൂട്ടിക്കിടക്കുകയായിരുന്നു. അതിപ്പോൾ തുറന്ന് അതിന്റെ സ്ഥാപനങ്ങൾ വീണ്ടും കോക്കനട്ട് ഷോപ്പീ എന്ന പേരിൽ ആരംഭിക്കുന്ന പദ്ധതിയുടെ ഉൽഘാടനം തിരുവനന്തപുരത്ത് നടക്കുകയുണ്ടായി. എല്ലാ ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനികളുമായി ചേർന്ന് സഹകരിച്ചു മുന്നോട്ടു പോകാൻ വേണ്ടി ഒരു ശൃംഖല തന്നെ ആരംഭിക്കാൻ കൃഷി വകുപ്പു തീരുമാനിച്ചത് അതിന്റെ കൂടി അടിസ്ഥാനത്തിലാണ്.

നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങളുണ്ടാക്കാൻ വേണ്ടി ആദ്യം വി. വി. രാഘവന്റെ കാലത്ത് ആരംഭിച്ചതാണ് കേര ഫെഡ്. 65 കോടി രൂപ ലാഭത്തിൽ പ്രവർത്തിച്ച കേര ഫെഡ് 65 കോടി രൂപ നഷ്ടത്തിലേക്കെത്തി. ഇപ്പോൾ ഞങ്ങളതിന്റെ ഉൽപാദനം വർദ്ധിപ്പിച്ചു. ഉൽപാദനം കഴിഞ്ഞ ഒരു വർഷത്തിനകം മൂന്നിരട്ടിയിലധികമാക്കി. റണ്ണിംഗ് പ്രോഫിറ്റിലേക്ക് കേര ഫെഡിനെ കൊണ്ടു വരാൻ കഴിഞ്ഞു. കേരഫെഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഏകോപിപ്പിക്കാനും കൂടുതൽ ശക്തിപ്പെടുത്താനും വേണ്ടിയിട്ടുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന ഗവൺമെന്റ് ചെയ്യുന്നത്. ആ രീതിയിൽ സിഡിബി ഒരു പാടുകാര്യങ്ങൾ ചെയ്യുന്നുണ്ട്. സി.ഡി.ബി യുടേതായിട്ടുള്ള രീതിയിൽ അത് ചെയ്തുകൊണ്ടിരിക്കുകയാണ്. അതിലൊരു ആലോചനയും കൂടിയാലോചനയും നമുക്കാവശ്യമാണ്. കേന്ദ്ര കൃഷി വകുപ്പ് മന്ത്രി എന്നോട് പറഞ്ഞത് കേന്ദ്ര ഗവൺമെന്റിന്റെ സ്ഥാപനങ്ങളെല്ലാം തന്നെ അതാത് സ്റ്റേറ്റുകളിലെ ഗവൺമെന്റുകളുമായി ബന്ധപ്പെട്ടുകൊണ്ടു പ്രവർത്തിക്കണമെന്നാണ് കേന്ദ്ര ഗവൺമെന്റ് നൽകിയിരിക്കുന്ന നിർദ്ദേശം. ആ നിർദ്ദേശം നന്നായി പരിപാലിക്കപ്പെടണം. അതാണ് പ്രധാനപ്പെട്ട ആവശ്യം. കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങൾ അവരുടേതായ രീതിയിൽ മാത്രം മുന്നോട്ടു പോയാൽ പോരാ. സംസ്ഥാന ഗവൺമെന്റ് അങ്ങനെ മുന്നോട്ടു പോയാൽ പോരാ. അതുകൊണ്ട് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ പൊതുവായ സ്ഥാപനങ്ങൾ ഏകോപനത്തോടുകൂടി മുന്നോട്ടു പോയാൽ നാളികേര മേഖലയിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയും. അതാണ് കേര വർഷത്തിന്റെ ഭാഗമായി ഗവൺമെന്റ് ഉദ്ദേശിക്കുന്ന കാര്യം.

ഉൽപാദന ക്ഷമതയുള്ള പുതിയ തെങ്ങിൻ തൈകൾ വ്യാപകമായി ഈ ഒരു കൊല്ലം കൊണ്ട് നമുക്ക് വച്ച് പിടിപ്പിക്കണം. ദശലക്ഷക്കണക്കിന് തെങ്ങിൻ തൈകൾ ഇവിടെ പുതു



തായി നമുക്ക് വച്ചു പിടിപ്പിക്കാൻ സാധിക്കണം. ഉൽപാദന ക്ഷമത വർദ്ധിപ്പിക്കണം. ഉൽപാദനക്ഷമതയും ഉൽപാദനവും വർദ്ധിപ്പിച്ചാൽ മാത്രം പോരാ, ഇന്നുൽപാദിപ്പിക്കുന്ന നാളികേരത്തിന്റെ 20 ശതമാനമെങ്കിലും മൂല്യ വർദ്ധിത മേഖലയിലേക്ക് നമുക്ക് എത്തിക്കാൻ കഴിയുന്ന രീതിയിൽ ഗവൺമെന്റ് ഇപ്പോൾ ആസൂത്രണം നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ നമുക്ക് മുന്നോട്ടു പോകാൻ കഴിഞ്ഞാൽ ഒരു കൊല്ലത്തിനകം കേരളത്തിൽ വലിയ മാറ്റങ്ങൾ വരുത്താൻ കഴിയും.

നമ്മുടെ കാർഷിക മേഖലയുടെ ഉൽപാദനത്തകർച്ചയുടെ പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് നാളികേര കൃഷിയിലുണ്ടായിട്ടുള്ള തകർച്ചയാണ്. ഗ്രോത്ത് റേറ്റ് എടുത്തു പരിശോധിച്ചാൽ കൃഷി എന്നു പറയുന്നത് നെഗറ്റീവിലാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്കു പ്രകാരം മൈനസിലാണ്. -2.49 ആണ് നമ്മുടെ ഗ്രോത്ത് റേറ്റ്. ഇത് താഴേ നിന്നും മുകളിലോട്ടു വരണമെങ്കിൽ ഏറ്റവും പ്രധാനമായി ഊന്നൽ നൽകേണ്ട മേഖല നാളികേര കൃഷി യാണ്. അതുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് ഈ മേഖലയെ ഏറ്റെടുത്തുകൊണ്ട് മുന്നോട്ടു പോകാൻ തീരുമാനിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തേക്കാൾ അധികം പണം തെങ്ങു കൃഷിക്കുവേണ്ടി മാറ്റി വച്ചിരിക്കുകയാണ്. ഈ വർഷം 44 കേര ഗ്രാമങ്ങളാണ് ആരംഭിച്ചിരിക്കുന്നത്. അടുത്ത വർഷം അതിനേക്കാൾ അധികം കേര ഗ്രാമങ്ങൾ ആരംഭിക്കും. പ്രശ്നമെന്താണെന്നു വച്ചാൽ നമ്മുടെ കേര ഗ്രാമം പരിപാടി ഒരു കൊല്ലത്തെ പദ്ധതിയാണ്. ഒരു കൊല്ലത്തെ പദ്ധതി എന്നു പറഞ്ഞാൽ കേര കൃഷിയെ സംബന്ധിച്ച് ശരിയായ രീതിയല്ല എന്നാണ് ഞങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ കേരഗ്രാമം പദ്ധതിക്കുവേണ്ടി ഓരോ പഞ്ചായത്തും ഒരു വർഷക്കാലത്തേക്കുള്ള പരിപാടി കൊടുക്കുക എന്നതല്ല ഇനിയുള്ള നടപടി. കായംകുളത്തും, കാസർഗോഡുമൊക്കെയുള്ള സ്ഥാപനങ്ങളിൽ പോയപ്പോൾ തെങ്ങിനൊപ്പമുള്ള ഇടവിളകളുമായി ബന്ധപ്പെട്ട് ഒരുപാട് പഠനം നടക്കുന്നതായി കണ്ടു. നമ്മുടെ കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങൾ നാളികേര കൃഷിയുമായി ഒരുപാട് ഗവേഷണങ്ങളും ഒരുപാട് ടെക്നോളജികളും ആവിഷ്ക്കരിക്കുന്നുണ്ട്. പക്ഷേ പലപ്പോഴും നമുക്ക് നമ്മുടെ പല ഗവേഷണ ഫലങ്ങളും പല ടെക്നോളജികളും വേണ്ട വിധത്തിൽ കൃഷിക്കാരിലേക്ക് എത്തിക്കാൻ സാധിക്കുന്നില്ല. കുറവുകളുണ്ട് എന്നുള്ളത് വസ്തുതയാണ്. കുറവുകൾ ഉണ്ട് എന്നു പറഞ്ഞ് മുന്നോട്ടു പോവുകയല്ല, കുറവുകൾ പരിഹരിക്കാൻ കഴിയുക എന്ന ആലോചനയാണ് ഞാൻ പറഞ്ഞ രണ്ട് വിഭാഗവും തമ്മിൽ ഒത്തൊരുമിച്ചുള്ള പ്രവർത്തനം.

നമ്മുടെ സർവ്വകലാശാലയുടെ സ്ഥിതി ഇതു തന്നെയാണ്. കാർഷിക സർവ്വകലാശാല ഒരുപാട് മാറ്റം വരുത്താൻ ശ്രമിക്കുന്നുണ്ട്. കാർഷിക സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങളുടെ എത്ര ശതമാനം കൃഷിക്കാരിലേക്ക് എത്തുന്നുണ്ട്. എത്ര ശതമാനം കൃഷിക്കാർ അറിയുന്നുണ്ട്. ഗവേഷകന്മാരുടെ ചിന്താഗതി എന്നു പറയുന്നത് അവർ ഗവേഷണത്തിനുവേണ്ടി ഗവേഷണം നടത്തുന്നവരാണ്. അവരോട് ഞങ്ങൾ അഭ്യർത്ഥിച്ചിരിക്കുന്നത് ഗവേഷണത്തിനുവേണ്ടിയുള്ള ഗവേഷണമല്ല കർഷകർക്കു വേണ്ടിയുള്ള ഗവേഷണമാണ് നടത്തേണ്ടത്, കൃഷിക്കുവേണ്ടിയുള്ള ഗവേഷണമാണ് നടത്തേണ്ടത് എന്നാണ് അല്ലാതെ ഒരു ഗവേഷകനെ സംബന്ധിച്ചുള്ള ഗവേഷണത്തിനുവേണ്ടി ഒരു ഗവേഷണം നടത്തുക ചില കാര്യങ്ങൾ കണ്ടു പിടിച്ചെന്നു പറയുക അത് പത്രത്തിൽ വരുന്നതോടു കൂടി അവസാനിപ്പിക്കുക എന്ന നിലയിലേക്കല്ല നമ്മുടെ കാര്യങ്ങൾ മുന്നോട്ടു വരേണ്ടത്.

തെങ്ങുകൃഷിയുമായി ബന്ധപ്പെട്ട്, തെങ്ങ് നടുന്നത് മുതൽ തേങ്ങ പറിക്കുന്നത് വരെ പല പ്രശ്നങ്ങളാണ് നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്നത്. ഷിക്കാഗോയിൽ പോയപ്പോൾ പല കൃഷിക്കാരുമായി ബന്ധപ്പെട്ട് ഒരു ചർച്ച നടത്തി. അവർ പറഞ്ഞ ഒരു കാര്യം വെളിച്ചെണ്ണയ്ക്ക് ഇന്ന് വൻ ഡിമാന്റാണ് അമേരിക്ക പോലുള്ള രാജ്യങ്ങൾ കൊടുക്കുന്നത് എന്നാണ്. വെർജിൻ കോക്കനട്ട് ഓയിൽ അവർ ദിവസവും ഭക്ഷണത്തിന്റെ ഭാഗമായി മരുന്നു പോലെ കഴിച്ചുകൊണ്ടിരിക്കുകയാണ്. സൂപ്പർ ഫുഡിന്റെ ഗണത്തിലേക്ക് വെർജിൻ കോക്കനട്ട് ഓയിൽ അവിടെ സ്ഥാനം പിടിച്ചിരിക്കുകയാണ്. വെളിച്ചെണ്ണ ആരോഗ്യത്തിന് ഹാനികരമാണെന്നുള്ള പ്രചരണം കഴിഞ്ഞ കുറെ കാലങ്ങളായി കുറെ ഹൃദയ രോഗ വിദഗ്ധന്മാർ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഹാർട്ട് അറ്റാക്ക് ഉണ്ടാകുന്നത് ഇതുകൊണ്ടാണെന്ന് പറഞ്ഞു വെളിച്ചെണ്ണയെ തകർക്കാനുള്ള ബോധപൂർവ്വമായ പ്രവണത നമ്മുടെ നാട്ടിലെ ഡോക്ടർമാർക്കിടയിലുണ്ട്. ഞാൻ അതിൽ ശക്തമായി പ്രതിഷേധം രേഖപ്പെടുത്തുകയാണ്. ഒരു ലോബിയുടെ ഭാഗമായിട്ടാണ് പല ഡോക്ടർമാരും വെളിച്ചെണ്ണയ്ക്ക് എതിരായിട്ടുള്ള പ്രചരണം നടത്തിയത്. അത് കർഷക വിരുദ്ധമായ പ്രചരണമായിരുന്നു. അസത്യ ജഢിലമായ പ്രചരണമായിരുന്നു. അതുകൊണ്ട് വെളിച്ചെണ്ണയുടെ ശാസ്ത്രീയമായ ഗുണഗണങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയിട്ടുള്ള പണം ഈ ബഡ്ജറ്റിൽ തന്നെ ഗവൺമെന്റ് മാറ്റി വച്ചിരിക്കുകയാണ്. അതിനാവശ്യമായ നടപടികളിലേക്ക് നാളികേര വർഷത്തിൽ കടക്കാൻ പോകുകയാണ്. കാരണം ഇപ്പോൾ ലോകമെമ്പാടും എല്ലാ സ്ഥലത്തും വെളിച്ചെണ്ണ ആരോഗ്യത്തിന്, ഹൃദയത്തിന് ഏറ്റവും ശക്തിയുണ്ടാക്കുന്ന ഭക്ഷ്യവസ്തുവാണ് എന്ന് കണ്ടുപിടിച്ചിരിക്കുന്നു. പണ്ട് വെളിച്ചെണ്ണ കൊണ്ടുള്ള ഒരു ഭക്ഷണവും ഉപയോഗിക്കാൻ പാടില്ല, വെളിച്ചെണ്ണ തേക്കാൻ പോലും പാടില്ല എന്നു പറഞ്ഞു കൊണ്ടിരുന്ന ഡോക്ടർമാരുണ്ടായിരുന്നു നമ്മുടെ നാട്ടിൽ. ഇതൊക്കെ എഡിബിൾ ഓയിലിന്റെ ലോബികൾക്കുവേണ്ടി നടത്തിയിട്ടുള്ള പ്രചരണങ്ങളാണ്. അതിന് മാറ്റം വരുത്താൻ നമുക്ക് സാധിക്കണം. ആ രീതിയിൽ കേര കേരളം സമൃദ്ധകേരളം എന്ന മുദ്രാവാകൃത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിളയായിരിക്കുന്ന നാളികേരം എന്ന ഈ ഉൽപന്നത്തെ നമ്മുടെ ഉൽപാദന മേഖലയിലെ നെറുകയിലേക്ക് കൊണ്ടുവരാനും അതുമായി ബന്ധപ്പെടുത്തികൊണ്ട് വൻ തൊഴിൽ സാധ്യതകൾ ഉയർത്തിക്കൊണ്ടു വരാനും നമുക്കു സാധിക്കണം.

ഇപ്പോൾ ആരംഭിച്ചിരിക്കുന്ന 29 ഫാർമർ പ്രോഡ്യൂസേഴ്സ് കമ്പനികളുടെ പരാതികളെല്ലാം ഗവൺമെന്റ് പരിഹരിക്കും. പരിഹരിക്കുകമാത്രമല്ല അവരെയാണ് പ്രധാനമായി ഗവൺമെന്റ് ഇതിന്റെ നേതൃനിരയിൽ നിർത്താൻ ഉദ്ദേശിക്കുന്നത്. ആ രീതിയിൽ നമ്മുടെ സംസ്ഥാനത്ത് പ്രൊഡ്യൂസേഴ്സ് കമ്പനികളെ ശക്തമായി പിൻതുണച്ചുകൊണ്ട് അവരുടെ നേതൃത്വത്തിൽ കേര വർഷത്തോടുകൂടി ഇപ്പോഴുള്ള കുറവുകൾ കൂടി പരിഹരിച്ച് മുന്നോട്ടു പോകാൻ കഴിയണം. അതിനുവേണ്ടിയാണ് ചർച്ച നടത്തണമെന്ന് ആഗ്രഹിക്കുകയും കോഴിക്കോട് ഒരു കൺവെൻഷൻ ചേർന്ന് അതുമായി ബന്ധപ്പെട്ട് ചെയ്യാൻ കഴിയുന്നത് എന്തൊക്കെയാണെന്ന് തീരുമാനങ്ങളെടുത്ത് മുന്നോട്ടു പോകണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുകയും ചെയ്യുന്നത്. അന്താരാഷ്ട്ര നാളികേര ദിനം ആചരിക്കുമ്പോൾ അതിന്റെ മഹിമയും പ്രാധാന്യവും ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടു പോകാൻ സാധിക്കട്ടെ എന്ന് അഭ്യർത്ഥിക്കുന്നു.

തയ്യാറാക്കിയത്: സി.ഡി.ബി. ന്യൂസ് ബ്യൂറോ ■




# "കേരഫെഡ് പച്ചത്തേങ്ങ സംഭരിക്കണം, നിലവാരമുള്ള വെളിച്ചെണ്ണ ഉത്പാദിപ്പിച്ച് വിപണിയിൽ ഇറക്കണം"

● പ്രൊഫ. കെ. വി. തോമസ്, എംപി

**നാളികേര വികസന ബോർഡിന്റെ കൊച്ചിയിലുള്ള ആസ്ഥാനത്ത് 2017 സെപ്റ്റംബർ 2 നു നടന്ന നാളികേര ദിനാഘോഷച്ചടങ്ങിൽ പ്രൊഫ. കെ. വി. തോമസ് എംപി നടത്തിയ അധ്യക്ഷ പ്രസംഗത്തിന്റെ പ്രസക്ത ഭാഗം**

കേരളത്തെ സംബന്ധിച്ചിടത്തോളം തെങ്ങിന്റെ നാട് എന്ന് നാം അറിഞ്ഞിരുന്നെങ്കിലും തെങ്ങു കൃഷി ഇന്ന് ശാസ്ത്രീയമായും ലാഭകരമായും നടക്കുന്നത് നമ്മുടെ തൊട്ടടുത്ത സംസ്ഥാനങ്ങളായ തമിഴ്നാട്ടിലും ആന്ധ്രയിലും ഒറീസ്സയിലും ഇപ്പോൾ പശ്ചിമബംഗാളിലുമാണ്. വളരെ ശാസ്ത്രീയമായിട്ടാണ് കൃഷി നടക്കുന്നത്. അത് ലാഭകരമാക്കാനും കഴിഞ്ഞിട്ടുണ്ട്. നമ്മുടെ തൊട്ടടുത്തുള്ള കോയമ്പത്തൂരു കഴിഞ്ഞു നോക്കിയാൽ പല സ്ഥലത്തും മൈലുകൾ നീണ്ടുകിടക്കുന്ന തെങ്ങിൻ തോപ്പുകൾ കാണാൻ കഴിയുന്നുണ്ട്. എല്ലാം പൊക്കം കുറഞ്ഞ തെങ്ങുകളാണ്. മാത്രമല്ല പല മേഖലയിലേക്കും ഡൈവേഴ്സിഫൈ ചെയ്തു പോകാൻ കഴിയുന്നുണ്ട്. ഉദാഹരണമായി നീര. ഇവിടേയും നീര തുടങ്ങിവച്ചതാണ് ശ്രീ. ടി. കെ. ജോസ് ചെയർമാനായിരുന്ന സമയത്ത് തുടങ്ങി വച്ചതാണ് നീര. പക്ഷേ കഴിഞ്ഞ ഗവൺമെന്റും ബോർഡും തമ്മിലുള്ള ചില ധാരണക്കുറവുമൂലം ഫലപ്രദമായി നീരയുടെ ഉൽപാദനവും വിതരണവും കേരളത്തിൽ നമുക്ക് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. നീര ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്ന സന്ദർഭത്തിൽ 4000 രൂപ വരെ ഒരു തെങ്ങിൽ നിന്ന് പ്രതിമാസം കിട്ടുന്ന കാലഘട്ടമുണ്ടായിരുന്നു. പക്ഷേ പിന്നീടുണ്ടായ ചില തർക്കങ്ങൾ മൂലം നീര വേണ്ടവിധത്തിൽ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ജനമധ്യത്തിൽ ഇന്ന് ഏറ്റവും സ്വീകാര്യമായ ഉത്പന്നം വെളിച്ചെണ്ണയാണ്. ഇപ്പോൾ വന്നിരിക്കുന്ന സ്ഥിതി നല്ല വെളിച്ചെണ്ണ ആവശ്യത്തിന് ഉൽപാദിപ്പിക്കാൻ കഴിയുന്നില്ല എന്നതാണ്. അതു കൊണ്ട് കേര ഫെഡ് കർഷകർക്ക് ഒരു വിധം നല്ല വില കൊടുത്തുകൊണ്ട് പച്ച തേങ്ങയോ അല്ലെങ്കിൽ കൊപ്രയോ സംഭരിച്ച് വെളിച്ചെണ്ണ ഉത്പാദിപ്പിക്കണം. നല്ലൊരു സൽപ്പേര് വെളിച്ചെണ്ണയ്ക്കുണ്ട് അത് നിലനിർത്തിക്കൊണ്ട് തന്നെ മലയാളികളുള്ള ഗൾഫ് രാജ്യങ്ങളിലൊക്കെ ഇത് ഫലപ്രദമായി വിൽക്കാൻ നമുക്ക് കഴിയും. ഇത്തരം കാര്യങ്ങളിലൊക്കെ ശ്രദ്ധിക്കണം.

കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റിന്റെ കൃഷി വകുപ്പു മന്ത്രി എന്ന നിലയിൽ വളരെ വർഷക്കാലം ഇത് കൈകാര്യം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. കർഷകരിലേക്ക് കടന്നു ചെല്ലാനും കാർഷിക മേഖലയ്ക്ക് ആശ്വാസകരമാക്കി മാറ്റാനും ഈ ബോർഡിനെ പ്രയോജനപ്പെടുത്തണം. കാർഷിക മേഖലയെ പരിചയമുള്ള ആളുകളായിരിക്കണം ഇതിനെ നയിക്കേണ്ടത്. അത് തീർച്ചയായും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടു വരും. സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും കൈകോർത്തുകൊണ്ട് ഈ മേഖലയുടെ ഇനിയുള്ള വളർച്ചയ്ക്ക് സഹായകരമായി പ്രവർത്തിക്കാൻ ഈ ദിനം പ്രയോജനപ്പെടുത്തട്ടെ എന്ന് ആശംസിക്കുന്നു.

തയ്യാറാക്കിയത്: സി.ഡി.ബി. ന്യൂസ് ബ്യൂറോ ■

# ഉത്പാദനക്ഷമത വർധിപ്പിക്കാൻ ഒരുമിച്ചു പ്രവർത്തിക്കണം

● **പി.സി. മോഹനൻ മാസ്റ്റർ** , വൈസ് ചെയർമാൻ, നാളികേര വികസന ബോർഡ്



**നാളികേര വികസന ബോർഡിന്റെ കൊച്ചിയിലുള്ള ആസ്ഥാന ത്ത് 2017 സെപ്റ്റംബർ 2 നു നടന്ന നാളികേര ദിനാഘോഷച്ചട ങ്ങിൽ നാളികേര വികസന ബോർഡ് വൈസ് ചെയർമാൻ ശ്രീ പിസി മോഹനൻ മാസ്റ്റർ നടത്തിയ ആശംസാ പ്രസംഗത്തിന്റെ പ്രസക്ത ഭാഗം**

കേരളത്തെ സംബന്ധിച്ചിടത്തോളം ഇവിടെ മന്ത്രി തന്നെ സൂചിപ്പിച്ചല്ലോ കേരം തിങ്ങുന്ന നാടായതുകൊണ്ടാണ് കേരളം എന്ന പേരു വന്നത്. പക്ഷേ അവിടെ നിന്നു നാം പുറകോട്ടു പോയി തമിഴ്നാടും, കർണ്ണാടകയും ഒക്കെ ആ സ്ഥാനം കൈക്കലാക്കാൻ വേണ്ടി നിലകൊള്ളുകയും അതിൽ ഒരു പരിധി വരെ വിജയിക്കുകയും ചെയ്തു. നമ്മൾ രണ്ടാമത്തേയോ മൂന്നാമത്തേയോ സ്ഥാനത്ത് എത്തിയിരുന്നു. പക്ഷേ ഇന്ന് നമ്മൾ വീണ്ടും കുതിച്ചു ചാട്ടത്തിന് തയ്യാറായി നിൽക്കുന്ന ഒരു അവസ്ഥാവിശേഷമുണ്ട്. അത് നാളികേര ബോർഡിന്റെ കഴിവുകൊണ്ടാണെന്നൊന്നും ഞാൻ അവകാശപ്പെടുന്നില്ല. നേരെ മറിച്ച് സാധാരണക്കാരായ കർഷകരുടെ കഴിവു കൊണ്ട്, കർഷകന്റെ കഠിനാധ്വാനം കൊണ്ട് കർഷകന്റെ ചിന്താ ശക്തികൊണ്ട് ആണ് ഇത് സംഭവിച്ചിട്ടുള്ളത്. അതുകൊണ്ടാണ് നമുക്ക് വീണ്ടും മുന്നേറാനുള്ള ഒരു സാഹചര്യം ഉണ്ടായിട്ടുള്ളത്.

ഞാനും ശ്രീ. മുരളീധരനും ഗുജറാത്തിൽ പ്രധാനമന്ത്രി പങ്കെടുത്ത് ഒരു കർഷക സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. നേരത്തേ നിങ്ങൾ സൂചിപ്പിച്ച സയിന്റിസ്റ്റുകളെക്കുറിച്ച് അന്ന് അദ്ദേഹം അവിടെ ചില കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം പറഞ്ഞിട്ടുള്ളത് എല്ലാ കൃഷിക്കാരും സയിന്റിസ്റ്റുകളാണ്. എല്ലാ കർഷകരും ശാസ്ത്രജ്ഞരാണ്. കാരണം തന്റെ തോട്ടത്തിലെ വിളവുകളെ ഏതു രീതിയിൽ പരിപാലിക്കാമെന്ന് ശക്തമായ നിരീക്ഷണവും പരീക്ഷണവും നടത്തുന്ന ആളുകളാണ് കൃഷിക്കാർ. ഇവിടെയിരിക്കുന്ന പലരും ആ തരത്തിലുള്ളവരാണ്. ആ തരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യം നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളമുണ്ട്.

കേരളത്തിൽ ഏതാണ്ട് ആകെയുള്ളതിന്റെ 41 ശതമാനത്തോളം തെങ്ങുകൃഷിയാണ്. അതിനെ കൂടുതൽ മെച്ചപ്പെടുത്താനും ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാനുമാവശ്യമായ കാര്യങ്ങൾ ചെയ്യാൻ നമ്മൾ തയ്യാറാകണം. അതിനുവേണ്ടി കൂട്ടായ പ്രവർത്തനത്തിന് തയ്യാറാകണം. ഇന്ന് ഞങ്ങൾ വിജയവാഡയിൽ നടക്കുന്ന ലോക നാളികേരാഘോഷങ്ങളിൽ പങ്കെടുക്കേണ്ടതായിരുന്നു. അതുവേണ്ടെന്നു വച്ച് നമ്മുടെ നാട്ടിലുള്ള പരിപാടിയിൽ പങ്കെടുത്തുകൊണ്ട് കർഷകരെയെല്ലാം കാണാനും, കർഷകരെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുക്കാനും അവരുമായി ആശയവിനിമയം നടത്താനുള്ള ഈ അവസരം കൂടുതൽ ഗുണപ്രദമാകുമെന്നു കരുതിയിട്ടാണ് ഇവിടെ എത്തിച്ചേർന്നിരിക്കുന്നത്.

വളരെ സത്യസന്ധമായി കർഷകന്റെ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് കർഷകന്റെ പ്രശ്നങ്ങൾ ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ ഞങ്ങൾ സി.ഡിബി. യോഗത്തിൽ വളരെ കർശനമായിട്ട് അവതരിപ്പിക്കാറുണ്ട്. ഇനിയും എന്തെങ്കിലും കാര്യങ്ങൾ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ ഏത് അവസരത്തിലാണെങ്കിലും അതു ചെയ്യും. അതു വേണ്ടപ്പെട്ട സ്ഥാനങ്ങളിലെത്തിക്കാൻ ശ്രമിക്കും എന്ന് ഉറപ്പു തരാൻ കൂടി ഈ അവസരം വിനിയോഗിക്കുകയാണ്. നിങ്ങളുടെ പ്രതിനിധികളായാണ് ഞങ്ങൾ ഇവിടെ കയറിയിരിക്കുന്നത്. രാഷ്ട്രീയമായ തിരഞ്ഞെടുപ്പുമാത്രമല്ല കേവലം സത്യസന്ധമായിട്ട് കൃത്യനിഷ്ഠയോടെ മുന്നോട്ടു പോകണം എന്ന കാഴ്ചപ്പാടോടെയാണ് ഞങ്ങൾ ഇവിടെയിരിക്കുന്നത്.

തയ്യാറാക്കിയത്: സി.ഡി.ബി. ന്യൂസ് ബ്യൂറോ. ■














## കൊച്ചിയിൽ നിന്നുള്ള ദൃശ്യങ്ങൾ









## ലോക നാളികേര ദിനം

02 സെപ്റ്റംബർ 2017













# ടെക്നിക്കൽ സെഷൻ
























# നീരയിലൂടെ അധിക ആദായത്തിന് ആഹ്വാനവുമായി വിജയവാഡ ശില്പശാല

നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 3–ന് വിജയവാഡയിലെ കെയ് ഹോട്ടലിൽ നടന്ന ശില്പശാലയിൽ നീര ഉത്പാദനം, നീരയിൽ നിന്നുള്ള മൂല്യവർധിത ഉത്പ്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലൂടെ അധിക വരുമാനം നേടാൻ നാളികേര കർഷകരെ ആഹ്വാനം ചെയ്തു. ആന്ധ്രപ്രദേശ് സ്പെഷൽ എക്സൈസ് കമ്മിഷണർ ഡോ. പി ലക്ഷ്മി നരസിംഹം ഐഎഎസ്, ആന്ധ്രപ്രദേശ് ഹോർട്ടിക്കൾച്ചർ കമ്മിഷമർ ശ്രീ.ചിരഞ്ജീവി ചൗധരി ഐഎഫ്എസ്, മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ സരദിന്ദു ദാസ്, സിപിസിആർഐ ഡെയറക്ടർ ഡോ.പി ചൗഡപ്പ, ഡോ.വൈഎസ്ആർ ഹോർട്ടിക്കൾച്ചർ യൂണിവേഴ്സിറ്റി റിസേർച്ച് ഡയറക്ടർ ഡോ.ജി ദിലീപ് ബാബു, നാളികേര വികസന ബോർഡ് ഡയറക്ടർ ശ്രീ ഹേമചന്ദ്ര തുടങ്ങിയവർ വിശിഷ്ഠാതിഥികളായിരുന്നു. നാളികേര വികസന ബോർഡിലെയും ആന്ധ്രപ്രദേശ് ഹോർട്ടിക്കൾച്ചർ എക്സൈസ് വകുപ്പിലെയും ഉദ്യോഗസ്ഥർ, വിവിധ കർഷക കൂട്ടായ്മകളിൽ നിന്നുള്ള 125 കൃഷിക്കാർ, അംബാജിപ്പേട്ട് ഹോർട്ടിക്കൾച്ചർ റിസേർച്ച് സ്റ്റേഷൻ, ഡോ.വൈഎസ്ആർ ഹോർട്ടിക്കൾച്ചർ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞർ തുടങ്ങിയവർ ശില്പശാലയിൽ പങ്കെടുത്തു. വിശിഷ്ഠാതിഥികൾ നിലവിളക്കു തെളിച്ച് ശില്പശാല ഉദ്ഘാടനം ചെയ്തു.

മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ സരദിന്ദുദാസ് സ്വാഗതം ആശംസിച്ചു. നാളികേര കർഷക കൂട്ടായ്മകൾ വഴി നീര ഉത്പാദനത്തിനും സംസ്കരണത്തിനും വിതരണത്തിനുമായി നാളികേര വികസന ബോർഡ് നടത്തി വരുന്ന ശ്രമങ്ങൾ അദ്ദേഹം വിവരിച്ചു. തുടർന്ന് ഡോ.വൈഎസ്ആർ ഹോർട്ടിക്കൾച്ചർ യൂണിവേഴ്സിറ്റി (പശ്ചിമ ഗോദാവരി) റിസേർച്ച് ഡയറക്ടർ ഡോ.ജി ദിലീപ് ബാബു ആമുഖ പ്രഭാഷണം നടത്തി.ആന്ധ്രയുടെ സമ്പദ് വ്യവസ്ഥയിൽ നാളികേരം വഹിക്കുന്ന സുപ്രധാന പങ്കിനെ കുറിച്ച് അദ്ദേഹം വിവരിച്ചു. മാറുന്ന സാഹചര്യത്തിൽ നാളികേരത്തിന്റെ മൂല്യ വർധനയിലൂടെ നേട്ടങ്ങൾ കൈവരിക്കാൻ അദ്ദേഹം നാളികേര ഉത്പാദക കൂട്ടായ്മകളെ ആഹ്വാനം ചെയ്തു.

മുഖ്യാതിഥിയായി ശില്പശാലയിൽ പങ്കെടുത്ത ആന്ധ്ര പ്രദേശ് സ്പെഷൽ എക്സൈസ് കമ്മിഷണർ ഡോ. പി ലക്ഷ്മി നരസിംഹം ഐഎഎസ് മുഖ്യ പ്രഭാഷണം നടത്തി. പ്രകൃതി ദത്ത ഉത്പ്പന്നങ്ങളുടെ പ്രത്യേകിച്ച് നീരയുടെ ആരോഗ്യപരമായ പ്രയോജനങ്ങളാണ് അദ്ദേഹം തന്റെ പ്രഭാഷണത്തിൽ ഊന്നിപ്പറഞ്ഞത്. നീര ഉത്പാദനത്തിന് എക്സൈസ് വകുപ്പിന്റെ എല്ലാ സഹായ സഹകരണങ്ങളും അദ്ദേഹം കർഷകരുടെ ഉത്പാദക സംഘങ്ങൾക്ക് വാഗ്ദാനം ചെയ്തു. നാളികേര വികസന ബോർഡിലും നാളികേര ഉത്പാദക കമ്പനികളിലും രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദക ഫെഡറേഷനുകൾക്ക് നീര ഉത്പാദനത്തിനും സംസ്കരണത്തിനും ആവശ്യമായ ഭേദഗതികൾ സംസ്ഥാന എക്സൈസ് നിയമത്തിൽ നടത്തിയതായി ശ്രീ ചിരഞ്ജീവി ചൗധരി വ്യക്തമാക്കി. ടെക്നീഷ്യന്മാരുടെ പരിശീലനം നീര ഉത്പാദന മേഖലയിലെ വെല്ലുവിളികളിൽ ഒന്നാണെന്നും, ഇന്നു വിപണിയിലുള്ള ഏറ്റവും മികച്ച ആരോഗ്യ, പോഷക ലഘു



1



2



3

1 *ശിൽപശാല ഉദ്ഘാടനം*

2 *വിഷയാവതരണം : ശ്രീ ചിരഞ്ജീവി ചൗധരി*

3 *വിഷയാവതരണം : ഡോ. പി. ചൗഡപ്പ*






പാനീയമാണ് നീര എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഉച്ചയ്ക്ക് 11 മണിയോടെയാരംഭിച്ച ചർച്ചാ സമ്മേളനത്തിൽ പാലക്കാട് നാളികേര ഉത്പാദക കമ്പനി സിഇഒ ശ്രീ പി വിനോദ്കുമാർ നീര സംസ്കരണ സാങ്കേതിക വിദ്യ സംബന്ധിച്ച അവതരണം നടത്തി. പാലക്കാട് കമ്പനിയുടെ നീര സംസ്കരണ വിപണന മേഖലയിലെ അനുഭവങ്ങളും വർത്തമാന കാല പ്രവർത്തനങ്ങളും സാങ്കേതിക വിദ്യകളും അദ്ദേഹം പങ്കുവച്ചു. സിപിസിആർഐ ഈ മേഖലയിൽ നടത്തിയിട്ടുള്ള സാങ്കേതിക മുന്നേറ്റം അദ്ദേഹം ഊന്നിപ്പറയുകയും നീര ഉത്പാദന മേഖലയിലേയ്ക്കു കടക്കുന്നതിനു മുമ്പ് കമ്പനികൾ സാങ്കേതിക വിദ്യ സംബന്ധിച്ച് ധാരണയിൽ എത്തേണ്ടതിന്റെയും, ഉത്പാദിപ്പിക്കുന്ന നീര ബ്രാൻഡ് ചെയ്യേണ്ടതിന്റെയും ആവശ്യക അദ്ദേഹം എടുത്തു പറഞ്ഞു. പാലക്കാട് കമ്പനി നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ടെട്രാ പായ്ക്കിലാണ് നീര വിപണിയിലെത്തിക്കുന്നത് എന്നും അദ്ദേഹം അറിയിച്ചു.

തുടർന്ന് ആൽഫാ ലാവൽ കമ്പനി റീജണൽ മാനേജർ ശ്രീ പരമേശ്വരൻ വിഷയാവതരണം നടത്തി. നീര സംസ്കരണത്തിനുള്ള ആൽഫ ലാവൽ മെഷിനറികളെ കുറിച്ചാണ് അദ്ദേഹം സംസാരിച്ചത്. നാളികേര ഉത്പാദക കമ്പനികളുമായി സഹകരിക്കാൻ തയാറാണെന്നും അദ്ദേഹം വ്യക്തമാക്കി. നാളികേര വികസന ബോർഡിലെ പ്രോസസിംങ് എൻജിനിയർ ശ്രീ. ശ്രീകുമാർ പൊതുവാൾ നീരയുടെ ഉത്പാദന സംസ്കരണ സാങ്കേതിക വിദ്യകൾ വിവരിച്ചു. നാളികേര വികസന ബോർഡിന്റെ സാങ്കേതിക വിദ്യ ഉപയോഗിച്ച് നീര സംസ്കരിച്ച് ഒരു വർഷം വരെ റഫ്രിജറേറ്ററിലും 30 ദിവസം വരെ സാധാരണ ഊഷ്മാവിലും സൂക്ഷിക്കാൻ സാധിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. ഡോ.വൈഎസ്ആർ ഹോർട്ടിക്കൾച്ചർ സർവകലാശാലയിലെ ഭക്ഷ്യസംസ്കരണ വിഭാഗം ശാസ്ത്രജ്ഞനായ പി സി വെങ്കയ്യ നീര സംഭരണം ഗുണനിലവാര നിർണയം എന്നീ വിഷയങ്ങളെ അധികരിച്ച് സംസാരിച്ചു.




നീര സംഭരണത്തിനും സംസ്കരണത്തിനുമായി സിപിസിആർഐ വികസിപ്പിച്ച സാങ്കേതിക വിദ്യയെ കുറിച്ച് ഡയറക്ടർ ഡോ. പി ചൗഡപ്പ വിവരിച്ചു. നീര കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട ശുചിത്വവും വിതരണ ശ്രുംഖലയിൽ ശീതീകരണ സംവിധാനം ഉപയോഗിക്കേണ്ടതിന്റെ ആവശ്യവും അദ്ദേഹം എടുത്തു പറഞ്ഞു. ജലസേചനം നല്കി നന്നായി പരിപാലിക്കുന്ന നാളികേര വൃക്ഷങ്ങളിൽ നിന്ന് 6 മാസം വരെ തുടർച്ചയായി നീര ടാപ്പു ചെയ്യാം. ശരാശരി രണ്ടു ലിറ്റർ വരെ പ്രതിദിന ഉത്പാദനവും ലഭിക്കും- അദ്ദേഹം ചൂണ്ടിക്കാട്ടി.

തുടർന്ന് നീരയെ കുറിച്ചുള്ള കൃഷിക്കാരുടെ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി നല്കി. നാളികേര വികസന ബോർഡ് ഡപ്യൂട്ടി ഡയറക്ടർ -ഇൻ - ചാർജ് ശ്രീ ആർ ജയനാഥിന്റെ കൃതജ്ഞതാ പ്രകടനത്തോടെ 4.30 - ന് ശില്പശാല സമാപിച്ചു. ■

*തയ്യാറാക്കിയത്: സി.ഡി.ബി. ന്യൂസ് ബ്യൂറോ.*

**4** *സ്വാഗതം: ശ്രീ. സരദിന്ദു ദാസ്*

**5** *മുഖ്യ പ്രഭാഷണം : ഡോ. പി ലക്ഷ്മി നരസിംഹം*

**6** *വിഷയാവതരണം : ശ്രീകുമാർ പൊതുവാൾ*

**7** *വിഷയാവതരണം :* പിസി വെങ്കയ്യ

**8** *വിഷയാവതരണം :* ശ്രീ പി വിനോദ്കുമാർ

# ആരോഗ്യകരവും സമ്പല്‍ സമൃദ്ധവുമായ ജീവിതം നാളികേരത്തിനൊപ്പം

ഡോ. സി തമ്പാന്‍
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം കാസര്‍ഗോഡ്

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തില്‍ കേരളത്തിന്റെ പച്ചപ്പായി നിലകൊള്ളുന്ന നാളികേര കൃഷിയുടെ കാര്യക്ഷമത എങ്ങനെ വര്‍ദ്ധിപ്പിക്കാന്‍ കഴിയും എന്നതു സംബന്ധിച്ച കുറച്ചു കാര്യങ്ങളാണ് ഇവിടെ ചര്‍ച്ച ചെയ്യുന്നത്

തെങ്ങു കൃഷിയുടെ വിസ്തൃതിയും ഉല്‍പാദനവും ഉല്‍പാദനക്ഷമതയും വര്‍ദ്ധിച്ചു വരുന്നുണ്ട് എന്ന കാര്യത്തില്‍ സംശയമൊന്നുമില്ല. കേരളം രൂപം കൊണ്ടിട്ട് 60-61 വര്‍ഷം കഴിഞ്ഞു. 1956 ല്‍ രൂപം കൊണ്ട നമ്മുടെ സംസ്ഥാനം ആ വര്‍ഷം ഇന്ത്യയില്‍ ഉല്‍പാദിപ്പിച്ച നാളികേരത്തിന്റെ 71 ശതമാനം സംഭാവനചെയ്തു. അന്ന് ഇന്ത്യയില്‍ മൊത്തം ഉണ്ടായിരുന്ന തെങ്ങു കൃഷിയുടെ മേഖലയുടെ 69 ശതമാനവും കേരളത്തിലായിരുന്നു. കേരളം രൂപം കൊണ്ടിട്ട് 61 വര്‍ഷമാകുമ്പോള്‍ നമ്മുടെ സംഭാവനയുടെ തോത് കുറഞ്ഞു വരുന്നു എന്നതാണ് സത്യം. ഇന്നിപ്പോള്‍ മൊത്തം വിസ്തൃതിയുടെ 37 ശതമാനം മാത്രമെ നമ്മുടെ സംഭാവനയായിട്ടുള്ളു. അതുപോലെ തന്നെ ഉല്‍പാദനത്തിന്റെ 33 ശതമാനം മാത്രമാണ് നമ്മുടെ സംഭാവന. അതിന്റെ കണക്കുകള്‍ സൂചിപ്പിക്കുന്നത് കേരത്തിന്റെ നാട് എന്ന് നാം കരുതുന്ന നമ്മുടെ സംഭാവന കേരത്തിന്റെ കാര്യത്തില്‍ കുറഞ്ഞു വരുന്നു എന്നതാണ്. അതേസമയം കേരോല്‍പാദനത്തില്‍ തമിഴ്നാട്, ആന്ധ്ര, കര്‍ണ്ണാടകം പോലുള്ള മറ്റു സംസ്ഥാനങ്ങളുടെ മൊത്തം സംഭാവനയുടെ തോത് വര്‍ദ്ധിക്കുന്നു. നമ്മുടെ തോത് കുറഞ്ഞു വരുന്നു. തീര്‍ച്ചയാും നമുക്ക് നമ്മുടെ കാര്യക്ഷമത വര്‍ദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്.

കേരളത്തിന്റെ നാളികേര മേഖല ശക്തിപ്പെടണമെങ്കില്‍ ഉല്‍പാദന ക്ഷമത വര്‍ദ്ധിപ്പിക്കണം. സ്വാഭാവികമായിട്ടും ഉല്‍പാദനക്ഷമതയില്‍ കേരളം രൂപം കൊണ്ട് 61 വര്‍ഷം കഴിയുമ്പോള്‍ നേരിയ വര്‍ദ്ധനവുണ്ടായിട്ടുണ്ട്. കേരളം രൂപം കൊണ്ട വര്‍ഷത്തില്‍ നമ്മുടെ ഉല്‍പാദനക്ഷമത ഏകദേശം 6900 ആയിരുന്നു. നാളികേര ബോര്‍ഡ് തന്നെ പ്രസിദ്ധീകരിച്ച ഏറ്റവും ഒടുവിലത്തെ കണക്കു പ്രകാരം 9600 തേങ്ങ ഒരു ഹെക്ടറില്‍ നിന്ന് ലഭിക്കുന്നുണ്ട്. പക്ഷേ താരതമ്യപ്പെടുത്തുമ്പോള്‍ തമിഴ്നാട്ടില്‍ അത് 13400 ഉം ആന്ധ്രയില്‍ അത് 13700 നാളികേരവുമാകുന്നു. നമ്മുടേത് 9600 ഉം ആകുന്നു. ദേശീയ ശരാശരി തന്നെ ഒരു ഹെക്ടറില്‍ 10000 ല്‍ അധികമാണ്. നമ്മള്‍ ദേശീയ ശരാശരിയേക്കാള്‍ പുറകിലാണ്. നമ്മുടെ നാളികേര ഉല്‍പാദനത്തിലൂടെ സമ്പദ് സമൃദ്ധി കൈവരിക്കണമെങ്കില്‍ കാര്യക്ഷമത വര്‍ദ്ധിപ്പിച്ചേ മതിയാവൂ. ഉല്‍പാദന ചെലവ് ചുരുക്കാന്‍ കഴിയണം. ഉല്‍പാദനക്ഷമത വര്‍ദ്ധിപ്പിക്കാനും കഴിയണം.

### വൈവിദ്ധ്യ വത്കരണം

കേവലം വെളിച്ചെണ്ണ എന്ന ഉല്‍പന്നത്തെ മാത്രം ആശ്രയിക്കാതെ ഉല്‍പന്ന വൈവിദ്ധ്യ വല്‍ക്കരണത്തിന്റെ സാധ്യതകള്‍ പ്രയോജനപ്പെടുത്തണം. ഈ ദിശയില്‍ ചെറിയ രീതിയില്‍ മുന്നോട്ടു പോകാന്‍ നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. അതേ സമയം മറ്റു സംസ്ഥാനങ്ങള്‍ ഉല്‍പന്ന വൈവിദ്ധ്യവല്‍ക്കരണത്തിന്റെ മേഖലയില്‍ കൈവരിച്ച നേട്ടങ്ങളുമായി താരതമ്യപ്പെടുത്തുമ്പോള്‍ അതു കൂടുതല്‍ തന്നെയാണ്. എന്തായാലും നമുക്ക് നാളികേരത്തെ അവഗണിക്കാന്‍ കഴിയില്ല. കേരവര്‍ഷമായി ആചരിക്കാന്‍ പോവുകയാണ് 2017. കേരള





കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ സംസ്ഥാനം കേരവർഷം ആചരിക്കുമ്പോൾ സ്വാഭാവികമായും ഈ മേഖല ശക്തിപ്പെടുത്തുന്ന രീതിയിൽ നമ്മുടെ ഉൽപാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും കൃഷിച്ചെലവു കുറക്കുന്നതിനും അതുവഴി കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉൽപന്ന വൈവിദ്ധ്യ വൽക്കരണത്തിന്റെ സാധ്യതകൾ കുറച്ചു കൂടി പ്രയോജനപ്പെടുത്തുന്നതിനൊക്കെ ധാരാളം സാധ്യതകളുണ്ട്.

ഒട്ടേറെ ബുദ്ധിമുട്ടുകൾ സഹിച്ചാണ് കേരകൃഷിയിൽ നമ്മുടെ കർഷകർ മുന്നോട്ടു പോകുന്നത്. പ്രധാനമായും വില വ്യതിയാനങ്ങളാണ്. കൃഷിയിൽ മുതലിറക്കുന്നതിന് ആനുപാതികമായി ഉൽപന്നങ്ങൾക്ക് വില ലഭിക്കാത്ത സാഹചര്യത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടാണ് ഇന്ന് ഏറ്റവും പ്രധാനമായിട്ട് അനുഭവിക്കുന്നത്. വില വ്യതിയാനങ്ങൾ ചിലപ്പോഴൊക്കെ വിലത്തകർച്ച തന്നെയുണ്ടാക്കുന്നുണ്ട്. ഇതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഒട്ടേറെ നടപടികൾ ആവശ്യമുണ്ട്. അത് നയപരമായ കാര്യങ്ങളാണ്. മറ്റ് ഭക്ഷ്യ എണ്ണകൾ ഇറക്കുമതി ചെയ്യുന്നത് നമ്മുടെ ഉൽപന്നത്തിന്റെ വിലയെ ബാധിക്കുന്നുണ്ട് എന്നൊക്കെ ഒരുപാട് കാര്യങ്ങൾ നാളുകളായി നമ്മൾ പറയുന്നതാണ്. ഭക്ഷ്യ എണ്ണ, പ്രത്യേകിച്ച് പാംഓയിൽ ഇറക്കുമതി നമ്മുടെ കേര മേഖലയിലെ വില വ്യതിയാനങ്ങളിലുണ്ടാകുന്ന സ്വാധീനം പലതവണ പറഞ്ഞിട്ടുള്ളതാണ്. ഒരു കാര്യം നമ്മൾ ശ്രദ്ധിക്കേണ്ടത്, നമ്മുടെ രാജ്യം അയൽ രാജ്യങ്ങളുമായി സ്വതന്ത്ര വാണിജ്യ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ആസിയാൻ കരാറിൽ ഉൾപ്പെടുന്ന നമ്മുടെ അടുത്തുള്ള രാജ്യങ്ങൾ പ്രധാനമായും തെക്കു കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ പ്രധാനപ്പെട്ട കേരോൽപാദക രാജ്യങ്ങളാണ്. അത്തരം രാജ്യങ്ങളിലെ കേര കർഷകരുമായി നമുക്ക് മത്സരിക്കേണ്ടി വരും. ഇറക്കുമതിയുണ്ടാകും. അതിനെയൊക്കെ അതിജീവിച്ച് കൂടുതൽ മത്സരക്ഷമമാവേണ്ടതുണ്ടെങ്കിൽ സ്വാഭാവികമായും നമ്മുടെ കാര്യക്ഷമത തെങ്ങു കൃഷിയിലും അനുബന്ധ മേഖലകളിലും വർദ്ധിപ്പേക്കണ്ടതുണ്ട്.

പ്രധാനപ്പെട്ടത് ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക തന്നെയാണ്. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക എന്നത് സുസ്ഥിരമായ രീതിയിലാവണം. തൽക്കാലത്തേക്ക് ഉൽപാദനം കുറച്ച് വർദ്ധിപ്പിക്കുക ഉൽപാദനത്തിനായി നാം ആശ്രയിക്കുന്ന പ്രകൃതി വിഭവങ്ങൾക്ക് അപചയം നേരിടുന്ന രീതിയിലുള്ള വിള പരിപാലനമല്ല ഉദ്ദേശിക്കുന്നത്. സുസ്ഥിരമായ രീതിയിലുള്ള ഉൽപാദന മികവ് നമുക്ക് കൈവരിക്കാൻ കഴിയണം. ഉൽപാദനക്കുറവിന് ഇവിടെ കാരണമായിട്ടുള്ള പ്രധാനപ്പെട്ട കാര്യം നമ്മുടെ കൃഷിയിടങ്ങളിലെ വളരെ താഴ്ന്ന ഉൽപാദനക്ഷമതയുള്ള തെങ്ങുകളാണ്. ഇപ്പോഴത്തെ കണക്കു വച്ച് ഒരു തെങ്ങിൽ നിന്ന് ശരാശരി 54 തേങ്ങ മാത്രമേ കിട്ടുന്നുള്ളൂ. തമിഴ്നാട്ടിൽ അതിന്റെ ഇരട്ടിയാണ് കിട്ടുന്നത്. കേവലം 10 നാളികേരം പോലും കിട്ടാത്ത ധാരാളം തെങ്ങുകളുണ്ട്. പ്രായംകൊണ്ടും കീടരോഗബാധ കൊണ്ടും ഉൽപാദനക്ഷമത നശിച്ച തെങ്ങുകളുണ്ട്. ഉൽപാദനക്ഷമത തീരെയില്ലാത്ത ഇത്തരം തെങ്ങുകൾ മാറ്റി പകരം പുതിയ ഇനങ്ങളുടെ മെച്ചപ്പെട്ട തൈകൾ ഉപയോഗിച്ചുകൊണ്ടുള്ള തെങ്ങു കൃഷി പുനരുദ്ധാരണം നമുക്ക് അത്യാവശ്യമാണ്. അതാണ് നമ്മുടെ കേരമേഖലയിലെ കാര്യക്ഷമത കൊണ്ടുവരുന്നതിനുള്ള പ്രധാന ചുവടു വയ്പ്. അതിനുള്ള പദ്ധതികൾ നാളികേര വികസ ബോർഡും കേരള കൃഷിവകുപ്പും കുറെ നാളുകളായിട്ട് നടപ്പിലാക്കുന്നുണ്ടെങ്കിലും ഫലപ്രദമായ രീതിയിൽ ലക്ഷ്യം വച്ചിട്ടുള്ള നേട്ടങ്ങൾ കൈവരിക്കുന്നതിന് ഇനിയും കഴിഞ്ഞിട്ടില്ല . ഇപ്പോഴും കേരളത്തിലെ തിരുവനന്തപുരം മുതൽ കാസർഗോഡുവരെയുള്ള എല്ലാ ജില്ലകളിലേയും തെങ്ങിൻ തോപ്പുകളിൽ ഉൽപാദനക്ഷമത നശിച്ച തെങ്ങുകളുടെ ആധിക്യം കാണാം. അത് പരിഹരിക്കുന്ന രീതിയിൽ സമഗ്രമായ പദ്ധതി വേണം. ഉൽപാദനക്ഷമത നശിച്ച ഇത്തരം തെങ്ങുകൾ മാറ്റി വീണ്ടും പുനരുദ്ധാരണം നടത്തുകയാണെങ്കിൽ ഏത് ഇനങ്ങളിൽപ്പെട്ട തൈകളാണ് ഉപയോഗിക്കണ്ടത് എന്നതിലാണ് ശ്രദ്ധിക്കേണ്ടത്.



## ഗുണമേന്മയുള്ള തൈകൾ

കേര ഗവേഷണത്തിന്റെ 100 വർഷങ്ങൾ നമ്മൾ പിന്നിട്ടു. 2016 ൽ കേര ഗവേഷണത്തിന്റെ ശതാബ്ദി നമ്മൾ ആഘോഷിച്ചു. കേര ഗവേഷണത്തിന്റെ ശതാബ്ദി നാളുകളിൽ ഏറ്റവും കൂടുതൽ ഓർക്കപ്പെട്ടത് കേര ഗവേഷണ

ത്തിന്റെ നേട്ടങ്ങളായ മെച്ചപ്പെട്ട തെങ്ങിനങ്ങളെക്കുറിച്ചായിരുന്നു. സിപിസിആർ.ഐ തന്നെ 20 തെങ്ങിനങ്ങൾ 6 കുറിയ ഇനങ്ങളും 6 സങ്കരയിനങ്ങളും മറ്റ് 8 നെടിയ ഇനങ്ങളും നിർദ്ധാരണം ചെയ്തിട്ടുണ്ട്. 20 മെച്ചപ്പെട്ട ഇനങ്ങൾ പുറത്തിറക്കിയിട്ടുണ്ടെങ്കിലും ആവശ്യത്തിന് തൈകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പരിമിതികളാണ് സ്വാഭാവികമായും പുതിയ ഇനങ്ങൾ നമ്മുടെ കൃഷിയിടങ്ങളിൽ സ്ഥാനം പിടിക്കാത്തതിന്റെ പ്രധാന കാരണം. ഇപ്പോഴും കേരളത്തിലെ തെങ്ങിൻ തോട്ടങ്ങളിൽ 90 ശതമാനത്തിൽ അധികവും നാടൻ ഇനങ്ങൾ മാത്രമാണുള്ളത്. നാടൻ ഇനത്തിന് സ്വാഭാവികമായും കുറെയധികം ഗുണങ്ങൾ ഉണ്ടെങ്കിലും ഉൽപാദനക്ഷമതയുടെ കാര്യത്തിൽ തീർച്ചയായിട്ടും അതിനേക്കാൾ മെച്ചപ്പെട്ട ധാരാളം ഇനങ്ങൾ ലഭ്യമാണ്. മെച്ചപ്പെട്ട ഇനങ്ങളുടെ തൈകൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. സി.പി.സിആർ.ഐ യോ കാർഷിക സർവ്വകലാശാലയോ നാളികേര ബോർഡോ വിചാരിച്ചാൽ കേരളത്തിലെ കർഷകർക്ക് ആവശ്യമുള്ളത്ര ഉയർന്ന ഉൽപാദനക്ഷമതയും വംശശുദ്ധിയുമുള്ള ഇനങ്ങളുടെ തൈകൾ ലഭ്യമാക്കാൻ കഴിയില്ല. അതിന് മറ്റ് സമീപനങ്ങൾ കൂടി വേണം. നാളികേര ഉൽപാദക സൊസൈറ്റികളും, സംഘങ്ങളും ഫെഡറേഷനുകളുമൊക്കെ രൂപീകരിച്ചിട്ടുണ്ട്. അത്തരം കർഷക കൂട്ടായ്മകളെ ഈ തൈ ഉൽപാദനത്തിന്റെ കാര്യത്തിൽ ഉൾപ്പെടുത്താൻ കഴിയണം, ഔദ്യോഗികമായിട്ട്. ഇപ്പോൾ നാളികേര ബോർഡ് അതിന് പ്രോത്സാഹനം നൽകുന്നുണ്ട്. ആ മേഖലയിൽ കർഷക പങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃത നഴ്സറികൾ കുറച്ചൊക്കെ തൈകൾ വിതരണം ചെയ്യുന്നുണ്ടെങ്കിലും കർശനമായ ഗുണ നിയന്ത്രണം തൈകളുടെ കാര്യത്തിൽ ഏർപ്പെടുത്താൻ നമുക്ക് കഴിയുന്നില്ല. അത് ഒരു പരിമിതിയായി തുടരുന്നു.

പലപ്പോഴും ആന്ധ്രയിൽ നിന്നാണ്, അല്ലെങ്കിൽ മറ്റ് പ്രദേശങ്ങളിൽ നിന്നാണ്, ഒരു വർഷം കൊണ്ട് കായ്ക്കും, എന്നൊക്കെ പറഞ്ഞ് തൈകൾ കൃഷിക്കാരുടെ ഇടയിൽ വ്യാജപ്രചരണത്തിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നുണ്ട്. ഇത് തീർച്ചയായിട്ടും പരിഹരിക്കപ്പെടേണ്ട പ്രശ്നം തന്നെയാണ്. ഇത് പരിഹരിക്കണമെങ്കിൽ നാളികേര ബോർഡും കൃഷിവകുപ്പും സി.പിസിആർ.ഐയും കാർഷിക സർവ്വകലാശാലയും, മറ്റ് ഏജൻസികളും, കർഷക കൂട്ടായ്മകളും, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികളും, ഫെഡറേഷനും സൊസൈറ്റികളും ഒരുമിച്ചുള്ള പ്രവർത്തനം ആവശ്യമാണ്. ഇന്നു നമ്മുടെ സംസ്ഥാനത്ത് കൃഷിവകുപ്പിന്റെ കീഴിലുള്ള നാളികേര നഴ്സറികളിൽ പുതിയ ഇനങ്ങൾ ഉണ്ടാക്കി തൈകൾ കർഷകർക്ക് എത്തിക്കുന്നതിനുള്ള മാതൃവൃക്ഷങ്ങളുടെ സംഖ്യ വളരെ കുറവാണ്. തീർച്ചയായിട്ടും ആദ്യ പടി എന്ന നിലയിൽ ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യം കൃഷി വകുപ്പിന്റെ കീഴിലുള്ള നാളികേര നഴ്സറികളിൽ പുതിയ ഇനങ്ങൾ ഉണ്ടാക്കുന്നതിനാവശ്യമായ മാതൃവൃക്ഷങ്ങൾ ഇപ്പോഴെ നട്ടു പിടിപ്പിച്ച് അതിൽ നിന്നും തൈകൾ ഉണ്ടാക്കാൻ ആരംഭിക്കുക എന്നതാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം കേര കർഷകരുടെ കൃഷിയിടങ്ങളിൽതന്നെ ഏറ്റവും മെച്ചപ്പെട്ട ഗുണമേന്മയുള്ള മാതൃവൃക്ഷങ്ങൾ ഉണ്ട് അവ ഉപയോഗപ്പെടുത്തുക എന്നതാണ്. നെടിയ ഇനത്തിന്റെയാണെങ്കിലും അവ ഉപയോഗിച്ച് സങ്കരയിനങ്ങൾ ഉൽപാദിപ്പിക്കുന്നതിനുള്ള സങ്കേതങ്ങൾ ഉണ്ട്. ഇതിനൊക്കെയുള്ള സാദ്ധ്യതകൾ കർഷകരുടെ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കണം. സ്വകാര്യ നഴ്സറികൾ വഴി ധാരാളം തെങ്ങിൻ തൈകൾ ഇപ്പോഴും നമ്മുടെ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. പലപ്പോഴും വ്യാജ പ്രചരണങ്ങളാണ് അതിന്റെ പിന്നിലുള്ളത്. ഇളനീരിനു ഗുണമുള്ളതാണ്, കുറിയ ഇനമാണ് എന്നും മറ്റും പറയും. ഇപ്പോൾ തെങ്ങു കയറ്റ തൊഴിലാളികളുടെ ലഭ്യതക്കുറവ് കുറിയ ഇനങ്ങളോടുള്ള പ്രിയം വർദ്ധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ ഏതു കേര കർഷകനും കുറിയ ഇനത്തിന്റെ നല്ല തൈയാണെന്നു പറഞ്ഞു ആരു കൊടുത്താലും അത് വാങ്ങുന്ന അവസ്ഥാ വിശേഷം വന്നിട്ടുണ്ട്. പലപ്പോഴും ഏത് ഇനമാണെന്നു പോലും അറിയാത്ത വിധത്തിൽ സ്വകാര്യ സംരംഭകർ ഈ കേര കർഷകരുടെ ഇടയിൽ തൈകൾ വിപണനം നടത്തുന്നുണ്ട്.

ഹോർട്ടി കൾച്ചർ മിഷന്റെ ഭാഗമായി ഗുണനിയന്ത്രണത്തിന് ഇപ്പോൾ ഗവൺമെന്റ് മേഖലയിലുള്ള കൃഷി ഗവേഷണ സ്ഥാപനങ്ങളുടെയും സിപിസിആർഐയുടെയും നഴ്സറികൾക്ക് അക്രഡിറ്റേഷൻ സംവിധാനമുണ്ട്. അതേ സമയം സ്വകാര്യ നഴ്സറികളുടെ മേലുള്ള നിയന്ത്രണവും ഗുണനിയന്ത്രണവും ഏർപ്പെടുത്തുന്നതിനുള്ള സംവിധാനത്തിനും ഏറെ പരിമിതികളും ഉണ്ട്. ഈ കാര്യങ്ങൾ പരിഹരിച്ചു കഴിഞ്ഞാൽ ആദ്യം സൂചിപ്പിച്ച ഉൽപാദനക്ഷമത വർദ്ധനവ് നടപ്പിലാക്കുന്നതിനുള്ള, തെങ്ങിന്റെ സമഗ്ര പുനരുദ്ധാരണത്തിനു വേണ്ടിയിട്ടുള്ള, പുതിയ ഇനങ്ങളുടെ ഗുണമേന്മയുള്ള, തൈകൾ ലഭ്യമാക്കാൻ കഴിയും. ശ്രദ്ധിക്കേണ്ട കാര്യം കുറിയ ഇനങ്ങളെപ്പറ്റി വലിയ പ്രതീക്ഷ കർഷകരുടെ ഇടയിൽ ഉണർത്താൻ പല കാരണങ്ങൾ കൊണ്ടും കഴിഞ്ഞിട്ടുണ്ട്. അതേ സമയം കുറിയ ഇനങ്ങൾ പ്രധാനമായും നമുക്ക് ഉപയോഗിക്കാൻ കഴിയുന്നത് ഇളനീരിന്റെ ആവശ്യത്തിനു വേണ്ടിയാണ്. അതോടൊപ്പം തന്നെ സങ്കരയിനങ്ങൾ ഉൽപാദിപ്പിക്കുന്നതിനുവേണ്ടി അവയെ മാതൃവൃക്ഷമായി നമുക്ക് പ്രയോജനപ്പെടുത്താനും കഴിയും. ഈ രണ്ട് ഉപയോഗത്തിനുവേണ്ടി സിപിസിആർ.ഐയിൽ നിന്ന് 6 ഇനങ്ങളാണ് പുറത്തിറക്കിയിട്ടുള്ളത്. പലപ്പോഴും നീരയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി കുറിയ ഇനം തൈകൾ വച്ചു പിടിപ്പിക്കുന്നതിനുള്ള ആഗ്രഹം പല കർഷകരും പ്രകടിപ്പിച്ചിട്ടുണ്ട്. പല കുറിയ ഇനങ്ങളും നീര ഉപയോഗത്തിന് അത്രയൊന്നും അനുയോജ്യമല്ല എന്നുള്ളതാണ് വാസ്തവം. പ്രധാനമായും അതിന്റെ വളർച്ചാരീതി തന്നെ. മടലിന്റെ മേലെ കയിറിനിന്ന് ചെത്തുമ്പോൾ ഭാരം താങ്ങാനുള്ള ശേഷി മടലുകൾക്ക് ഉണ്ടാവില്ല . അതുപോലെ തന്നെ സി.പി.സി.ആർ.ഐ യിൽ നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ പ്രകാരം നീരയുടെ അളവ് താരതമ്യേന കുറവാണ്. ഇതിന്റെ സാമ്പത്തിക വശം അതുപ്രകാരം ക്രമീകരിക്കേണ്ടി വരും. കുറിയയിനങ്ങൾ പ്രധാനപ്പെട്ടതു തന്നെയാണ്. അവയുടെ എണ്ണം നമുക്ക് തെങ്ങിൻ പറമ്പുകളിൽ കൂട്ടേണ്ടതുമുണ്ട്. ഏതാണ്ട് 60 ശതമാനം തെങ്ങുകളെങ്കിലും നെടിയ വിഭാഗത്തിൽപ്പെടുന്നവയും 20 ശതമാനം കുറിയ വിഭാഗത്തിലും 20 ശതമാനം സങ്കരയിനങ്ങളിലും വരുന്ന 60:20:20 എന്ന അനുപാതത്തിൽ തെങ്ങിൻ പറമ്പുകളിൽ തെങ്ങുകളുടെ പുനർക്രമീകരണമാണ് നമ്മൾ ആത്യന്തികമായി ലക്ഷ്യം വയ്ക്കേണ്ടത്.

ഇതിനാവശ്യമായ തൈകൾ ഉൽപാദിപ്പിക്കുന്നതിന് കർഷകർക്ക് ഗുണമേന്മയോടെ അവ ലഭ്യമാക്കുന്നതിനുള്ള സംവിധാനം, ഉണ്ടാവണം. സി.പി.സിആർ.ഐ മാത്രം വിചാരിച്ചാൽ ഇതു നടക്കില്ല. പലപ്പോഴും കർഷകർക്കുള്ള പരാതി സി.പി.സി.ആർ.ഐയിൽ നിന്ന് ആവശ്യത്തിനു തൈകൾ കിട്ടുന്നില്ല എന്നതാണ്. ഒരു വർഷം 15000 ൽ പരം തൈകൾ മാത്രമേ കായംകുളത്തു നിന്നുവിതരണം ചെയ്യാൻ കഴിയുകയുള്ളൂ. കാസർഗോഡുനിന്നാണെങ്കിൽ 50000, 60000 തൈകൾ. നാളി

കേര ബോർഡിന്റെ ഫാമുകളിൽ നിന്ന് ഏതാണ്ട് കുറച്ചധികം. കൃഷി വകുപ്പിൽ നിന്നും കുറച്ച് തൈകൾ. ബാക്കി വരുന്ന ആവശ്യം തൃപ്തിപ്പെടുത്തുന്നതിന് ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലുമുള്ള പരിപാടികൾ വേണം. അതുപോലെ കൃഷിവകുപ്പും മറ്റ് ഏജൻസികളും സിപിസിആർ.ഐ പോലുള്ള ഗവേഷണ സ്ഥാപനങ്ങളും ഒരുമിച്ച് ചർച്ച ചെയ്ത് ഈ കാര്യത്തിൽ നടപടികൾ എടുക്കണം. കർഷക പങ്കാളിത്തം വളരെ പ്രധാനമാണ്. കർഷക കൂട്ടായ്മകൾ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കേണ്ട മേഖലയാണ്.

### മണ്ണ്–ജല സംരക്ഷണം

രണ്ടാമത് ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നമുക്ക് വേണ്ട കാര്യം മണ്ണും വെള്ളവും സംരക്ഷിച്ചു കൊണ്ടുള്ള, പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള കൃഷി സമ്പ്രദായത്തിന് കാര്യമായ പ്രാധാന്യം നൽകി കാണുന്നില്ല എന്നതത്രെ. ഈ രണ്ടു വിഭവങ്ങൾ സംബന്ധിച്ച് ഈ അടുത്ത കാലത്ത് ആസൂത്രണ ബോർഡ് ഏറ്റവും പ്രധാനപ്പെട്ട പഠനം പൂർത്തീകരിച്ച് അതിന്റെ റിപ്പോർട്ട് പുറത്തിറക്കുകയുണ്ടായി. കേരളത്തിന്റെ മണ്ണ് വിശന്നു കഴിയുന്ന അവസ്ഥയിലാണ്. പ്രത്യേകിച്ച് തെങ്ങു കൃഷി ചെയ്യപ്പെടുന്ന കേരളത്തിലെ പല പ്രദേശങ്ങളിലും ഏറ്റവും രൂക്ഷമായ രീതിയിലുള്ള അമ്ലത്വം കൊണ്ട് മണ്ണിന്റെ ഫലപുഷ്ടി കുറഞ്ഞിരിക്കുന്നു, ഏതാണ്ട് 90 ശതമാനത്തിലധികം. കേരളത്തിൽ പാലക്കാട്, ചിറ്റൂർ മേഖലകളൊഴിച്ചുള്ള എല്ലാ പ്രദേശങ്ങളിലും മണ്ണ് അമ്ലത്വ സ്വഭാവമുള്ളതാണ്. ഈ അമ്ലത്വം പരിഹരിച്ചാൽ മാത്രമേ ബാക്കി വളം ചെയ്യുന്നുണ്ടെങ്കിൽ തന്നെ അത് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ തെങ്ങുകൾക്ക് കഴിയൂ. തെങ്ങിന് ഏറ്റവും കൂടിയ അളവിൽ വേണ്ടി വരുന്ന ക്ഷാരം അല്ലെങ്കിൽ പൊട്ടാസ്യം കേരളത്തിലെ 33 ശതമാനം മണ്ണിലും കുറവാണ്. തെങ്ങു കൃഷി മേഖലകളിൽ അതിന്റെ അഭാവം കൊണ്ട് കീടരോഗ പ്രതിരോധ ശേഷി കുറയുന്നു. മണ്ണിൽ ഈർപ്പത്തിന്റെ അളവ് കുറയുമ്പോൾ കുറഞ്ഞ ഈർപ്പത്തിൽ കുറച്ചു കൂടി തെങ്ങിന് പ്രതിരോധം നൽകാൻ കഴിയുന്ന മൂലകമാണ് പൊട്ടാസ്യം. അതില്ലാത്തത് തന്നെ കേരോൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. അതുപോലെ തന്നെ മഗ്നീഷ്യം. ചില പ്രദേശങ്ങളിൽ 60 ശതമാനത്തിലധികം തെങ്ങിൻ തോപ്പുകളിലും മഗ്നീഷ്യത്തിന്റെ അഭാവം കൊണ്ടുള്ള പ്രശ്നമുണ്ട്. കാസർഗോഡ് ജില്ലയിലാണെങ്കിൽ 90 ശതമാനം തെങ്ങിൻ തോപ്പുകളിലും മഗ്നീഷ്യത്തിന്റെ അഭാവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അടുത്തകാലത്തായികേരളത്തിന്റെ തെങ്ങു കൃഷി മേഖലകളിൽ നിന്നും വ്യാപകമായി ബോറോൺ എന്ന സൂക്ഷ്മ മൂലകത്തിന്റെ അഭാവം കൊണ്ടുള്ള പ്രശ്നങ്ങൾ കണ്ടുവരുന്നു. പക്ഷേ ഈ ബോറോണിന്റെ അഭാവം കൊണ്ട് തെങ്ങു കൃഷിക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് എങ്ങനെ



പരിഹരിക്കാൻ കഴിയും. അതിനെപ്പറ്റി കൂടുതൽ പരിപാടികളൊന്നും നമ്മൾ ആസൂത്രണം ചെയ്തിട്ടില്ല. പ്രധാന സസ്യ പോഷക മൂലകങ്ങൾ, ദ്വിതീയ പോഷക മൂലകങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ ഇവ ആവശ്യത്തിന് മണ്ണിലില്ലാത്തതുകൊണ്ട് മണ്ണിന്റെ ഫലപുഷ്ടി കുറഞ്ഞ് തെങ്ങിന്റെ ഉൽപാദനം കുറയുന്നു. അതിനാൽ മണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതിനുള്ള പരിപാടി തെങ്ങിൻ തോപ്പുകളിൽ നടപ്പിലാക്കിയാൽ മാത്രമേ സുസ്ഥിരമായ ഉൽപാദനം നടക്കുകയുള്ളൂ.

ആദ്യം വേണ്ടത് എല്ലാ കർഷകർക്കും തെങ്ങിൻ തോട്ടത്തിലെ മണ്ണിന്റെ ആരോഗ്യകാർഡ് ലഭ്യമാക്കണം. ആരോഗ്യ കാർഡ് ലഭ്യമാക്കിയതുകൊണ്ടു മാത്രം കാര്യമില്ല, ആരോഗ്യ കാർഡിൽ പറയുന്ന രീതിയിലുള്ള വളപ്രയോഗം അനുവർത്തിക്കാൻ കേര കർഷകർക്ക് കഴിയണം. നാളികേര ബോർഡ് ചില പദ്ധതികളുടെ ഭാഗമായിട്ട് വളമൊക്കെ വിതരണം ചെയ്യുന്നുണ്ട്. കൃഷി വകുപ്പും വളപ്രയോഗത്തിനുള്ള ചില സ്കീമുകളൊക്കെ നടപ്പിലാക്കുന്നുണ്ട്. പക്ഷേ സുസ്ഥിരമായ രീതിയിൽ മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കുന്നതിനുള്ള മേൽ പറഞ്ഞ വളപ്രയോഗത്തിന്റെ സമീകൃത രീതി അവലംബിക്കുന്നതിനു കഴിഞ്ഞില്ലെങ്കിൽ ഉൽപാദനക്ഷമത സുസ്ഥിരമായി വർദ്ധിപ്പിക്കാൻ കഴിയില്ല.

### ജൈവ കൃഷി

നമ്മുടെ സംസ്ഥാനം ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്ന സംസ്ഥാനമാണ്. കാസർഗോഡ് ജില്ലയാവട്ടെ ഇപ്പോൾ ജൈവ ജില്ലയായിട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ മണ്ണിൽ ആവശ്യത്തിന് ജൈവാംശം ലഭ്യമാവുന്ന രീതിയിലുള്ള ജൈവവളപ്രയോഗത്തിന് ഗുണമേന്മയുള്ള ജൈവവളം കിട്ടാനില്ല. മാത്രമല്ല തെങ്ങു കൃഷി സംയോജിത കൃഷി രീതിയാണ്. വിള പരിപാലനത്തോടൊപ്പം കന്നുകാലി വളർത്തലും അനുബന്ധ മേഖലകളും കൂടി സംയോജിപ്പിച്ചുകൊണ്ടുള്ള സംയോജിത സമ്മിശ്രകൃഷിരീതികൊണ്ടു മാത്രമേ നമുക്ക് മണ്ണിന്റെ ആരോഗ്യം നിലനിർത്താൻ കഴിയുകയുള്ളൂ. കന്നുകാലി വളർത്തുന്നവരുടെ തോത് വളരെ വളരെ കുറവാണ്. തെങ്ങിൻ തോട്ടം നമ്മളെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട സമ്പത്ത് എന്ന നിലയിൽ നമുക്ക് ലഭ്യമാക്കുന്നത് ധാരാളം ജൈവാവശിഷ്ടങ്ങളാണ്. ഒരു ഹെക്ടർ തെങ്ങിൻ തോട്ടം ഉണ്ടെങ്കിൽ 6–8 ടൺ തെങ്ങോലകൾ നമുക്ക് കിട്ടും. ആ തെങ്ങോലകളെ സസ്യ പോഷക സമൃദ്ധമായിട്ടുള്ള മണ്ണിര കമ്പോസ്റ്റാക്കി മാറ്റുന്നതിനുള്ള ലളിതമായ സാങ്കേതിക വിദ്യ സിപി.സിആർ. ഐ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിനൊക്കെ പുറമെ നമ്മുടെ തെങ്ങിൻ തടത്തിൽ തന്നെ പയറു വർഗ്ഗ പച്ചിലവള ചെടികൾ വളർത്തി തെങ്ങിന് നൽകുമ്പോൾ ഒരു തെങ്ങിൽ തടത്തിൽ തന്നെ ഏതാണ്ട് 15–25 കിലോ ഗ്രാം പച്ചില വളം ലഭ്യമാണ്. അങ്ങിനെ കൊടുത്തു കഴിഞ്ഞാൽ തെങ്ങിന് ആവശ്യമുള്ള നൈട്രജന്റെ 50 ശതമാനം അതിനകത്തു തന്നെ ലഭ്യമാകും. ജൈവ കൃഷി നടത്തുമ്പോൾ രാസവളത്തിന്റെ ഉപയോഗത്തോത് കുറക്കണം. അതിനുള്ള ലളിതമായ രീതിയാണ് നമ്മുടെ തെങ്ങിൻ തടപരിപാലനത്തിന് പയറു വർഗ്ഗ പച്ചിലവള ചെടികൾ വളർത്തുന്നത്. ലളിതമായ ഈ സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതുവഴി തീർച്ചയായും നമുക്ക് തെങ്ങിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സാധിക്കും.

കാലാവസ്ഥാ വ്യതിയാനം കാർഷികമേഖലയിൽ ദൂര വ്യാപകമായ പ്രതിസന്ധികൾ സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയമില്ല. നമ്മൾ പ്രതീക്ഷിക്കാത്ത സമയത്ത് പ്രതീക്ഷിക്കാത്ത സ്ഥലത്താണ് മഴ കിട്ടുന്നത്. മഴയുടെ വിതരണക്രമമൊക്കെ മാറിമാറി വരുന്നുണ്ട്. കേരളത്തിൽ ഇപ്പോൾ പ്രത്യേ







കിച്ച് ജൂലൈ മാസത്തിലാണ് ഏറ്റവും കനത്ത മഴ കിട്ടുന്നത്. ഇന്ന് അതൊക്കെ മാറി. ഓഗസ്റ്റിലാണ് ഏറ്റവും കൂടുതൽ മഴ കിട്ടിയത്. മണ്ണിൽ ആവശ്യത്തിന് ഈർപ്പം ലഭ്യമാകുന്ന രീതിയിൽ മഴയുടെ ലഭ്യത കുറഞ്ഞു വരുന്ന സമയത്ത് ലഭ്യമായ ഈർപ്പം തെങ്ങിൻ തോട്ടത്തിൽ സംരക്ഷിക്കുന്നതിനുള്ള ജല സംരക്ഷണ മാർഗ്ഗങ്ങൾക്ക് ഏറെ പ്രാമുഖ്യം നൽകണം. സി.പി. സി.ആർ.ഐയുടെ പഠനങ്ങൾ പ്രകാരം ഏറ്റവും കുറഞ്ഞ അളവിൽ മാത്രം വെള്ളം ലഭ്യമാകുന്ന പ്രദേശത്ത് തെങ്ങിന് ഏറ്റവും നല്ല ജല സേചന രീതി കണിക ജലസേചനമാണ്. കണിക ജലസേചനരീതി കർഷകർക്കിടയിൽ പ്രചരിപ്പിക്കുന്നതിന് സംസ്ഥാനാവിഷ്കൃതവും കേന്ദ്രാവിഷ്കൃതവുമായ ധാരാളം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും വെള്ളം കുറച്ചു മാത്രം കിട്ടുന്ന പ്രദേശങ്ങളിൽ കണിക ജലസേചനമെന്ന ഏറ്റവും കാര്യക്ഷമതയുള്ള രീതിയിലേക്ക് മാറുന്നതിന് പല കർഷകർക്കും ഇപ്പോഴും കഴിയുന്നില്ല . ചില കർഷകർ തെങ്ങിൻ തോപ്പിൽ ഡ്രിപ്പ് ഇറിഗേഷൻ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും കുറച്ചു നാളുകൾക്കകം പല കാരണങ്ങൾകൊണ്ടും അവ ഉപേക്ഷിച്ചു പോകുന്ന സാഹചര്യമുണ്ട്. വരാൻ പോകുന്നത് ജലദൗർലഭ്യം ഏറ്റവും കൂടിയ നാളുകളാണ്. തീർച്ചയായും കുറച്ചു മാത്രം ജലം കാര്യക്ഷമമായി വിനിയോഗിച്ചുകൊണ്ട് ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്ന ഡ്രിപ്പ് ഇറിഗേഷൻ പോലെയുള്ള രീതികളിലേക്ക് കൃഷിക്കാർ മാറണമെന്ന കാര്യത്തിൽ സംശയമേയില്ല. അതോടൊപ്പം ഒട്ടും തന്നെ വെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ പ്രത്യേകിച്ച് ചരിവുള്ള പ്രദേശങ്ങളിലൊക്കെ നീർത്തടാധിഷ്ഠിത മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കണം. ചരിവുള്ള പ്രദേശങ്ങളിലെ തെങ്ങിൻ തോപ്പുകളിൽ തെങ്ങിന് അർദ്ധവൃത്താകൃതിയിലുള്ള തടമെടുക്കുക. കോണ്ടൂർ ചാലുകൾ കീറി അതിനകത്ത് തൊണ്ടു പൂഴ്ത്തുക. അങ്ങിനെയുള്ള ധാരാളം പ്രവർത്തനങ്ങളുണ്ട്. കഴിയുന്ന പ്രദേശങ്ങളിൽ നീർക്കുഴികളെടുക്കുക. നമ്മുടെ സംസ്ഥാനത്ത് പല പദ്ധതികളുടേയും ഭാഗമായി നീർത്തടപദ്ധതികൾ, നീർത്തടാധിഷ്ഠിത വികസന പദ്ധതികൾ എന്നിവ ആസൂത്രണം ചെയ്യുമ്പോൾ ആ പ്രദേശങ്ങളിലെ തെങ്ങിൻ തോപ്പുകളിൽ വെള്ളവും മണ്ണും സംരക്ഷിക്കുന്നതിനുള്ള നടപടികളും സാങ്കേതിക വിദ്യകളും പ്രാവർത്തികമാക്കാൻ കർഷകർക്ക് സാധിച്ചാൽ മാത്രമേ സുസ്ഥിരമായ രീതിയിൽ നമ്മുടെ തെങ്ങിൻ തോപ്പുകളിൽ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ.

**കാലാവസ്ഥാ വ്യതിയാനം കാർഷികമേഖലയിൽ ദൂരവ്യാപകമായ പ്രതിസന്ധികൾ സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയമില്ല. നമ്മൾ പ്രതീക്ഷിക്കാത്ത സമയത്ത് പ്രതീക്ഷിക്കാത്ത സ്ഥലത്താണ് മഴ കിട്ടുന്നത്. മഴയുടെ വിതരണക്രമമൊക്കെ മാറിമാറി വരുന്നുണ്ട്. കേരളത്തിൽ ഇപ്പോൾ പ്രത്യേകിച്ച് ജൂലൈ മാസത്തിലാണ് ഏറ്റവും കനത്ത മഴ കിട്ടുന്നത്. ഇന്ന് അതൊക്കെ മാറി. ഓഗസ്റ്റിലാണ് ഏറ്റവും കൂടുതൽ മഴ കിട്ടിയത്.**

## ഇടവിള കൃഷി

ഏകവിള എന്നുള്ള രീതിയിൽ നമ്മൾ മുന്നോട്ടു പോയി കഴിഞ്ഞാൽ തെങ്ങുകൃഷിയുടെ ആദായം കുറയുമെന്നതാണ്. അതുകൊണ്ട് തെങ്ങിനെ അടിസ്ഥാനമാക്കിയിട്ടുള്ള ഇടവിള, മിശ്രവിള, സമ്മിശ്ര കൃഷിരീതികൾ പ്രചരിപ്പിച്ചാൽ മാത്രമേ തെങ്ങു കൃഷി ആദായകരമാകൂ. സിപിസിആർ.ഐ ലോക മെമ്പാടും അറിയപ്പെടുന്നത്, നാളികേരാധിഷ്ഠിത ബഹുവിള സമ്മിശ്ര കൃഷി മാതൃകകൾ വികസിപ്പിച്ചെടുത്ത ഗവേഷണ സ്ഥാപനം എന്ന രീതിയിലാണ്. പല തരത്തിലുള്ള വിളകൾ തെങ്ങിന്റെ വളർച്ചാഘട്ടം അനുസരിച്ച് തിരഞ്ഞെടുത്ത് തെങ്ങിനൊപ്പം ഇടവിളകളായി കൃഷി ചെയ്യുമ്പോൾ കർഷകന്റെ ആദായം വർദ്ധിപ്പിക്കാൻ കഴിയും. കേര കേസരികൾ ഈയൊരു സാധ്യത ഫലപ്രദമായി വിനിയോഗിച്ചവരാണ്. കേര കേസരികളുടെ തോട്ടത്തിൽ മാതൃകാപരമായാണ് തെങ്ങിനോടൊപ്പം മറ്റു വിളകളും സംരംഭങ്ങളും സംയോജിപ്പിച്ചിട്ടുള്ളത്. ശാസ്ത്രീയമായിട്ടുള്ള സമീപനം അതിന് ആവശ്യമാണ്. തെങ്ങിന്റെ ഏത് ഘട്ടമാണ് എന്ന് തിരിച്ചറിഞ്ഞ് ആ ഘട്ടത്തിലേക്ക് അനുയോജ്യമായ വിളകളാണ് നമ്മൾ തിരഞ്ഞെടുക്കേണ്ടത്. ആദ്യത്തെ ഘട്ടത്തിൽ ഹ്രസ്വകാല വിളകളും, 8 മുതൽ 20 വർഷം വരെ പ്രായമുള്ള തോട്ടങ്ങളിൽ തണലിഷ്ടപ്പെടുന്ന വാഴയുടെ ചില യിനങ്ങളും, ചേമ്പ്, പോലെയുള്ള വിളകളും 22 വർഷത്തിനു മേലേയുള്ള തെങ്ങിൻ തോട്ടങ്ങളിൽ ദീർഘകാല വിളകളും ഹ്രസ്വകാല വിളകളും ഒക്കെ നമുക്ക് കൃഷി ചെയ്യാവുന്നതാണ്. പക്ഷേ ശ്രദ്ധിക്കേണ്ട കാര്യം ഇടവിളകൾക്ക് അതിന്റെ



പരിചരണം നൽകണം, തെങ്ങിനു കൊടുക്കേണ്ടുന്ന പരിചരണം തെങ്ങിനും കൊടുക്കണം. എപ്പോഴും പറയാറുള്ളതുപോലെ ദൈവത്തിനുള്ളത് ദൈവത്തിനും സീസറിനുള്ളത് സീസറിനു നൽകണം. ഇടവിള, മിശ്രവിള, സമ്മിശ്രവിള കൃഷി തെങ്ങിനോടൊപ്പം ചെയ്യുന്നതിലൂടെ വരുമാന വർദ്ധനവിന് ധാരാളം സാധ്യതകളുണ്ട്.

തെങ്ങു കൃഷിയെ ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുന്നത് പല വിധത്തിലുള്ള കീടരോഗബാധകൊണ്ടുള്ള വിള നഷ്ടമാണ്. കീടങ്ങൾ കൊമ്പൻചെല്ലിയായാലും, ചെമ്പൻ ചെല്ലിയായാലും, തെങ്ങോലപ്പുഴുവായാലും, പൂങ്കുലച്ചാഴിയായാലും നഷ്ടം കർഷകനാണ്. ഈ കീടങ്ങൾക്കെതിരെയൊക്കെ ശാസ്ത്രീയമായ സംയോജിത കീട നിയന്ത്രണ മാർഗ്ഗങ്ങൾ നമ്മൾ ഗവേഷണത്തിലൂടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. പക്ഷേ പലപ്പോഴും പ്രായോഗിക തടസ്സമായി നിൽക്കുന്നത് പല കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും അവലംബിക്കേണ്ടത് തെങ്ങിന്റെ തലപ്പിലാണ്. കൃഷിക്കാരൻ ഇതൊക്കെ അറിഞ്ഞാൽ പോലും ആശ്രയിക്കേണ്ടത് തെങ്ങു കയറ്റ തൊഴിലാളികളെയാണ്. ഈ പറഞ്ഞ കീടങ്ങൾക്കു പുറമേ തൃശൂർ മുതൽ തെക്കോട്ടുള്ള ജില്ലകളിൽ വ്യാപകമായ കാറ്റുവീഴ്ചയും അതുപോലെ തന്നെ ഓല അഴുകൽ രോഗവും വടക്കൻ ജില്ലകളിൽ അടുത്തകാലത്തായി ചെന്നീരൊലിപ്പും, ഉത്തര കേരളത്തിലെ മലയോരഗ്രാമങ്ങളിൽ ധാരാളം വിളനഷ്ടമുണ്ടാക്കുന്ന കൂമ്പു ചീയൽ രോഗവും ഒക്കെയുണ്ട്. ഇവയ്ക്കൊക്കെ ഫലപ്രദമായ നിയന്ത്രണ മാർഗ്ഗങ്ങൾ ലഭ്യമാണ്. സംയോജിത നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കണമെങ്കിൽ സ്വാഭാവികമായും കർഷകരോടൊപ്പം കൂടുതൽ കർഷക തൊഴിലാളികളെക്കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള സമീപനം വേണം എന്നുള്ളതാണ്. തെങ്ങുകയറ്റ തൊഴിലാളികളുടെ ലഭ്യത പരിഹരിക്കുന്നതിന് നാളികേര ബോർഡ് വളരെ ഫലപ്രദമായി ആസൂത്രണം ചെയ്ത പദ്ധതിയായിരുന്നു ചങ്ങാതിക്കൂട്ടം. പക്ഷേ തെങ്ങുകയറ്റ തൊഴിലാളികളും കേരകർഷകരും തമ്മിൽ ആരോഗ്യപരമായിട്ടുള്ള സഹവർത്തത്വം ഇനിയും വന്നിട്ടില്ല. ഇപ്പോഴും പലപ്പോഴും പരസ്പരം പഴിചാരി നടക്കുന്ന ഒരു സ്ഥിതി. ഒന്നു വിളിച്ചാൽ വല്ലപ്പോഴുമേ വരൂ. ആവശ്യത്തിന് തൊഴിലാളിയെ കിട്ടാനില്ല. വളരെ ഉയർന്ന കൂലി നിരക്കാണ് ഉള്ളത്. അതേസമയം തൊഴിലാളികളുടെ ഭാഗത്തു നിന്നുള്ള പരാതി ഇപ്പോഴത്തെ ജീവിത നിലവാരം വർദ്ധിച്ചതിനെ അപേക്ഷിച്ച് അവർക്ക് ഉപജീവനം എന്ന രീതിയിൽ ഇതിനെ ആശ്രയിക്കുമ്പോൾ കൂലി വർദ്ധിപ്പിക്കാതെ തരമില്ല എന്നതാണ്. എന്തായാലും പരസ്പര സഹവർത്തിത്തമാണ് വേണ്ടത്. പരസ്പരം ചർച്ച ചെയ്ത് ഓരോ മേഖലയിലും തെങ്ങുകൃഷി മേഖലയിലും നാളികേര ഉൽപാദക സൊസൈറ്റികളുടേയും കൃഷി വകുപ്പും നാളികേരബോർഡിന്റേയുമൊക്കെ പിൻതുണയോടുകൂടി അതാതു പ്രദേശത്തെ കേര കർഷകരും കർഷക തൊഴിലാളികളും തമ്മിലുള്ള ആരോഗ്യപരമായ ബന്ധം ഊഷ്മളമാക്കുക. സഹവർത്തിത്തത്തോടുകൂടി മുന്നോട്ടുകൊണ്ടു പോകുന്നതിനുള്ള ശ്രമം വേണം. എങ്കിൽ മാത്രമേ വിവിധ കീടരോഗങ്ങൾക്കെതിരെ സംയോജിത ശാസ്ത്രീയ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും അത് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും നമുക്ക് കഴിയൂ.

### വൈവിധ്യ വൽക്കരണം

ഉൽപന്ന വൈവിധ്യ വൽക്കരണത്തിന്റെ സാദ്ധ്യതകൾ നാം ഇനിയും പ്രയോജനപ്പെടുത്തിയിട്ടില്ല എന്നുള്ളതാണ് മറ്റൊരു വസ്തുത. വളരെ കുറഞ്ഞ സംരംഭങ്ങൾ മാത്രമേ കേരളത്തിൽ നാളികേരാധിഷ്ഠിതമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നുള്ളൂ. അടുത്ത കാലത്ത് ഏറ്റവും കൂടുതൽ ചർച്ച ചെയ്തിട്ടുള്ളത് നീരയെക്കുറിച്ചാണ്. കേരോൽപാദക ഫെഡറേഷനുകളൊക്കെ ഈ മേഖലയിൽ പ്രവർത്തിക്കുകയും കുറെയൊക്കെ നേട്ടങ്ങൾ ഉണ്ടാക്കുകയും അതോടൊപ്പം ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. സിപിസിആർഐ ഇതുമായി ബന്ധപ്പെട്ട് പഠനം നടത്തുകയുണ്ടായി. കേരളത്തിലെ മുഴുവൻ നീര സംരംഭങ്ങളെക്കുറിച്ചുള്ള ഒരു പഠനം. കേരളത്തിൽ ഇതിനകം രൂപീകരിച്ചിട്ടുള്ള ഫെഡറേഷനുകളിൽ ഏതാണ്ട് പകുതിയോളവും നീര ഉൽപാദിപ്പിക്കുന്നതിനുള്ള ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ട്. ലൈസൻസ് കിട്ടിയിട്ടുള്ള ഏതാണ്ട് പകുതിയിലധികം ഫെഡറേഷനുകൾ നീര ഉൽപാദനം ആരംഭിക്കുകയും ചെയ്തു. പക്ഷേ അതിൽ 40 ശതമാനം ഉൽപാദനം നിർത്തുകയും ചെയ്തു. ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ട്. പ്രധാനമായും നീര ഉൽപാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. രണ്ടുമൂന്നു സ്രോതസ്സുകളിൽ നിന്നുള്ള സാങ്കേതിക വിദ്യ, സിപിസിആർ.ഐയിൽ നിന്നും നീര ഉൽപാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ ലഭ്യമാക്കിയിട്ടുണ്ട്, നാളികേര വികസന ബോർഡ് എസ്.സി.എം.എസിൽ നിന്നും നീരയുടെ സാങ്കേതിക വിദ്യ ലഭ്യമാക്കിയിട്ടുണ്ട്, കേരള കാർഷിക സർവ്വകാശാലയിൽ നിന്നും നീരയുടെ സാങ്കേതികവിദ്യ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്പോൾ ഞങ്ങളുടെ പഠനം കാണിച്ചിട്ടുള്ളത് ഏറ്റവും കൂടുതൽ നീര ഉൽപാദ യൂണിറ്റുകൾ ആശ്രയിക്കുന്നത് എസ്.സി എം,എസ്. സിഡിബിയുടെ



# ശുചിത്വം തന്നെ സേവനം: നാളികേര ബോർഡ് ഉദ്യോഗസ്ഥർ ശ്രമദാനം നടത്തി







രാജ്യമെമ്പാടും ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെയും ശുചിത്വ ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി 2017 സെപ്റ്റംബർ 15 മുതൽ ഗാന്ധിജയന്തി വരെ രാഷ്ട്രം 'ശുചിത്വം തന്നെ സേവനം' എന്ന പ്രചാരണ പരിപാടി നടത്താനുള്ള പ്രധാനമന്ത്രിയുടെ ആഹ്വാനപ്രകാരം നാളികേര വികസന ബോർഡിലെ എല്ലാ ഉദ്യോഗസ്ഥരും ചേർന്ന് സെപ്റ്റംബർ 21 ന് ശ്രമദാനം നടത്തി. മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ സരദിന്ദുദാസ് , സെക്രട്ടറി ഡോ.എ.കെ നന്ദി എന്നിവർ ശ്രമദാനത്തിനു നേതൃത്വം നല്കി. എല്ലാവരും ചേർന്ന് ബോർഡിന്റെ പരിസരങ്ങൾ വൃത്തിയാക്കി.

ബോർഡിന്റെ എല്ലാ യൂണിറ്റുകളിലും സമാന ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ഇതിന്റെ ഭാഗമായി നാളികേര വികസന ബോർഡിന്റെ എല്ലാ ഓഫീസുകളിലും എല്ലാ വിഭാഗത്തിലും അനാവശ്യമായതും ഉപയോഗം കഴിഞ്ഞതുമായ എല്ലാ രേഖകളും ഒഴിവാക്കി ജോലിസ്ഥല പരിസരങ്ങൾ വൃത്തിയാക്കുകയും ചെയ്തു.

ബോർഡ് ഉദ്യോഗസ്ഥർ അവരുടെ വീടുകൾക്കു സമീപമുള്ള പാർക്കുകൾ, കുട്ടികളുടെ കളിസ്ഥലങ്ങൾ, പൊതു ഇടങ്ങൾ എന്നിവയും ശ്രമദാനത്തിലൂടെ വൃത്തിയാക്കി. ശുചിത്വ ഭാരതം പരിപാടി രാജ്യമെമ്പാടും ജനകീയ മുന്നേറ്റമാക്കി മാറ്റുക എന്നതാണ് ശുചീകരണവാരാചരണത്തിലൂടെ ലക്ഷ്യമിടുന്നത്.

നാളികേര കൃഷിക്കാർക്കിടയിലും 'ശുചിത്വം തന്നെ സേവനം' ആശയം പ്രചരിപ്പിക്കുന്നുണ്ട്. തോട്ടങ്ങളിലെ അവശിഷ്ടങ്ങൾ കമ്പോസ്റ്റാക്കി മാറ്റി കൃഷിയിടത്തിൽ തന്നെ ഉപയോഗിച്ച് വൃത്തിയുടെയും ശുചിത്വത്തിന്റെയും പാഠങ്ങൾ അനുവർത്തിക്കാനാണ് ബോർഡ് നിർദ്ദേശിച്ചിരിക്കുന്നത്.

---

ടെക്നോളജിയാണ്. അതുകഴിഞ്ഞാൽ സിപി.സിആർ.ഐ വളരെ കുറച്ചു മാത്രമേ കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതികവിദ്യ ഉപയോഗിക്കുന്നുള്ളൂ. നീര സംരംഭം വിജയകരമാകണമെങ്കിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നത് തെങ്ങ് കയറ്റ തൊഴിലാളി എന്ന നീര ടെക്നീഷ്യൻ തന്നെയാണ്. അവരെ പ്രധാനപ്പെട്ട പങ്കാളിയാക്കുന്ന സമീപനത്തിലൂടെ മാത്രമേ നീര പോലുള്ള സംരംഭങ്ങൾ സുസ്ഥിരമായ രീതിയിൽ ആദായകരമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയൂ. അതുപോലെ തന്നെ പരിശീലനം നേടിയിട്ടുള്ള ആ സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗിക്കാൻ നമുക്കു സാധ്യമാക്കാത്തതുകൊണ്ട് ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് കഴിയുന്നില്ല.

നീരയ്ക്ക് പുറമേ നാളികേര മേഖലയിൽ ധാരാളം ഉൽപന്ന വൈവിദ്ധ്യവൽക്കരണങ്ങൾക്കു സാധ്യതയുണ്ട്. നാളികേര ചിപ്സിന്റേതായാലും, വെർജിൻ വെളിച്ചെണ്ണയുടെ വിവിധ സംസ്കരണ മെഷിനറികളായാലും, സിപിസിആർ.ഐയിൽ നിന്നു ലഭ്യമാക്കിയിട്ടുണ്ട്. നാളികേര വികസന ബോർഡിന്റെ പിൻതുണയോടുകൂടി സാമ്പത്തിക സഹായത്തോടുകൂടി ഒട്ടനവധി സാങ്കേതിക വിദ്യകൾ ഉൽപന്ന വൈവിദ്ധ്യ വൽക്കരണത്തിനായി നിലവിലുണ്ട്. കൂടുതൽ കർഷകർക്ക് ഉപകാരപ്രദമായ രീതിയിൽ സംരംഭങ്ങളായി മാറുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്ന രീതിയിൽ ഫലപ്രദമാക്കുന്നതിനും ഇനിയും നാം ഏറെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ചെറുകിട പരിമിതകൃഷിയിടങ്ങളുള്ള കേരളത്തിലെ കർഷകർക്ക് ഉൽപന്ന വൈവിദ്ധ്യ പ്രവർത്തനങ്ങളിൽ ഒരാൾക്ക് മാത്രം നേരിട്ട് ഇടപെടാൻ കഴിയില്ല. കർഷക കൂട്ടായ്മ വേണം. എങ്ങനെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാം, ഉൽപന്ന വൈവിദ്ധ്യവൽക്കരണം നടപ്പിലാക്കാം സി.പി.എസും, സിപിഎഫും, പ്രൊഡ്യൂസർ കമ്പനികളും എങ്ങിനെയാണ് കൃഷിക്കാരുടെ ഇടയിൽ പ്രവർത്തിക്കേണ്ടത് തുടങ്ങിയ ബൈലോയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ തന്നെ പ്രാവർത്തികമാക്കിയാൽ ഏറെ മുന്നോട്ടു പോകാൻ കഴിയും. സാങ്കേതിക വിദ്യയുടെ ലഭ്യത പരിമിതിയായി നമ്മൾ കരുതേണ്ടതില്ല.

തെങ്ങു കൃഷി, പ്രധാന മേഖലയായികരുതിക്കൊണ്ട് ഒട്ടേറെ പ്രവർത്തനങ്ങൾ നാം നടത്തേണ്ടതുണ്ട്. പുനരുദ്ധാരണ പദ്ധതി, ഉൽപാദനക്ഷമത വർദ്ധനവ്, തെങ്ങിനോടൊപ്പം മറ്റു സംരംഭങ്ങൾ കൂടി സംയോജിപ്പിച്ചുകൊണ്ടുള്ള വരുമാന വർദ്ധനവ്, പുതിയ ഉൽപന്നങ്ങൾ, ഉൽപന്ന വൈവിദ്ധ്യവൽക്കരണത്തിനുള്ള സാങ്കേതിക വിദ്യകൾ ഇത്തരത്തിലുള്ള ബഹുവിധ സമീപനത്തിലൂടെ കേരളത്തിന്റെ നാളികേര സമൃദ്ധി വർദ്ധിപ്പിക്കാൻ കഴിയും. അതിന് കർഷക കൂട്ടായ്മകൾ വേണം. ഗവേഷണ സ്ഥാപനങ്ങളോ വികസന ഏജൻസികളോ ഏകോപനമില്ലാതെ പ്രവർത്തിക്കുന്നതുകൊണ്ടുള്ള ന്യൂനതകൾ ഒരു വശത്തുണ്ട്. ഈ പറഞ്ഞ ഏജൻസികളും കേര കർഷക സമൂഹവും ഒരുമിച്ചു നിന്നുകൊണ്ടുള്ള പ്രവർത്തനത്തിലൂടെ നാളികേരത്തിനൊപ്പം ആരോഗ്യകരവും സമ്പദ് സമൃദ്ധവുമായ ജീവിതം സാധ്യമാക്കാൻ കഴിയും. ■

# വെളിച്ചെണ്ണയും കേരളീയ സമൂഹവും

**ഡോ. രമണി ഗോപാലകൃഷ്ണൻ**

മുൻ ഡയറക്ടർ (ഇൻ -ചാർജ്), നാളികേര വികസന ബോർഡ്, കൊച്ചി.

കാലം – 1990 ന്റെ തുടക്കം. വെളിച്ചെണ്ണ വളരെ ഹാനികരമാണ് ഉപയോഗിക്കാൻ പാടില്ല ഹൃദ്രോഗം ഉണ്ടാകും എന്ന കുപ്രാരണം ഉണ്ടായപ്പോൾ അന്ന് നാളികേര വികസന ബോർഡ് ശക്തമായ ഒരു നിലപാട് എടുക്കുകയുണ്ടായി. സെമിനാറുകളിൽ കൂടിയും, ലേഖനങ്ങളിൽ കൂടിയും പ്രസംഗങ്ങളിൽ കൂടിയും വിദഗ്ധരുടെ ക്ലാസ്സ് വഴിയുമായിരുന്നു ബോർഡിന്റെ പ്രചാരണം. ഡോ.വല്യത്താൻ, മേരി എനിഗ് തുടങ്ങി പലരും വന്ന് ക്ലാസ്സ് എടുത്തിരുന്നു. 1994 ൽ വലിയൊരു സെമിനാർ നടത്തി. 1994 – 2005 മുതൽ നമ്മുടെ ശ്രമങ്ങളൊക്കെ ഫലം കണ്ടു തുടങ്ങി. വെളിച്ചെണ്ണ ഏതൊക്കെ അടുക്കളകളിൽ നിന്ന് പ്രത്യേകിച്ച് നമ്മുടെ കേരളത്തിലെ അടുക്കളകളിൽ നിന്നും നിഷ്കാസനം ചെയ്യപ്പെട്ടുവോ അവിടേയ്ക്കു തന്നെ സാവകാശവും പിന്നീട് ശക്തമായും തിരിച്ചു വരവ് നടത്തുകയും ചെയ്തു. ഈ കഴിഞ്ഞ മൂന്നാലു വർഷങ്ങളായി വെളിച്ചെണ്ണയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള തിരിച്ചറിവിന്റെ ഭാഗമായി അത് അമേരിക്കയിലും മറ്റും വ്യാപകമായി ഉപയോഗിക്കുന്നു.


ഭക്ഷ്യ മേഖലയിലും, അന്താരാഷ്ട്ര മാർക്കറ്റിലുമെല്ലാം വെളിച്ചെണ്ണയുടെ അതിശക്തമായ തിരിച്ചു വരവ് നടക്കുന്ന ഈ കാലഘട്ടത്തിൽ തന്നെ അമേരിക്കൻ ഹാർട്ട് അസോസിയേഷൻ ജനുവരിയിൽ ഒരു അഡ്വൈസറിയിൽ കൊണ്ടു വന്ന തലക്കെട്ട് വെളിച്ചെണ്ണ ഹാനികരമാണ് എന്നതത്രെ. വെളിച്ചെണ്ണ പൂരിത കൊഴുപ്പാണ്, വെളിച്ചെണ്ണ ഉപയോഗം ഏറ്റവും പരിമിതപ്പെടുത്തണമെന്ന് അമേരിക്കൻ ഹാർട്ട് അസോസിയേഷൻ ജനുവരിയിൽ അവരുടെ പ്രസിഡൻഷ്യൽ അഡ്വൈസറിയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിനെ എപിസിസി തന്നെ പ്രതിരോധിച്ചു. പല ശാസ്ത്രജ്ഞരും ഹാർട്ട് അസോസിയേഷനെ എതിർത്തുകൊണ്ട് എഴുതി. വെളിച്ചെണ്ണ ഇത്രമാത്രം ശക്തമായ ഒരു തിരിച്ചുവരവ് ഈ ലോകവിപണിയിൽ തന്നെ നടത്തുമ്പോൾ ആരൊക്കെയോ കൂലിക്കെഴുതിപ്പിച്ചതാണ് അമേരിക്കൻ ഹാർട്ട് അസോസിയേഷനെ കൊണ്ട് എന്നാണ് എപിസിസി എഴുതിയിരിക്കുന്നത്. അതായത് വെളിച്ചെണ്ണയോടൊപ്പം മത്സരിക്കുന്ന മറ്റെണ്ണകൾ, ഇതിനെ അടിച്ചമർത്തിയെങ്കിൽമാത്രമേ ഇനി വെളിച്ചെണ്ണ തലപൊക്കാതിരിക്കൂ എന്ന് കണ്ട മറ്റ് എണ്ണലോബികൾ, അമേരിക്കൻ ഹാർട്ട് അസോസിയേഷനെ കൊണ്ട് കൂലിക്കെഴുതിപ്പിച്ചതാണ് ഇതെന്നു മനസ്സിലാക്കാം.

ആരാണ് ഈ അമേരിക്കൻ ഹാർട്ട് അസോസിയേഷൻ ? 1924 ൽ രൂപം കൊണ്ട ഒരു കൈക്കുള്ളിൽ ഒതുങ്ങുന്ന ഹൃദ്രോഗ വിദഗ്ധരുടെ സംഘമാണ് അമേരിക്കൻ ഹാർട്ട് അസോസിയേഷൻ. അവരുടെ ലക്ഷ്യങ്ങൾ ഹൃദ്രോഗം കുറയ്ക്കുക, അതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക ഇവയൊക്കെ ആയിരിക്കാം. അമേരിക്കൻ ഹാർട്ട് അസോസിയേഷൻ എന്ന് പറഞ്ഞ് ഒരു അഡ്വൈസറി തരുമ്പോൾ അത് മാധ്യമങ്ങളിലും ഇന്റർനെറ്റിലും വൈറലായി വ്യാപിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇവിടെ ഒരു കാര്യം പ്രസക്തമാണ് 27 വർഷം മുമ്പ് അല്ലെങ്കിൽ 30 വർഷം മുമ്പ് വെളിച്ചെണ്ണയ്ക്കെതിരെ ഡിഫന്റ്






ചെയ്യാൻ  നമുക്ക് ഒരു പാട് തെളിവുകളൊന്നും ഉണ്ടായിരുന്നില്ല.  പക്ഷേ ഇന്നത്തെ സ്ഥിതി ഇതല്ല. ഈ മൂന്നു ദശാബ്ദക്കാലത്തിനുശേഷം  ഇന്നു നമുക്ക് തെളിവുകളുണ്ട്. ലോകോത്തര നിലവാരത്തിലുള്ള ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, വൈദ്യശാസ്ത്ര രംഗത്ത് മികവ് തെളിയിച്ച ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ഡോക്ടർമാരും ഗവേഷകരും നടത്തിയ പഠനഫലങ്ങൾ നമ്മുടെ മുന്നിലുണ്ട്. ജീവിക്കുന്ന തെളിവുകളുണ്ട്. ഈ പഠനങ്ങളിൽ വിധേയരായ ഹൃദ്രോഗികളും, ജീവിക്കുന്ന ആളുകളുമുണ്ട്. ഇങ്ങനെ ധാരാളം തെളിവുകൾ നിരത്താനുള്ളതുകൊണ്ട് നമുക്ക് ഒരു സങ്കോചത്തിന്റേയും ആവശ്യമില്ല. നിങ്ങൾ തേങ്ങ കഴിക്കൂ വെളിച്ചെണ്ണ കഴിക്കൂ ഇത് അപകടകാരിയല്ല എന്നു പറയണമെങ്കിൽ വ്യക്തമായിട്ടുള്ള കണക്കുകൾ നിരത്താനുണ്ട് ഇന്ന്.  തിരുവനന്തപുരത്തെ ശ്രീചിത്തിര തിരുനാൾ ഇൻസിറ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കേരള യൂണിവേഴ്സിറ്റിയിലെ ബയോകെമിസ്ട്രി വിഭാഗത്തിന്റെ തലവൻ ഡോ. രാജ്മോഹൻ ബി. എം. ഹെഗ്ഡെ, പിഎൻ.വി.എം ഹോസ്പിറ്റലിലെയും കൊച്ചിൻ ഹോസ്പിറ്റലിലെ ചീഫ് കാർഡിയോളജിസ്റ്റായിരുന്ന ഡോ. ഈരാളി ഈ വിദഗ്ധരെല്ലാം 1992ൽ പറഞ്ഞിട്ടുണ്ട് നമ്മൾ കേരളീയർ അനുവർത്തിച്ചു വരുന്ന ആഹാര രീതി അതായത് നമ്മുടെ ഭക്ഷണ രീതിയിൽ നമ്മൾ എങ്ങനെ തേങ്ങ ഉപയോഗിക്കുന്നോ വെളിച്ചെണ്ണ ഉപയോഗിക്കുന്നോ ഈ രീതി നമ്മുടെ ആരോഗ്യത്തിന് യാതൊരുതരത്തിലും ഹാനികരമല്ല എന്ന്



ഹൃദയത്തിന്റെ രക്ത ധമനികളുടെ അകത്ത് തുരുമ്പു പോലെയുള്ള ചെറിയ ചെറിയ വസ്തുക്കൾ അട്ടി അടുങ്ങി കട്ട പിടിച്ചു വരുന്നതിനെയാണ് പ്ലേക്ക് എന്നു പറയുന്നത്. ഈ വസ്തു നമ്മുടെ രക്തക്കുഴലിനകത്ത് പറ്റിപ്പിടിച്ച്  കട്ടി കൂടി ഒരു പോയിന്റിൽ വരുമ്പോൾ ഇത് ബ്ലോക്കാവും. തേങ്ങയോ വെളിച്ചെണ്ണയോ കഴിക്കുന്നതും ഈ ഹൃദയ ധമനീരോഗവും തമ്മിൽ യാതൊരു ബന്ധവും ഉള്ളതായി തെളിയിച്ചിട്ടില്ല ഇന്നു വരെ. അങ്ങനെയൊരു ബന്ധം ഉള്ളതായി ഇന്നു വരെയും ഒരു പഠനത്തിലും സ്ഥിരീകരിച്ചിട്ടില്ല എന്ന്  ഡോക്ടർമാരും വിദഗ്ധരുമെല്ലാം പറഞ്ഞിട്ടുണ്ട്. ഇന്ന് നമ്മൾ അനുവർത്തിച്ചു വരുന്ന ആഹാര രീതി നമ്മുടെ തോരനിലോ, അവിയലിലോ, ഒരു തേങ്ങയോ, 15ഗ്രാം വെളിച്ചെണ്ണയും എല്ലാം കൂടി വന്നു കഴിഞ്ഞാൽ 30 ഗ്രാം വെളിച്ചെണ്ണകൊണ്ട്  ഈ പറഞ്ഞ രോഗം ഉണ്ടാക്കുമെന്ന് ഒരു തെളിവുകളും ശാസ്ത്രീയമായി തെളിഞ്ഞിട്ടില്ല.  1992 ൽ ഈവിദഗ്ധർ പറഞ്ഞിരുന്നു ഇന്നു കേരളീയർ അനുവർത്തിക്കുന്ന ആഹാര രീതിയാണ് ഉത്തമം എന്ന്. ഇന്ന് 25 വർഷങ്ങൾക്കു ശേഷം നമ്മുടെ ആഹാര രീതിയിൽ എന്തു മാറ്റം വന്നു എന്നുള്ളതാണ് ഇവിടെ ചിന്തനീയം. ഈ 25 വർഷത്തിനു ശേഷം നമ്മുടെ ഭക്ഷ്യ സംസ്കാരം തന്നെ മാറിയിട്ടുണ്ട്, അത് നല്ല രീതിയിൽ തന്നെ മാറിയിട്ടുണ്ട്. പുതിയ തലമുറ  ബർഗർ, പിസ്താ, മീറ്റ് റോൾ, ഷവർമാ തുടങ്ങിയ ഭക്ഷണങ്ങളാണ് കഴിക്കുന്നത്. ഈ പറഞ്ഞ ഭക്ഷണങ്ങളെല്ലാം നമ്മുടെ നിത്യ ജീവിതത്തിന്റെ ഭാഗമായതോടുകൂടി 92 ൽ അനുവർത്തിച്ചിട്ടുള്ള മലയാളികളുടെ ഭക്ഷണരീതിയിൽ എന്തെല്ലാം മാറ്റം വന്നു, എന്തുകൊണ്ട് നമ്മൾ ഈ രോഗങ്ങളെയൊക്കെ വിളിച്ചു വരുത്തുന്നു എന്നുള്ളതിന് വേറെ തെളിവുകളൊന്നും വേണ്ട. ഇതിനകത്ത് ഹൈഡ്രോജിനേറ്റഡ് ഓയിൽ ഉണ്ട്. ഹൈഡ്രോജിനേറ്റഡ് ഓയിൽ എന്നത് മനസ്സിലാക്കണമെങ്കിൽ ദ്രവ രൂപത്തിലുള്ള വെളിച്ചെണ്ണ  ഘനീഭവിക്കുന്ന ഒരു അവസ്ഥയുണ്ട്.  എന്നു പറഞ്ഞാൽ ഖര പദാർത്ഥങ്ങളാകുക. ദ്രാവകരൂപത്തിലുള്ള വെളിച്ചെണ്ണയെ ഖരരൂപത്തിലാക്കുന്ന ഒരു പ്രക്രിയ. ഹൈഡ്രോജിനേറ്റഡ് ഓയിൽ എന്നു പറഞ്ഞാൽ ദ്രാവകരൂപത്തിലുള്ള എണ്ണകളെ (ഏത് എണ്ണകളായാലും ശരി തന്നെ,)  അതിനെ ഒന്ന് ഖനീഭവിപ്പിച്ച് കട്ടിയാക്കും. ഉപയോഗിക്കാനുള്ള സൗകര്യങ്ങൾ, സ്വാദ് വർദ്ധിപ്പിക്കാൻ. ഇപ്രകാരം കിട്ടുന്ന എണ്ണകളാണ് ഡാൽഡ, വനസ്പതി എന്നിവയെല്ലാം. എല്ലാം ഹൈഡ്രോജിനേറ്റഡ്  ഓയിലാണ്.ഹൈഡ്രോജനേഷൻ ട്രാൻസ്ഫാറ്റ്സുകളുണ്ടാക്കുന്നു.  അതായത് ട്രാൻസ്ഫോർമ്ഡ് ഫാറ്റ്സ് ഉണ്ടാകുന്നു. കൊഴുപ്പുകൾ രൂപാന്തരം പ്രാപിക്കുമ്പോൾ എന്തൊക്കെ ഗുണവിശേഷങ്ങൾ ഏത് വസ്തുവിന് ഉണ്ടോ അതെല്ലാം ഇല്ലാതാകുന്നു എന്നു മാത്രമല്ല അത് പാടെ അപകടകാരിയായിത്തീരുകയും ചെയ്യുന്നു.  അതാണ് ട്രാൻസ്ഫോർമ്ഡ് ഫാറ്റ്സ് ട്രാൻസ് ഫാറ്റ്സ് എന്നു പറയുന്നത്. നമ്മൾ അതിന്റെ ശാസ്ത്രീയ വശത്തേക്ക് നോക്കാറില്ല. ഇങ്ങനെയുള്ള വസ്തുക്കളുപയോഗിച്ച് വറുത്തെടുക്കുന്ന സാധനങ്ങൾക്ക് രുചിയും വശീകരിക്കുന്ന ഗന്ധവുമാണ്.

ആരോഗ്യ രംഗം പഴയ ട്രെഡീഷണൽ ഫുഡിലേക്ക് തിരി

ച്ചു പോകണം. നല്ല വെളിച്ചെണ്ണ നല്ല ഉൽപന്നം ജനങ്ങളിലേക്ക് ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതൊരു പ്രതിബദ്ധതയാണ്. വെളിച്ചെണ്ണയെക്കുറിച്ച് നമ്മൾ ഗുണങ്ങൾ എഴുതുന്നു. വെളിച്ചെണ്ണ ഹാർട്ട് അറ്റാക്ക് വരുത്തില്ല, അൾഷിമേഴ്സിന് നല്ലതാണ്, ഡയബെറ്റിക്സിന് നല്ലതാണ് എന്ന് അടിവരയിട്ട് പറയുമ്പോൾ അത് ശുദ്ധമായ വെളിച്ചെണ്ണയാണ്. ജനറിക് പ്രമോഷൻ എന്നു പറയും. പക്ഷേ ജനറിക് പ്രമോഷൻ നടത്തുമ്പോൾ ഇതുപോലെയുള്ള കർഷക കൂട്ടായ്മകളോ സൊസൈറ്റികളോ ഉണ്ടാക്കുന്ന കലർപ്പില്ലാത്ത, ശുദ്ധമായ വെളിച്ചെണ്ണ ജനങ്ങൾക്ക് കൊടുത്തിട്ട് അതു കഴിച്ചിട്ട് ഹാർട്ട് അറ്റാക്ക് ഉണ്ടാകുന്നുണ്ടോ എന്നു നിരീക്ഷിക്കാനാണ് നമ്മുടെ വൈദ്യശാസ്ത്ര രംഗം ഇപ്പോൾ ശ്രദ്ധിക്കേണ്ടത്. വെളിച്ചെണ്ണ ഇന്ന് പൊതുവെ പറഞ്ഞാൽ അതിനുത്തരമാകുന്നില്ല. വെളിച്ചെണ്ണ അപകടകാരിയാണ് എന്നു പറയുമ്പോൾ അതിന്റെ പിന്നാമ്പുറത്തെ സത്യങ്ങൾ ആരും അറിയാതെ പോകുന്നു. അമേരിക്കൻ ലോബിയാണ് വെളിച്ചെണ്ണയ്ക്കെതിരെ ഒരുപാട് പ്രവർത്തിച്ചതെങ്കിലും അമേരിക്കയിലെ ഒരുപാട് ശാസ്ത്രജ്ഞർ നല്ല നല്ല ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. വെളിച്ചെണ്ണയുടെ സദ്ഗുണങ്ങൾ പുറത്തുകൊണ്ടു വന്നത് അമേരിക്കൻ ശാസ്ത്രജ്ഞൻമാർ തന്നെയാണ്. മേരി എനിഗ്, ജോൺ ജെ കാബറ ഇവരൊക്കെ പറഞ്ഞ കാര്യങ്ങൾ. ജോൺ ജെ കാബറ അമേരിക്കൻ മിഷിഗൺ യൂണിവേഴ്സിറ്റിയിലെ പ്രൊഫസ്സറാണ്. വെളിച്ചെണ്ണ ആന്റി മൈക്രോബിയൽ പ്രോപ്പർട്ടീസ് ഉണ്ടെന്ന് ആദ്യമായിട്ട് പറഞ്ഞതും അതിനെത്തുടർന്നുള്ള എല്ലാ പഠനങ്ങൾക്കും നേതൃത്വം നൽകിയതും ജോൺ ജെ കാബറയാണ്. എച്ച്.ഐ.വി. എയ്ഡ്സ്, കാൻസർ, അൽഷിമേഴ്സ്, ഡയബെറ്റിക്സ് ഈ രോഗങ്ങളെ പ്രതിരോധിക്കാനുള്ള ശേഷി വെളിച്ചെണ്ണയ്ക്കുണ്ട് എന്ന് പറഞ്ഞ് ശാസ്ത്ര രംഗത്തേക്കു വെളിച്ചെണ്ണയെ കൊണ്ടുവന്ന ഡോക്ടറാണ് അദ്ദേഹം.



കരിക്കിന്റെ ഇളം കാമ്പിൽ 4 ശതമാനം ഫാറ്റ് ഉണ്ട്. 12 മാസം പൂർത്തിയായി പാകമാകുമ്പോൾ അതിനകത്ത് നമ്മുടെ ഫാറ്റ് 44 ശതമാനത്തിലേക്ക് ഉയരുന്നു. അതായത് ഫാറ്റ് രൂപാന്തരപ്പെട്ട് തേങ്ങയിൽ വെളിച്ചെണ്ണയാകുന്നു. ഇളം കാമ്പ് കഴിക്കുന്നത് വളരെ നല്ലതാണ്. അമേരിക്കയിലെ തന്നെ സ്പോർട്സ് സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് പറഞ്ഞിരിക്കുന്നത് കരിക്കിൻ വെള്ളത്തിൽ ഇലക്ട്രോലൈറ്റ്സ് ഉണ്ട്, അമിനോ വൈറ്റമിൻസ് ഉണ്ട് ശരീരത്തിനുവേണ്ട എനർജി തരുന്ന എല്ലാമുണ്ട്. ഇലക്ട്രോലൈറ്റ്സ് എന്നു പറഞ്ഞാൽ ഒരു ലായനിയിൽ (വെള്ളത്തിൽ) കൂടി കടന്നു പോകുമ്പോൾ വൈദ്യുതി സംവാഹ ലായനിയായിട്ടു മാറുന്നതിനേയാണ് ഇലക്ട്രോലൈറ്റ്സ് എന്നു പറയുന്നത്. ശരീരത്തിലെ ഇലക്ടോലൈറ്റ്സ് എന്നു പറയുന്നതിൽ സോഡിയമുണ്ട്, പൊട്ടാസ്യമുണ്ട്, മഗ്നീഷ്യമുണ്ട്, കാൽസ്യമുണ്ട്, ക്ലോറിനുണ്ട് ഇതെല്ലാം ഇലക്ട്രോലൈറ്റുകളാണ്. ഇതിന്റെയെല്ലാം കലവറയാണ് കരിക്കിൻ വെള്ളം. എല്ലാ പാനീയങ്ങളിലും സ്പോർട്സ് ഡ്രിങ്കുകളിലും 50 ശതമാനത്തിൽ താഴെയായിരിക്കണം അതിന്റെ കാർബോ ഹൈഡ്രേറ്റ് അളവ് (അന്നജം). പക്ഷേ കരിക്കിൻ വെള്ളത്തിൽ 4 മുതൽ 5 ശതമാനം മാത്രമേയുള്ളൂ കാർബോഹൈഡ്രേറ്റ്സ് (അന്നജം). അതുകൊണ്ടാണ് ഏറ്റവും നല്ല സ്പോർട്സ് ഡ്രിങ്കായി കരിക്കിൻ വെള്ളം തെരഞ്ഞെടുക്കപ്പെടാനുള്ള കാരണം. ചകിരി നാര് ഫൈബറാണ്. നമ്മുടെ ഭക്ഷണത്തിനകത്തുണ്ടാകുന്ന ഫൈബർ എന്നു പറയുമ്പോൾ അത് നമ്മുടെ കോശഭിത്തികളിൽ കാണുന്ന സാധനങ്ങൾ തന്നെയാണ്. അതിനകത്ത് സെല്ലുലോസുണ്ട്, പെറ്റിനുണ്ട്, ഹെമി സെല്ലുലോയ്സുണ്ട്, ലിക്നിനുണ്ട്. ഇതെല്ലാം കോശങ്ങളിൽ അടങ്ങിയിരിക്കുന്ന സംയുക്തങ്ങളാണ്. ഈ സംയുക്തങ്ങളെല്ലാം ചേർന്നാണ് ഒരു ഫൈബർ എഫക്ട്സ് നമ്മുടെ വൻ കുടലിൽ ആഹാരം കഴിക്കുമ്പോൾ ഉണ്ടാകുന്നത്. ബവൽ മൂവ്മെന്റ് എന്നു പറയും. ഏത് ഫാറ്റ് കഴിച്ചു കഴിഞ്ഞാലും ഉണ്ടാകാത്ത ഒരു എഫക്ട് നമുക്ക് തേങ്ങ നല്കുന്നു. പക്ഷേ കാമ്പിന്റെ പാലെടുത്തുകഴിഞ്ഞിട്ടുള്ള ഒരു പ്രോഡക്ട് ഉണ്ട് കോക്കനട്ട് ഫ്ളോർ എന്നു പറയും. എണ്ണ മാറ്റി കഴിഞ്ഞു വരുന്ന പീര. അതിൽ 65 ശതമാനവും ഡയറ്ററി ഫൈബറാണ്.

കൊച്ചു കുഞ്ഞിന് ശുദ്ധമായ വെളിച്ചെണ്ണയോ വി.സി.ഒയോ 2–3 തുള്ളി വായിൽ തൊട്ടു കഴിഞ്ഞാൽ എന്തും ദഹിക്കും. വെളിച്ചെണ്ണയ്ക്കുള്ള അത്ഭുതകരമായിട്ടുള്ള കഴിവാണ് വെളിച്ചെണ്ണ നാക്കിൽ തൊട്ടാൽ അത് ദഹിക്കും എന്നത്. നാക്കു തൊട്ടു തുടങ്ങും അതിന്റെ ദഹന പ്രക്രിയ. സലൈവറി ലിപേസ് (ഉമിനീർ ശ്രവിപ്പിക്കുന്ന ദഹനരസം) മതി വെളിച്ചെണ്ണയെ ദഹിപ്പിച്ചെടുക്കാൻ. അതുകൊണ്ടാണ് ഡോ. ഹെഗ്ഡേ പറഞ്ഞത് കൊച്ചു കുഞ്ഞുങ്ങൾക്കുള്ള ഏത് കട്ടി കൊഴുപ്പുകളും ദഹിപ്പിക്കാൻ പാൻക്രിയാസ് ലിപേസ് മതി. കുഞ്ഞിന്റെ വായിൽ ഇത് കൊടുക്കുമ്പോൾ സ്മൂത്ത് ആയി ഇത് ദഹിച്ചു പോയതിന്റെ കാരണം അതാണ്. കൊച്ചുകുട്ടികൾക്ക് മറ്റു പാലുകൾക്കൊപ്പം രണ്ടോ മൂന്നോ തുള്ളി വെർജിൻ ഓയിൽ വായിൽ തൊട്ടു കൊടുക്കുന്നത് നല്ലതാണ്.

20 തരം കാൻസറിന് എതിരായിട്ട് വെളിച്ചെണ്ണ പ്രവർത്തിക്കുന്നു എന്നതാണ് ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ഒരു ശാസ്ത്രജ്ഞൻ പറഞ്ഞത്. 2015 സെപ്റ്റംബർ 28 ന് ഡൽഹിയിൽ അന്താരാഷ്ട്ര വെളിച്ചെണ്ണ സമ്മേളനം നടന്നു. ആ സമ്മേളനത്തെത്തുടർന്ന് ഒരു രണ്ടാം അന്താരാഷ്ട്ര സമ്മേളനം ബാങ്കോക്കിൽ നടന്നു. ഈ രണ്ടു സമ്മേളനത്തിലും അവതരിപ്പിക്കപ്പെട്ട ഒരു പേപ്പറായിരുന്നു 20 തരം കാൻസറിനെതിരെ പ്രവർത്തിക്കാൻ വെളിച്ചെണ്ണയുടെ ശേഷി സംബന്ധിച്ച്. അതിൽ ഏറ്റവും പ്രധാനം ഓറൽ കാൻസറാണ്. വദനാർബുദം. ഇതിനെ പ്രതിരോധിക്കാൻ വെളിച്ചെണ്ണ പോലെ നല്ല ഒരു വസ്തുവില്ല. രണ്ടാമത് കൊളോൺ കാൻസർ, മൂന്നാമത് ബ്രസ്റ്റ് കാൻസർ. യുണൈറ്റഡ് നേഷൻസ് യൂണിവേഴ്സിറ്റിയിൽ ഒരു വിഭാഗം പഠനങ്ങൾ തന്നെ നടക്കുന്നു. കാൻസർ കോശങ്ങളെ പ്രതിരോധിക്കാൻ വെളിച്ചെണ്ണ എങ്ങനെ ഉപകരിക്കും എന്ന് തെളിവുകൊണ്ടുവരാൻ ഒരു വിഭാഗം പഠനം നടക്കുന്നു. വളരെ അത്ഭുതാവഹമായിട്ടുള്ള പഠനഫലങ്ങൾ അവർക്ക് കിട്ടിക്കഴിഞ്ഞു. അധികം താമസിയാതെ ഇവ പ്രസിദ്ധീകരിക്കും. യൂണിവേഴ്സിറ്റി ഓഫ് അഡിലൈഡിൽ നടക്കുന്ന പഠനത്തിലും പറയുന്നത് ഇത് തന്നെയാണ്. കാൻസർ കോശങ്ങളെ പ്രതിരോധിക്കാൻ ഇതുപോലെയുള്ള ഒരു ഔഷധം വേറെയില്ല. അത് മരുന്നാക്കി എങ്ങിനെ കൊടുക്കും എന്നുള്ളതാണ് ഇപ്പോഴത്തെ ഗവേഷണം.



നമുക്ക് നല്ലൊരു സ്ഥാനം കിട്ടിയിട്ടുണ്ട്. ഇന്ത്യയുടെ ഡയബെറ്റിക് ക്യാപിറ്റലാണ് കേരളം. ദേശീയ ശരാശരി 8 ശതമാനം ഡയബെറ്റിക്സിൽ നിൽക്കുമ്പോൾ നമുക്ക് ഇവിടെ 20 ശതമാനമുണ്ട് ഡയബെറ്റിക്സ്. തിരുവനന്തപുരം ജില്ലയിൽ 17 ശതമാനവും ഉണ്ട്. അൽഷിമേഴ്സിന് വെർജിൻ വെളിച്ചെണ്ണ പ്രയോജനകരമാണെന്ന് വൈറലായ ഒരു വീഡിയോ ഉണ്. അപ്പോൾ ഈ പറഞ്ഞ കാൻസർ, അൽഷിമേഴ്സ്, ഓട്ടിസം തുടങ്ങി എല്ലാ രോഗങ്ങൾക്കും പ്രതിവിധിയായി ഇന്ന് വെളിച്ചെണ്ണ പ്രചാരത്തിലായി കൊണ്ടിരിക്കുകയാണ്. അടിവരയിട്ടു പറയേണ്ട ഒരു കാര്യം അത് വെളിച്ചെണ്ണയായിരിക്കണം എന്നു മാത്രം.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ലെ ഡോ. സതീഷ് എന്ന ശാസ്ത്രജ്ഞൻ പറയുന്നത് മദ്യപാനം മൂലമുണ്ടാകുന്ന കരൾ രോഗത്തിന് നീര നല്കിയതോടെ കരളിൽ കോശങ്ങൾ പുനരുജ്ജീവിച്ചു എന്നാണ്. നീരയുടെ ഒരു എഫക്ട് ആണ് ഇതിനു കാരണം. നീര നേരത്തെ തന്നെ ആസ്മ, മൂത്രാശയ രോഗങ്ങൾക്കെല്ലാം നല്ലതാണ്. മദ്യം നമ്മുടെ അകത്തു ചെല്ലുമ്പോൾ കരൾ പുറപ്പെടുവിക്കുന്ന സ്രവങ്ങളും ആൽക്കഹോളും ചേർന്ന് അസെറ്റാൾഡിഹൈഡ് എന്നു വസ്തു കരളിന്റെ പുറത്ത് ആവരണമായി രൂപപ്പെടും. ഈ അസറ്റാൾജിഹൈഡ് കട്ട പിടിച്ച വരുമ്പോഴാണ് കരൾ വീക്കം, കരളിന്റെ സെൽസ് പഴുക്കുക, സിറോസിസ്, കരൾ റിജിവിനേറ്റ് ചെയ്യാതിരിക്കുക തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാവുക. ഇതിനെല്ലാം നീര വളരെ പ്രയോജനം ചെയ്യുന്നു.

ഏതെല്ലാം ഉത്പ്പന്നം എടുത്തു കഴിഞ്ഞാലും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ആരോഗ്യം സംരക്ഷിക്കുന്നതിന് ഇതുപോലെ പറ്റിയ ഒരു വിളയില്ല. ഡോ. പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ ഒരു വാചകം ഉണ്ട്, ആത്മാവും ജീവനുമുള്ള ഒരു ഫലമാണ് തെങ്ങ്. അനുകൂല കാലാവസ്ഥയിൽ ഇത്തിരി നനയും കൊടുത്തുകഴിഞ്ഞാൽ വൃക്ഷമായിട്ട് വളരാൻ ശേഷിയുള്ള തേങ്ങ. സുഷുപ്തിയിൽ ഇരിക്കുകയാണ് തെങ്ങിൻതൈ അതിനകത്ത്. അതാണ് നമ്മൾ ആഹരിക്കുന്നത്. യാതൊരു കാരണവശാലും തെങ്ങെന്നു പറയുന്ന ഫലത്തെ നിങ്ങളുടെ ആഹാരത്തിൽ നിന്നും മാറ്റി നിർത്തരുത്. യാതൊരു തരത്തിലുള്ള ആരോപണങ്ങളും കേട്ടും കണ്ടും അതിനെ അകറ്റി നിർത്തരുത് എന്ന് ഡോ. പുനത്തിൽ കുഞ്ഞബ്ദുള്ള എഴുതിയിട്ടുണ്ട്.

വെളിച്ചെണ്ണ നല്ലതാണെന്നു പറഞ്ഞതുകൊണ്ട് മിതമായ രീതിയിൽ ആവശ്യത്തിനു വറക്കാം പൊരിക്കാം, പച്ചവെളിച്ചെണ്ണയൊഴിക്കാം, ഇതൊക്കെ ചെയ്യാം. നല്ല വെളിച്ചെണ്ണയിലാവണം. ആവശ്യത്തിൽ കൂടുതൽ ഉപയോഗിക്കണ്ട. നമ്മുടെ കുഞ്ഞുങ്ങളെ ആരോഗ്യമുള്ള തലമുറയായി വളർത്തിയെടുക്കാൻ ചെയ്യേണ്ടത് കുട്ടികൾക്ക് നല്ല ഭക്ഷണം കൊടുക്കുക, അമിതമായി ഭക്ഷണം കൊടുക്കാതിരിക്കുക. കുട്ടികൾക്ക് ആരോഗ്യത്തിന് ആവശ്യമായ പോഷകമൂലകങ്ങൾ ലഭിക്കത്തക്ക ഭക്ഷണ രീതി ശ്രദ്ധയോടുകൂടി കുട്ടികളെ ശീലിപ്പിക്കുക ഇതൊക്കെയൊരു മുന്നറിയിപ്പായി വച്ചുകൊണ്ട് തേങ്ങയെ നമ്മുടെ ആഹാരത്തിൽ നിന്നും മാറ്റി നിർത്താതിരിക്കുക, നമ്മളോടൊപ്പം കൊണ്ടുപോകുക. 2022 ആകുമ്പോൾ കാർഷിക മേഖല ഇരട്ടിയാക്കണമെങ്കിൽ തെങ്ങുകൃഷിയാണ് നമ്മുടെ മുഖ്യ കൃഷിയായി വരേണ്ടത്. അപ്പോൾ സമ്പത്തും ആരോഗ്യവും വർദ്ധിക്കും. ■


## ഏജന്റുമാരെ ആവശ്യമുണ്ട്

| | വാർഷിക വരിസംഖ്യ | ആയുഷ്കാല വരിസംഖ്യ (30 വർഷത്തേക്ക്) |
|---|---|---|
| 1. **ഇൻഡ്യൻ കോക്കനട്ട് ജേണൽ** (മാസിക - ഇംഗ്ലീഷ്) | 60 ക. | 1600 ക. |
| സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും | 200 ക. | 5000 ക. |
| 2. **ഇൻഡ്യൻ നാളികേര ജേണൽ** (മാസിക - മലയാളം) | 40 ക. | 1000 ക. |
| 3. **ഭാരതീയ നാരിയൽ പത്രിക** (ത്രൈമാസികം - ഹിന്ദി) | 40 ക. | 1000 ക. |
| 4. **ഭാരതീയ തെങ്ങു പത്രിക** (ത്രൈമാസികം - കന്നഡ) | 40 ക. | 1000 ക. |
| 5. **ഇന്തിയ തെന്നൈ ഇതൾ** (ത്രൈമാസികം - തമിഴ്) | 40 ക. | 1000 ക. |

ശാസ്ത്രീയ തെങ്ങുകൃഷി, നാളികേര സംസ്ക്കരണ-വിപണന രീതികൾ, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മേൽപറഞ്ഞ ജേണലുകൾക്ക് വാർഷിക വരിക്കാരെ ചേർക്കുന്നതിന് കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. 10 വരിക്കാരെ ചേർത്ത് ഏജന്റാകാം. ഏജന്റിന് 25 ശതമാനം കമ്മീഷൻ ലഭിക്കും.

**വരിക്കാരുടെ മേൽവിലാസത്തിൽ പിൻകോഡ് എഴുതിയിരിക്കണം**

കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും
താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.

**ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി - 682 011.**

# നാളികേരത്തിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾ

സി.ഡി.ബി. ന്യൂസ് ബ്യൂറോ

## 1. നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും

നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി വിത്തുത്പാദന പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ച് നെടിയതും, കുറിയതുമായ മികച്ച സങ്കരയിനം തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്തു വരുന്നു. കൂടാതെ ശാസ്ത്രീയ തെങ്ങുകൃഷി പ്രദർശന കേന്ദ്രങ്ങളായും ഇവ വർത്തിക്കുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി 10 വിത്ത് ഉത്പാദന പ്രദർശന തോട്ടങ്ങളാണ് ഉള്ളത്. പ്രദർശനത്തോട്ടങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കേര നേഴ്സറി വഴി കർഷകർക്കാവശ്യമായ ഇനം തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് ന്യായമായ വിലയ്ക്കു നൽകി വരുന്നു.

സ്വകാര്യ മേഖലയിൽ നഴ്സറി സ്ഥാപിച്ച് ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് വേണ്ടി വരുന്ന ചെലവിന്റെ 25 ശതമാനം സബ്സിഡിയായി ബോർഡ് നൽകി വരുന്നു. ചുരുങ്ങിയത് 25 സെന്റ് സ്ഥലത്ത് 6250 തെങ്ങിൻ തൈ ഉത്പാദിപ്പിക്കുന്ന യൂണിറ്റിന് 25,000 രൂപയും പരമാവധി ഒരു ഏക്കറിൽ 25000 തൈ ഉത്പാദിപ്പിക്കുന്ന യൂണിറ്റിന് 1 ലക്ഷം രൂപയും സബ്സിഡി നൽകി വരുന്നു. ബോർഡ് നേരിട്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഉത്പാദക ഫെഡറേഷനുകൾ വഴി വിത്തു തേങ്ങ ശേഖരിക്കുന്നതിനും നഴ്സറികൾ സ്ഥാപിച്ച് ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും കർഷകരെ ബോർഡ് പ്രോത്സാഹിപ്പിക്കുന്നു.

### സ്വകാര്യ മേഖലയിൽ വിത്തുത്പാദന തോട്ടങ്ങൾ തുടങ്ങുന്നതിന് ധനസഹായം

ഗുണമേന്മയുള്ളതും അത്യുത്പാദന ശേഷിയുള്ളതുമായ തെങ്ങിനങ്ങളുടെ തൈകൾ ശാസ്ത്രീയമായി നട്ടുവളർത്തി വിത്തുത്പാദന തോട്ടങ്ങൾ സ്വകാര്യ മേഖലയിൽ സ്ഥാപിക്കുന്നതിന് പരമാവധി 6 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകുന്നു. ചുരുങ്ങിയത് 4 ഹെക്ടർ (10 ഏക്കർ) സ്ഥലത്ത് പ്രസ്തുത തോട്ടം സ്ഥാപിക്കേണ്ടതാണ്.

### ഉചിതമായ നടീൽ വസ്തുക്കൾ തെരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

80 മുതൽ 100 വർഷം വരെ കാലയളവുള്ള ഒരു ബഹുവർഷ വിളയാണ് നാളികേരം. തെങ്ങ് കൃഷിയിൽ ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ തെരഞ്ഞെടുക്കുക എന്നതും ഏറെ പ്രാധാന്യമുള്ളതാണ്. വിവിധ ഘട്ടങ്ങളിലൂടെയാണ് ഗുണമേന്മയുള്ള വിത്തു തേങ്ങകളും, തൈകളും ഉത്പാദിപ്പിക്കുന്നത്. ഉചിതമായ നടീൽ വസ്തുക്കൾ തിരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. കാറ്റുവീഴ്ച്ചയോ, മറ്റ് രോഗ-കീട ബാധകളോ ബാധിച്ചിട്ടില്ലാത്ത തെങ്ങുകളായിരിക്കണം.
2. മാതൃവൃക്ഷങ്ങൾ ഉത്പാദന സ്ഥിരതയുള്ളതും, പ്രതിവർഷം 80 നാളികേരത്തിലധികം വിളവ് ലഭിക്കുന്നതും ആയിരിക്കണം. ഇത്തരം തെങ്ങുകളുടെ തേങ്ങയുടെ കൊപ്രാ തൂക്കം 150 ഗ്രാമിൽ കുറയരുത്.
3. തെങ്ങിൽ മുഴുവനായി വിരിഞ്ഞ 30 ഓലകൾ ഉണ്ടായിരിക്കണം.
4. പൂങ്കുലയ്ക്ക് താങ്ങ് നൽകും വിധം ക്രമീകരിച്ച ഓലകളായിരിക്കണം.
5. കുലയിൽ നിറയെ പൂക്കൾ ഉണ്ടാവുകയും അതിലോരോ ഞെട്ടിലും ഒന്നോ രണ്ടോ പെൺ പൂക്കൾ ഉണ്ടാവുകയും വേണം.
6. കുലകൾ കുറിയതും, കരുത്തും, ബലവുമുള്ളതുമാകണം.
7. പേട്ട് തേങ്ങകൾ ഉണ്ടാകുന്ന തെങ്ങുകളും മച്ചിങ്ങ കൊഴിക്കുന്ന സ്വഭാവമുള്ള തെങ്ങുകളും മാതൃ വൃക്ഷമായി തെരഞ്ഞെടുക്കരുത്.
8. ഫെബ്രുവരി മുതൽ മെയ് മാസം വരെയുള്ള തേങ്ങകളാണ് വിത്തിന് ശേഖരിക്കേണ്ടത്. വിളവെടുക്കുമ്പോൾ കേടുപാടുകൾ ഇല്ലാതിരിക്കാൻ ശ്രദ്ധിക്കണം.
9. 11 മാസം പ്രായമുള്ള മൂപ്പെത്തിയ തേങ്ങകൾ മാത്രം വിത്തിനായി വിളവെടുക്കുക.
10. അസാധാരണ വലിപ്പമുള്ളതും വികൃതവുമായ തേങ്ങകൾ ഒഴിവാക്കുക.

# കോക്കനട്ട് നഴ്സറി സ്ഥാപിക്കുന്നതിനുള്ള അപേക്ഷാഫോറം

1. അപേക്ഷകന്റെ പേര് : ...........................................................................................
2. അപേക്ഷകന്റെ മേൽവിലാസം : ...........................................................................................
3. സ്ഥലം (നഴ്സറിയിലേക്കുള്ള വഴി) : ...........................................................................................
4. പട്ടികജാതി/പട്ടികവർഗ്ഗമാണോ? : ...........................................................................................
5. അപേക്ഷകൻ സഹകരണ സംഘം,
സന്നദ്ധ സംഘടന, കെവികെ,
മറ്റ് ഏജൻസികൾ ഏതെങ്കിലുമാണോ?
ആണെങ്കിൽ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തുക : ...........................................................................................
6. ബാങ്കിൽ നിന്നും ധനസഹായം ലഭിച്ചതിന്റെ
വിവരങ്ങൾ (ധനസഹായം ഉണ്ടെങ്കിൽ)
   a. ബാങ്കിന്റെ പേര്, ശാഖ : ...........................................................................................
   b. അനുവദിക്കപ്പെട്ടിട്ടുള്ള മുഴുവൻ
   പദ്ധതികൾ : ...........................................................................................
   c. അനുവദിക്കപ്പെട്ടിട്ടുള്ള വായ്പ തുക : ...........................................................................................
   d. അപേക്ഷകന് ആവശ്യമായിട്ടുള്ള
   സബ്സിഡി : ...........................................................................................
7. നഴ്സറിയുടെ വിശദാംശങ്ങൾ
   a. വിസ്തീർണ്ണം (ഹെക്ടറിൽ ) : ...........................................................................................
   b. സർവ്വേ നമ്പർ, വില്ലേജ്, താലൂക്ക്, ജില്ല : ...........................................................................................
   c. വർഷത്തിൽ ഉത്പാദിപ്പിക്കാനുദ്ദേശിക്കുന്ന
   തെങ്ങിൻ തൈകളുടെ എണ്ണം : ...........................................................................................
   d. വിത്തു തേങ്ങയുടെ വിശദാംശങ്ങൾ

| നമ്പർ | ഇനം | എണ്ണം | ഉറവിടം (ഗവൺമെന്റ്/തദ്ദേശ സംഭരണം) |
|---|---|---|---|
| 1. | സങ്കരയിനം | | |
| 2. | കുറിയ ഇനം | | |
| 3. | പശ്ചിമ തീര നെടിയ ഇനം | | |
| 4. | മറ്റ് ഇനങ്ങൾ | | |
| | മൊത്തം | | |

(വിത്തു തേങ്ങകൾ സംഭരിക്കുന്ന ഫാമിന്റെ പേര്, എണ്ണം, മാതൃവൃക്ഷത്തിന്റെ പട്ടിക തുടങ്ങിയ വിവരങ്ങൾ വിശദമായി നൽകേണ്ടതാണ് )

   e. നഴ്സറി മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുള്ള ഉറവിടമാണോ

8. നഴ്സറി സ്ഥാപിക്കുന്നതിനുള്ള തുക

1. നിശ്ചിത ചെലവ്

| | **ഇനം** | | **ചെലവായ തുക** |
|---|---|---|---|
| 1. | വേലി കെട്ടൽ | : | ........................................................................................... |
| 2. | തണൽ നൽകൽ | : | ........................................................................................... |
| 3. | ഭൂമി തയ്യാറാക്കൽ | : | ........................................................................................... |
| 4. | ജലസേചനം | : | ........................................................................................... |
| | **മൊത്തം** | | |

2. തെങ്ങിൻ തൈ ഉത്പാദിപ്പിക്കുന്നതിനുള്ള ചെലവ്

| | **ഇനം** | | **ചെലവായ തുക** |
|---|---|---|---|
| 1. | വിത്തു തേങ്ങകളുടെ വില | : | ...................................................... |
| 2. | ഗതാഗതം | : | ...................................................... |
| 3. | പോളിത്തീൻ ബാഗ് | : | ...................................................... |
| 4. | മണ്ണ് | : | ...................................................... |
| 5. | രാസവളങ്ങൾ | : | ...................................................... |
| 6. | തൊഴിലാളികളുടെ കൂലി (തവാരണകൾ നിർമ്മിക്കുന്നതിന് ) | : | ...................................................... |
| 7. | തൊഴിലാളികളുടെ കൂലി (ജലസേചനം, കളനീക്കൽ, വള പ്രയോഗം) | : | ...................................................... |
| | **മൊത്തം** | | |

3. തെങ്ങിൻ തൈകളുടെ വില : ......................................................

## അപേക്ഷകന്റെ സത്യവാങ്മൂലം

ഞാൻ.........................................................................................മകൻ/മകൾ/ഭാര്യ........................................................................ (മേൽവിലാസം)............................................................................................................ മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും സത്യമാണെന്നും, നാളികേര നഴ്സറി സ്ഥാപിക്കാൻ ധനസഹായം ലഭിക്കുന്നതിനായി നാളികേര വികസന ബോർഡിന്റെ എല്ലാ വ്യവസ്ഥകളും, നിബന്ധനകളും അനുസരിച്ചുകൊള്ളാമെന്നും ഇതിനാൽ ഉറപ്പു നൽകുന്നു. ഞാൻ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും നാളികേര നഴ്സറി സ്ഥാപിക്കുന്നതിന് ധനസഹായമോ സബ്സിഡിയോ കൈപ്പറ്റിയിട്ടില്ല.

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ്

## സാക്ഷ്യപത്രം

**(സംസ്ഥാന കൃഷി ഓഫീസർ/ബോർഡിന്റെ ടെക്നിക്കൽ ഓഫീസർ എന്നിവരുടെ സാക്ഷ്യം)**

ഞാൻ..........................................................................മുകളിൽ പറഞ്ഞിരിക്കുന്ന അപേക്ഷകന്റെ നാളികേര നഴ്സറി പരിശോധിച്ചു. അപേക്ഷകൻ നാളികേര നഴ്സറി സ്ഥാപിക്കുന്നതിനും................തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നതിനുമുള്ള..................ഹെക്ടർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. വിത്തുതേങ്ങ സംഭരിക്കുന്നതിനായുള്ള സ്രോതസ്സിന് നഴ്സറി മോണിറ്ററിംഗ് കമ്മിറ്റി അനുമതി നൽകിയിട്ടുള്ളതാണ്.

സ്ഥലം ഒപ്പ്

തീയതി ഓഫീസ് മുദ്ര ഉദ്യോഗസ്ഥന്റെ പേര്

**ഓഫീസ് ഉപയോഗത്തിനു മാത്രം**

**പരിശോധകന്റെ നിർദ്ദേശങ്ങൾ**

പേര്, തസ്തിക

ചെയർമാന്റെ ഉത്തരവ്

ധനസഹായമായ ........................................................രൂപ അനുവദിച്ചിരിക്കുന്നു.

ചെയർമാൻ

നാളികേര വികസന ബോർഡ്

# കോക്കനട്ട് നഴ്സറി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. സംസ്ഥാന കൃഷി/ഹോർട്ടികൾച്ചർ വകുപ്പ്, പഞ്ചായത്തുകൾ, എൻജിഒ, അഗ്രോ ക്ലിനിക്കുകൾ, ആത്മ, കർഷക സംഘടനകൾ എന്നിവയിലൂടെ നാളികേര വികസന ബോർഡ് നടപ്പാക്കുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി കോക്കനട്ട് നഴ്സറി.

2. വ്യക്തിഗതമായോ, സ്വയം സഹായ സംഘങ്ങൾ വഴിയോ പഞ്ചായത്ത് മുഖേനയോ നഴ്സറി സ്ഥാപിക്കാവുന്നതാണ്. സ്വന്തമായ ഭൂമിയിലോ പാട്ടത്തിനെടുത്ത ഭൂമിയിലോ, പഞ്ചായത്ത് വക ഭൂമിയിലോ നഴ്സറി സ്ഥാപിക്കാവുന്നതാണ്. (പാട്ട ഭൂമിയിൽ 5 വർഷത്തിൽ കുറയാത്ത കാലാവധിയായിരിക്കണം).

3. ചുരുങ്ങിയത് 25 സെന്റ് സ്ഥലത്ത് 10000 വിത്തു തേങ്ങകൾ പാകി 6250 തെങ്ങിൻ തൈ ഉത്പാദിപ്പിക്കേണ്ടതാണ്.

4. കാറ്റു വീഴ്ച്ച രോഗമുള്ള പ്രദേശങ്ങളിൽ രോഗബാധയില്ലാത്ത തെങ്ങിൽ നിന്നുള്ള വിത്തു തേങ്ങകളാണ് തെരഞ്ഞെടുക്കേണ്ടത്. ഉത്പാദന സ്ഥിരത, 25 മുതൽ 60 വരെ പ്രായം, പ്രതിവർഷം 80 തേങ്ങയെങ്കിലും കിട്ടണം, കുറിയ ബലമുള്ള പൂങ്കുലത്തണ്ടുകൾ, രോഗബാധകൾ പാടില്ല. കുറിയതും ദൃഢതയുള്ളതുമായ ഓലകൾ, 30 ഓലകളെങ്കിലും ഉണ്ടാകണം.

5. ഖണ്ഡിക 4ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മാതൃ തെങ്ങുകൾ ലഭിക്കുന്നതിന് അതാത് സംസ്ഥാനങ്ങളിലെ കൃഷി ഭവനുകൾ, കൃഷി/ഹോർട്ടികൾച്ചർ വകുപ്പുകൾ മുൻകൈയെടുക്കുകയും, പരസ്യം ചെയ്യുകയും ചെയ്യും.

6. പ്രാദേശിക കേര കർഷകർ വഴിയും മാതൃ തെങ്ങുകളെ കണ്ടെത്താവുന്നതാണ്. ഇങ്ങനെ തെരഞ്ഞെടുക്കുന്ന തെങ്ങുകൾ നഴ്സറി മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് തെരഞ്ഞെടുക്കുന്നതായിരിക്കും.

7. മാതൃ തെങ്ങുകളെ തെരഞ്ഞെടുത്തതിന് ശേഷം ഗുണഭോക്താവ് പദ്ധതി റിപ്പോർട്ടിനൊപ്പം അപേക്ഷാ ഫോറം പൂരിപ്പിച്ച് 500 രൂപയുടെ ഡിഡി സഹിതം നാളികേര വികസന ബോർഡിൽ സമർപ്പിക്കേണ്ടതാണ്. പദ്ധതി റിപ്പോർട്ടും, 500 രൂപയുടെ ഡിഡിയും ഇല്ലാതെ സമർപ്പിക്കുന്നത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

8. സർക്കാർ സ്രോതസുകളിൽ നിന്നോ അംഗീകൃത മാതൃ വൃക്ഷ തോട്ടങ്ങളിൽ നിന്നോ വേണം വിത്തു തേങ്ങകൾ തെരഞ്ഞെടുക്കാൻ.

9. തൈകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം മോണിറ്ററിംഗ് കമ്മിറ്റിക്കായിരിക്കും.

10. സ്വന്തം പണം ഉപയോഗിച്ചോ, സഹകരണ ബാങ്കുകളിൽ നിന്നോ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വായ്പ എടുത്തോ നഴ്സറി പ്രവർത്തിപ്പിക്കാം.

11. പദ്ധതി ചെലവിന്റെ 25 ശതമാനം സബ്സിഡിയായി നൽകും. ചുരുങ്ങിയത് 25 സെന്റ് സ്ഥലത്ത് 6250 തെങ്ങിൻ തൈകൾ ഓരോ വർഷവും ഉത്പാദിപ്പിക്കുന്ന യൂണിറ്റിന് 25000 രൂപ രണ്ടു ഗഡുക്കളായി നൽകുന്നു. വിത്തു തേങ്ങ പാകിയതിനു ശേഷമാണ് ആദ്യ ഗഡു വിതരണം ചെയ്യുക. രണ്ടാം വർഷത്തെ വിത്തു തേങ്ങ പാകി, ആദ്യ വർഷത്തെ തെങ്ങിൻ തൈകൾ നഴ്സറി മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് സർട്ടിഫൈ ചെയ്ത ശേഷം രണ്ടാമത് ഗഡു നൽകും.

12. വിത്തു തേങ്ങ ശേഖരിച്ച മാതൃ വൃക്ഷ വിവരങ്ങൾ നഴ്സറിയിൽ ഉണ്ടാകേണ്ടതാണ്. വിത്തു തേങ്ങ നടുന്ന തിയതി, ഉത്പാദിപ്പിക്കുന്ന തൈകളുടെ എണ്ണം, തൈകൾ വിൽക്കുന്നതിന്റെ വിവരങ്ങൾ എന്നിവ നഴ്സറി രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

13. അപേക്ഷാർത്ഥികളിൽ നിന്ന് വായ്പ തിരിച്ചടക്കാൻ ശേഷിയുള്ള വരെയും, ഈ മേഖലയിൽ പ്രവൃത്തി പരിചയം ഉള്ളവരെയുമാണ് ബോർഡ് തെരഞ്ഞെടുക്കുന്നത്. അപേക്ഷാ ഫീസായ 500 രൂപ തിരിച്ചു നൽകുന്നതല്ല.

14. മേൽപ്പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങളെല്ലാം പാലിച്ച് 5 വർഷത്തേക്ക് പ്രവർത്തിക്കുന്ന നഴ്സറികൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനായി നാളികേര വികസന ബോർഡ് പരിഗണിക്കുന്നതായിരിക്കും.

# വിത്തുത്പാദന പ്രദർശന തോട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷാ ഫോം

1. അപേക്ഷകന്റെ പേര് : ..................................................................................
2. അപേക്ഷകന്റെ മേൽവിലാസം : ..................................................................................
3. വിത്തുത്പാദന തോട്ടം സ്ഥാപിക്കുന്ന സ്ഥലം : ..................................................................................
4. വിത്തുത്പാദന തോട്ടത്തിന്റെ വിവരങ്ങൾ : ..................................................................................
   a. വിസ്തീർണ്ണം (ഹെക്ടറിൽ), സർവ്വേ നമ്പർ : ..................................................................................
   b. മാതൃ വൃക്ഷങ്ങളുടെ എണ്ണം : ..................................................................................
   c. വ്യത്യസ്ത ഇനങ്ങൾ : ..................................................................................
   d. നടീൽ വസ്തുകളുടെ സ്രോതസ് : ..................................................................................
   e. ജലസേചനം : ..................................................................................
   f. തൈകൾ ഉത്പാദിപ്പിക്കാനുള്ള
   തോട്ടത്തിന്റെ വിസ്തൃതി : ..................................................................................
5. ധനസഹായം നൽകുന്ന സ്ഥാപനത്തിന്റെ വിവരങ്ങൾ
   a. സ്ഥാപനത്തിന്റെ പേര്, മേൽവിലാസം : ..................................................................................
   b. അദ്ധ്യക്ഷന്റെ പേര്, മേൽവിലാസം : ..................................................................................
   c. ധനസഹായമായി ലഭിച്ച തുക : ..................................................................................
   d. ഏതു രീതിയിലുള്ള ധനസഹായം : ..................................................................................
6. വിത്തുൽപാദന തോട്ടം സ്ഥാപിക്കുന്നതിനുള്ള ചെലവ്
   a. തൊഴിലാളികളുടെ വേതനം (*ഭൂമി ഒരുക്കൽ, തവാരണ തയ്യാറാക്കൽ, തേങ്ങ പാകൽ*) : ..................................................................................
   b. വേലി കെട്ടൽ, തണൽ നൽകൽ : ..................................................................................
   c. വിത്തു തേങ്ങകളുടെ വില : ..................................................................................
   d. ജലസേചനം : ..................................................................................
   e. പമ്പ്, ഡ്രിപ്പ്, സ്പ്രിങ്ക്ളർ എന്നിവ
   സ്ഥാപിക്കുന്നതിനുള്ള ചെലവ് : ..................................................................................
   f. കാർഷിക ഉപകരണങ്ങൾ : ..................................................................................
   g. മറ്റ് ചെലവുകൾ : ..................................................................................
   മൊത്തം : ..................................................................................
7. ആവർത്തന ചെലവുകൾ
   a. ഉപയോക്കുന്ന സാമഗ്രികളുടെ വില : ..................................................................................
   b. പരിപാലിക്കുന്നതിനുള്ള ചെലവ് : ..................................................................................
   മൊത്തം : ..................................................................................

## അപേക്ഷകന്റെ സത്യവാങ്മൂലം

ഞാൻ.........................................മകൻ/മകൾ/ഭാര്യ..............................................................

(മേൽവിലാസം)................................................................................................................................. മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും സത്യമാണെന്നും, വിത്തുത്പാദന തോട്ടം സ്ഥാപിക്കുന്നതിന് ധനസഹായം ലഭിക്കുന്നതിനായി നാളികേര വികസന ബോർഡിന്റെ എല്ലാ വ്യവസ്ഥകളും, നിബന്ധനകളും അനുസരിച്ചുകൊള്ളാമെന്നും ഇതിനാൽ ഉറപ്പു നൽകിക്കൊള്ളുന്നു. വിത്തുത്പാദന തോട്ടം നിർമ്മിക്കുന്നതിനായി ..................................................രൂപ ചെലവായിട്ടുണ്ടെന്നും നടീൽ വസ്തു വിശ്വസ്ത സ്രോതസ്സുകളിൽ നിന്നാണ് സംഭരിച്ചിട്ടുള്ളതെന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ്

## സാക്ഷ്യപത്രം

**(സംസ്ഥാന കൃഷി ഓഫീസർ/ബോർഡിന്റെ ടെക്നിക്കൽ ഓഫീസർ എന്നിവരുടെ സാക്ഷ്യം)**

ഗുണമേന്മയുള്ള നാളികേര തൈകൾ ഉദ്പാദിപ്പിക്കുന്നതിനായി ശ്രീ/ശ്രീമതി------------------------------സ്ഥാപിച്ചിരിക്കുന്ന വിത്തുത്പാദന പ്രദർശന തോട്ടം ഞാൻ ––––––––––––––––– പരിശോധിച്ചു. അപേക്ഷകൻ ––––––––രൂപ ചെലവഴിച്ചാണ്-------ഹെക്ടറിൽ-------എണ്ണം തൈകൾ നട്ട് പരിപാലിച്ച് വരുന്നത്. ഈ തോട്ടത്തിന്റെ വാർഷിക ഉത്പാദന ശേഷി--------എണ്ണം തെങ്ങിൻ തൈകളാണ്. മേൽ പറഞ്ഞകാര്യങ്ങൾ എന്റെ അറിവിലും ബോധ്യത്തിലും സത്യമാകുന്നു.

സ്ഥലം : ഒപ്പ്

തീയതി : ഓഫീസ് മുദ്ര ഉദ്യോഗസ്ഥന്റെ പേര്

## ഓഫീസ് ഉപയോഗത്തിനു മാത്രം

***പരിശോധകന്റെ നിർദ്ദേശങ്ങൾ***

ചെയർമാന്റെ ഉത്തവ് പേര്, തസ്തിക


ധനസഹായമായ ........................................................രൂപ അനുവദിച്ചിരിക്കുന്നു.

ചെയർമാൻ

## വിത്തുത്പാദന തോട്ടം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. പരമാവധി 6 ലക്ഷം രൂപ വരെയാണ് മൂന്ന് വർഷങ്ങളിലായി തോട്ടം സ്ഥാപിക്കുന്നതിന് ധനസഹായമായി നൽകുന്നത്. ആദ്യത്തെ വർഷം മൂന്ന് ലക്ഷം രൂപയും, പിന്നീടുള്ള രണ്ട് വർഷം 1.50 ലക്ഷം രൂപ വീതവുമാണ് നൽകുന്നത്.
2. രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ നഴ്സറികൾ, സഹകരണ സ്ഥാപനങ്ങൾ, എൻജിഒ, കർഷക കൂട്ടായ്മകൾ എന്നിവയ്ക്കും ധനസഹായം ലഭിക്കും. ഇതിനായി 4 ഹെക്ടർ (10 ഏക്കർ) സ്ഥലമാണ് ആവശ്യമായുള്ളത്. കേരളത്തിൽ 2 ഹെക്ടർ ( 5 ഏക്കർ) സ്ഥലത്തും തോട്ടം സ്ഥാപിക്കുവാൻ സ്ഥലവിസ്തീർണ്ണമനുസരിച്ച് ധനസഹായം ലഭിക്കും.
3. ഗുണമേന്മയുള്ള തൈകൾ അംഗീകൃത സ്ഥാപനങ്ങളായ സിപിസിആർഐ, സംസ്ഥാന കാർഷിക സർവ്വകലാശാല എന്നിവയിൽ നിന്നും സംഭരിക്കുക.
4. കൈവശാവകാശ സർട്ടിഫിക്കറ്റ്, വിത്തുത്പാദന തോട്ടം നിർമ്മിക്കുന്നതിന്റെ പദ്ധതി രേഖ എന്നിവ പൂരിപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
5. അപേക്ഷയോടൊപ്പം നാളികേര വികസന ബോർഡ് ചെയർമാന്റെ പേരിൽ കൊച്ചിയിൽ മാറാവുന്ന 1000 രൂപയുടെ ഡിഡിയും സമർപ്പിക്കണം.
6. അപേക്ഷ സമർപ്പിച്ചതിന് ശേഷം വിത്തുത്പാദന തോട്ടം നിർമ്മിക്കുന്ന സ്ഥലം നാളികേര വികസന ബോർഡ്, സിപിസിആർഐ, കാർഷിക സർവ്വകലാശാല ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നതാണ്.
7. വേലി കെട്ടൽ, ഭൂമി വികസനം, ജലസേചനം എന്നിവയും ഈ പദ്ധതിക്കു കീഴിൽ വരുന്നവയാണ്.
8. മൂന്ന് വർഷത്തേക്കാണ് നാളികേര വികസന ബോർഡിൽ നിന്നും ധനസഹായം ലഭിക്കുക. പിന്നീടുള്ള വർഷങ്ങളിൽ തോട്ടം ഉടമസ്ഥൻ തന്നെ ചെലവുകൾ വഹിക്കേണ്ടതാണ്. ഉത്പാദന ഘട്ടത്തിലെത്തുമ്പോൾ ബോർഡിലെ വിധഗ്ദ്ധരുടെ മാർഗ നിർദ്ദേശ പ്രകാരം മേൽത്തരം തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കാവുന്നതാണ്.
9. ബാങ്കിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ഗുണഭോക്താവിന് ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ അതും ക്രെഡിറ്റ് ലിങ്ക് പദ്ധതിയുമായി ബന്ധിപ്പിക്കാവുന്നതാണ്.
10. തോട്ടങ്ങളിൽ ഉത്പാദിപ്പിക്കുന്ന തൈകൾ നാളികേര വികസന ബോർഡിന്റെ മാനദണ്ഡമനുസരിച്ച് തോട്ട വികസന പരിപാടി ഉൾപ്പെടെയുള്ള മറ്റു പദ്ധതികളുമായി ബന്ധിപ്പിക്കാവുന്നതാണ്.
11. ഗുണഭോക്താക്കൾ, അവരുടെ തോട്ടത്തിൽ സ്വന്തം ചെലവിൽ നാളികേര വികസന ബോർഡിന്റെ സബ്സിഡി ലഭിച്ച തോട്ടം എന്ന ബോർഡ് പ്രദർശിപ്പിക്കേണ്ടതാണ്.




## മുഖമൊഴി

തെങ്ങിന്റെ ചരിത്രവും പൗരാണിക ബന്ധങ്ങളും സവിശേഷതകളും പ്രതിപാദിക്കുന്ന ഒരു ബാലസാഹിത്യകൃതി മലയാളത്തിലുണ്ടായിട്ടില്ല. കുരുത്തോല പന്തലിലൂടെ പ്രകാശിതമായ രചനകളെ അടിസ്ഥാനമാക്കി രചിക്കപ്പെട്ട നന്മമരം കുട്ടികളുടെ കൈകളിലെത്തുകയാണ്. കുട്ടികളുടെ വായനയുടെ ഇനങ്ങളിൽ കേര സംസ്ക്കാരവും ഇടം പിടിക്കുന്നു. ദീപാവലി നവരാത്രി ആശംസകളോടെ,

പായിപ്രരാധാകൃഷ്ണൻ




## കോമളമരം

കരിക്കിന്റെ സംസ്കൃത നാമമാണ് കോമള മരം. പിത്തജ്വരം, രക്തദോഷം, വെള്ളദാഹം, ഛർദ്ദി, ചുട്ടു നീറ്റൽ, രക്തപിത്ത സംബന്ധമായ രോഗങ്ങൾ എന്നിവയെ കരിക്ക് വേഗം ശമിപ്പിക്കുന്നുവെന്ന് രാജവല്ലഭ നിഘണ്ടുവിൽ പറയുന്നു. സർവ്വഫലാനാം കേരം പ്രധാനം എന്നാണ് പൗരാണികാചാര്യന്മാർ വിശേഷിപ്പിച്ചിട്ടുള്ളത്. ആഹാര വസ്തുക്കളെ മധുര ഗണം, അമൃതഗണം, ലവണ ഗണം എന്നിങ്ങനെ ആയുർവ്വേദം തിരിച്ചിട്ടുള്ളതിൽ മധുര ഗണത്തിലാണ് നാളികേരം ഉൾപ്പെടുന്നത്. ഫലസിദ്ധങ്ങളായ താലസസ്യങ്ങളും നാളികേരഫലങ്ങളും പോഷണം നൽകുന്നവയും സ്നിഗ്ധങ്ങളും ശീതവീര്യവും ഓജസ്സിനെ വർദ്ധിപ്പിക്കുന്നവയുമെന്ന് ചരക സംഹിത സൂത്രസ്ഥാനത്തിൽ പറയുന്നുണ്ട്.



*ഇളനീരു മിളം തേങ്ങാ പഴുത്തതു വരണ്ടതു*
*കൊട്ടയാറും കുരുത്തിട്ടും തേങ്ങയാറു പ്രകാരമാം*

എന്ന് കേരളീയ ഗ്രന്ഥമായ ഗുണപാഠത്തിൽ നാളികേരത്തെക്കുറിച്ച് പറയുന്നു. വെളിച്ചെണ്ണ ശരീരം തടിപ്പിക്കുകയും ബലം വർദ്ധിപ്പിക്കുകയും മുടിയുടെ വളർച്ചയെ സഹായിക്കുകയും ദന്തരോഗങ്ങളെ അകറ്റുകയും ചെയ്യും.

നാരികേലം, ദൃഢഫലം, ലാങ്ഗലി, സ്കന്ധഫല, തൃണരാജ, സദാഫല, സദാ പുഷ്പ, മൃദുഫല, രസഫല, ദൃഢനീര, മംഗല്യ, പ.യോധര, ശ്രീഫല, മഹാഫല, ജടാഫല തുടങ്ങിയവയെല്ലാം നാളികേരത്തിന്റെ സംസ്കൃത നാമങ്ങളിൽപ്പെടുന്നു.

പായിപ്രരാധാകൃഷ്ണൻ

# തെങ്ങു ചതിക്കില്ല

**ബാലൻ കുറുങ്ങോട്ട്** കുറിഞ്ഞിലിയോട്

കർഷക പ്രമാണിയും പൊതുകാര്യ പ്രസക്തനും, സ്ഥലത്തെ പ്രധാന പൗരനുമായ കിട്ടുണ്ണി പണിക്കർ വീടിന്റെ മുൻവശത്തെ വഴിയിൽ തന്റെ സർവ്വസ്വവുമായ കൽപവൃക്ഷങ്ങളുടെ മണ്ടയിൽ കണ്ണും നട്ട് വിഷാദ മൂകനായി നിൽക്കുമ്പോഴാണ് സമീപത്തെ പ്രൈമറി വിദ്യാലയത്തിലെ പ്രധാനാദ്ധ്യാപകനായ ഗോപാലൻ മാഷ് അതിലെ വന്നത്. അതുവരെ ഒരിക്കലും ഇത്തരമൊരവസ്ഥയിൽ പണിക്കരെ കണ്ടിട്ടില്ലാത്ത മാസ്റ്റർ അടുത്തു ചെന്ന് മുരടനക്കി ചോദിച്ചു.

അല്ല, രാവിലെ തന്നെ പണിക്കർക്കെന്തുപറ്റി ? തെങ്ങിനെന്തെങ്കിലും രോഗം പിടി പെട്ടുവോ? മണ്ഡരി, കൂമ്പു ചീയൽ, ഇടിവെട്ട് അങ്ങനെ വല്ലതും. ഗോപാലൻ മാസ്റ്ററുടെ ആകസ്മികമായ ചോദ്യം കേട്ട് പണിക്കർ ഒന്നു ഞെട്ടി തിരിഞ്ഞു നോക്കി. വിഷാദ മുഖഭാവത്തോടെ പണിക്കർ പറഞ്ഞു തുടങ്ങി.

മാഷേ, എനിക്കിപ്പോൾ വയസ്സെഴുപത്. ജീവിതത്തിൽ ഞാനാരോടും ഇന്നേവരെ തോറ്റിട്ടില്ല. എന്നോടാരും ഇന്നുവരെ ധിക്കാരമായി സംസാരിച്ചിട്ടുമില്ല. നിങ്ങളൊന്നീ തെങ്ങിൻ മണ്ടയിലേക്കു നോക്കൂ ഓലകളെല്ലാം വാടിയൊടിഞ്ഞു കിടക്കുന്നത് കണ്ടില്ലേ. തേങ്ങകൾ വരണ്ടുണങ്ങിക്കിടക്കുന്നു. മിക്കതും ഉണങ്ങി വീഴാറായി. നാളേറെയായി മാഷേ തെങ്ങിൽ കയറിയിട്ട്.

അതെന്താ പണിക്കരെ കൊയ്യായിക്കാരൻ കണാരൻ കൃത്യമായി വരാറില്ലേ? അവൻ നല്ല മര്യാദക്കാരനാണല്ലോ. മാസ്റ്ററുടെ ചോദ്യം.

അതേയതേ കാലം മാറി മാഷേ. മാഷൊന്നും അറിയുന്നില്ല. രാവിലെ സ്കൂളിലേക്ക് വൈകുന്നേരം വീട്ടിലേക്ക്. എന്നാൽ കേൾക്കണോ മാഷ്ക്ക്. ആറു മാസം മുമ്പ് തന്നെ തേങ്ങ പറിക്കാൻ വന്നതാ കണാരൻ. സാധാരണ രാവിലെ ഏഴുമണിക്കു തെങ്ങിൽ കയറാൻ കണാരനെത്താറാണ് പതിവ്. വരുന്നപാടെ ഞാനും, കണാരനും ഒരു കുശലം പറച്ചിലുണ്ട്. ആനുകാലിക, രാഷ്ട്രീയം അങ്ങിനെ പലതും. എന്റെ ഭാര്യ കല്യാണിയും അതിൽ പങ്കു ചേരും. അങ്ങിനെ നർമ്മ സംഭാഷണത്തോടെയാണ് എന്നും തെങ്ങു കയറ്റം ആരംഭിക്കാറ്.

എന്നാൽ അന്നൊരു ദിവസം തെങ്ങിൽ കയറാൻ വന്ന കണാരന്റെ ഭാവമാകെ മാറിയിരിക്കുന്നു. ഒരു ഘന ഗംഭീര ഭാവം. കണ്ട ഭാവമില്ല. വരുന്നപാടെ തെങ്ങിൽ ഒറ്റക്കയറ്റം. ഏണിക്കമ്പിൽ കാലുറപ്പിച്ച് എന്നെയും കല്യാണിയേയും തുറിച്ചൊരു നോട്ടം. ഞങ്ങൾ ആകെ പേടിച്ചു പോയി.

അയ്യോ എന്തു പറ്റീ നമ്മുടെ കണാരന്. ഇങ്ങിനെയൊന്നും പതിവില്ലല്ലോ. ഭാര്യയുടെ ചോദ്യം.

എല്ലാ സമയവും മനുഷ്യർക്കൊരുപോലെയായിരിക്കില്ല കല്യാണീ. വല്ല കുടുംബ പ്രശ്നങ്ങളുമായിരിക്കും. ഞാൻ ഭാര്യയെ സമാധാനിപ്പിച്ചു.

സമയം പത്തുമണിയായി. കല്യാണി ചായകുടിക്കാൻ കണാരനെ വിളിച്ചു. അതിനും കണാരന്റെ അർത്ഥ ഗർഭമായ ഒരു മൂളൽ. കണാരൻ ചായക്കിരുന്നു. കല്യാണി പുട്ടും കറിയുമായെത്തി.

ഒറ്റക്ഷണം പുട്ടുമതി ബാക്കിയെല്ലാമങ്ങെടുത്തോ. കണാരന്റെ സുഗ്രീവാജ്ഞ. ഒരു മയവുമില്ലാത്ത സംസാരം. കല്യാണി അന്തം വിട്ടു നിന്നു.

ചായ കഴിഞ്ഞു വീണ്ടും കയറ്റം ആരംഭിച്ചു. കയറ്റം ഒരുവി




കേരളത്തിന്റെ കൽപവൃക്ഷമായ തെങ്ങിന്റെ കഥയും ചരിത്രവും പറയുന്ന ആദ്യത്തെ ബാലസാഹിത്യ കൃതി നന്മമരം സെപ്തംബർ 19ന് 2 മണിക്ക് തിരുവനന്തപുരം സെക്രട്ടറിയേറ്റ് ഡർബാർ ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി സി. രവീന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സുഗതകുമാരി, പ്രഭാവർമ്മ, കെ. വി. മോഹൻ കുമാർ ഐ.എ.എസ്., പള്ളിയറ ശ്രീധരൻ തുടങ്ങിയവർ പങ്കെടുത്തു.

നാളികേര വികസന ബോർഡിന്റെ ജേർണലിലെ കുരുത്തോല പന്തലിൽ പ്രസിദ്ധീകൃതമായ നന്മമരം പായിപ്ര രാധാകൃഷ്ണനാണ് രചിച്ചിരിക്കുന്നത്.

ധം കഴിച്ചു തേങ്ങയൊന്നും എണ്ണി തിട്ടപ്പെടുത്താതെ കൊടുവാൾ അരയിൽ തിരുകി. ഒരപരിചിതരോടെന്നപോലെ എന്റെയും കല്യാണിയുടേയും നേരെ നോക്കി കണാരന്റെ പ്രവചനം. കൂലിയെല്ലാം കൂട്ടിയിട്ടുണ്ട്. ഒരു തെങ്ങിന് 50 രൂപ വെച്ച് കൂട്ടണം. ഒരു ദിവസം ഇരുപത് തെങ്ങിലേ കയറൂ. അടുത്തകൊല്ലം എനിക്കറുപത് തികയും അതോടെ കയറ്റവും നിർത്തും. അന്ന് ആനുകൂല്യം കിട്ടണം. കൂടിയത് ഒരുലക്ഷം. അതുവരെ വേറെ ആരേയും കയറ്റിക്കാനും പറ്റില്ല. ഇതും പറഞ്ഞ് കണാരൻ കൊയ്യൽ തേങ്ങയുമെടുത്ത് പുറപ്പെടാൻ നേരം പറഞ്ഞു ബാക്കി അടുത്ത ആഴ്ച.

എൺപത് തെങ്ങുള്ള എന്റെ പറമ്പിൽ മുമ്പൊക്കെ കണാരൻ ഒറ്റക്കായിരുന്നു കയറിയിരുന്നത്. ഒരു ദിവസം ഇരുപത് തെങ്ങെന്ന കണക്കിൽ ഇവിടെ നാലു ദിവസത്തെ കയറ്റമുണ്ട്. ഇത്രയധികം സംഖ്യയൊന്നും കൊടുക്കാൻ എന്നെക്കൊണ്ടാവില്ല മാഷേ. ഇതാരുണ്ടാക്കിയ നിയമമാണ്. ദൈവം പോലും പൊറുക്കില്ല. അടുത്തിടെ ഒരു ദിവസം എന്റെ മകൻ എവിടെ നിന്നോ ഒരു പരിചയക്കാരനെ കൊണ്ടു വന്ന് ഒരു ദിവസം കയറ്റിച്ചു. അവൻ ഏണിയൊന്നുമില്ലാതെ ഉടുമ്പ് കയറുന്നതുപോലെ തെങ്ങിൽ ഒറ്റക്കയറ്റം.

അപ്പോഴേക്കും കണാരനതാ സംഹാരരുദ്രനെപ്പോലെ കണ്ണും ഉരുട്ടി അലറിക്കൊണ്ടടുക്കുന്നു. നിന്നോടാരാപറഞ്ഞത് തെങ്ങിൽ കയറാൻ? തൊട്ടു പോകരുത് തെങ്ങ്. വന്നവൻ ജീവനും കൊണ്ടോട്ടം. ഉടനെ കണാരൻ എന്റെ സ്ഥലത്തെല്ലാം കയറും ചൂടിയും കൊണ്ടു വന്നു തടസ്സം സൃഷ്ടിച്ചു. അന്നു മുതൽ തേങ്ങയെല്ലാം പരക്കെ വീണ് കണ്ടവർ കൊണ്ടുപോകുന്നു. കഴിഞ്ഞ ദിവസമാണ് അടുത്ത വീട്ടിലെ രാമൻ നായരുടെ മുറ്റത്തെ തെങ്ങിൽ നിന്ന് അയാളുടെ അനിയന്റെ തലയിൽ തേങ്ങവീണ് സമാധിയായത്. ഇതു തന്നെയാകില്ലേ ഞങ്ങളുടേയും ഗതി. തെങ്ങ് ചതിക്കില്ലെന്നു ഏതോ പുരാണത്തിൽ പറഞ്ഞിട്ടുണ്ടത്രേ. പക്ഷേ തെങ്ങും ചതിച്ചു.

നിർനിമേഷനായി ഇതെല്ലാം കേട്ടു നിന്ന് ഗോപാലൻമാസ്റ്റർ കിട്ടുണ്ണിപണിക്കർക്ക് ഗീതോപദേശം നൽകി.

പണിക്കരെ ഒന്നിനും തോറ്റു കൊടുക്കരുത്. ഇതിന്റെയെല്ലാം പിന്നിൽ ഏതൊക്കെയോ ദുഷ്ട ബുദ്ധികൾ പ്രവർത്തിച്ചിട്ടുണ്ട്. തേങ്ങ പറിക്കാൻ ഒരു യന്ത്രം വിപണിയിലിറക്കിയിട്ടുണ്ട് പണിക്കർ മകനെ അതിന്റെ പരിശീലനത്തിനയക്കുക. പഞ്ചായത്തും കൃഷിവകുപ്പും പരിശീലനം നൽകുന്നുണ്ട്. പിന്നെ നഷ്ടപരിഹാരത്തിന്റെ കാര്യം പണിക്കർ ഈ കാര്യങ്ങളെല്ലാം കാണിച്ച് ഉപഭോക്തൃ കോടതിയിൽ ഒരു പരാതി നൽകൂ. വക്കീൽ വേണ്ട, ഫീസ് വേണ്ട. ആരാണ് നഷ്ടം കൊടുക്കേണ്ടതെന്ന് അവർ തീരുമാനിക്കട്ടെ. തൊഴിലാളിയെ ചൂഷണം ചെയ്യാൻ മുതലാളിക്കോ, മുതലാളിക്ക് നഷ്ടം വരുത്താൻ തൊഴിലാളിക്കോ അധികാരമില്ല. ഇത് നിയമമാണ്.

മാസ്റ്റർ ഭൂമദ്ധ്യത്തിൽ ദൃഷ്ടികളൂന്നി ഒരു വെളിപാടെന്നപോലെ പ്രവചിച്ചു.

*ഇല്ല തെങ്ങ് ഒരിക്കലും ചതിക്കില്ല അത് കൽപവൃക്ഷമാണ്.* ■



കവിത=

# നീര

**കെ. വി. രാധാകൃഷ്ണൻ**
രാമമംഗലം

നീരയൊരുത്തമ പാനീയം താൻ
നേരിട്ടറിയുമ്പോൾ മേന്മ കാണാം.
ഉന്മേഷ ദായിനി, തേൻ മധുരം
ഉത്സാഹമോടെ കുടിച്ചു നോക്കാം.

മറ്റുള്ള ദാഹശമനികളിൽ
മത്സരിച്ചെത്തുമ്പോൾ നീര മുന്നിൽ
ദാഹമകറ്റിയുണർവ്വു നൽകും
ധാതു ലവണങ്ങളേറെയുണ്ടേ!

നിത്യവും നീര കുടിച്ചുവെന്നാൽ
നിർണ്ണയം രോഗ വിമുക്തരാകാം
തെങ്ങേകുമീ വരദാനമെന്നും
താങ്ങും തണലുമായ് ശോഭിക്കട്ടെ.

നീര ഒരിക്കൽ കുടിച്ചു പോയാൽ
നേരാണേ വീണ്ടുമുദിക്കും മോഹം
ശീലവുമാക്കാൻ മുതിരുമെങ്കിൽ
നീരയും നിർവിഘ്നം ശ്രേഷ്ഠമാകും.

ലേഖനം

# നാളികേര ഉൽപാദനത്തിൽ കേരളം വീണ്ടും ഒന്നാം സ്ഥാനത്ത്

**കൃഷ്ണകുമാർ പൊതുവാൾ**

കേരളം വീണ്ടും നാളികേര ഉൽപാദനത്തിൽ വൻ നേട്ടവുമായി ഒന്നാം സ്ഥാനം തിരിച്ചു പിടിച്ചു. കുറെ വർഷങ്ങളായി 2, 3 സ്ഥാനങ്ങളായിരുന്നു കേരളത്തിന് നാളികേര ഉൽപാദനത്തിനെങ്കിൽ ഇപ്പോൾ 746.43 കോടി നാളികേരം ഉൽപാദിപ്പിച്ച് കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്തെത്തി. തമിഴ്നാടിന് രണ്ടാം സ്ഥാനവും കർണ്ണാടകയ്ക്ക് മൂന്നാം സ്ഥാനവും കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു.

എന്നാൽ ഒന്നാം സ്ഥാനം കേരളം തിരിച്ചു പിടിച്ച വിവരം അധികമാരും അറിഞ്ഞിട്ടില്ലെന്നത് ദുഃഖ സത്യമാണ്. 2015 – 16ലെ ബോർഡിന്റെ കണക്കുകൾ പുറത്തുവന്നിട്ടുണ്ട്. കേരളീയർക്കാകെയും നാളികേര വികസന ബോർഡിനും അഭിമാനിക്കാൻ വക നൽകുന്ന വിവരങ്ങളാണ് പുറത്തു വരുന്നത്. 2015 – 16 ൽ 7.7 ലക്ഷം ഹെക്ടറിൽ നിന്നായി കേരളം 742.94 കോടി തേങ്ങ ഉൽപാദിപ്പിച്ചു. തമിഴ്നാട്ടിൽ 4.6 ലക്ഷം ഹെക്ടറിൽ നിന്നായി 617.1 കോടി തേങ്ങയും കർണ്ണാടകത്തിൽ 5.26 ലക്ഷം ഹെക്ടറിൽ നിന്ന് 512.9 കോടി തേങ്ങയുമാണ് ഉൽപാദിപ്പിച്ചത്.

2016 ലെ സാമ്പത്തിക അവലോകനത്തിൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് പറയുന്നത് 2015 ൽ കേരളം ഉൽപാദനത്തിൽ മൂന്നാം സ്ഥാനത്താണെന്നാണ്. ആ വർഷത്തെ ഉൽപാദനം 587.3 കോടി തേങ്ങയാണ് ഉൽപാദിപ്പിച്ചതെന്നാണ് അവലോകനത്തിൽ പറയുന്നത്. നാളികേര വികസനബോർഡ് ആവിഷ്ക്കരിച്ചു നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഫലമായാണ് കേരളം ഒന്നാം സ്ഥാനം വീണ്ടെടുത്തത്. 2015 ലെ സ്ഥിതി വിവരക്കണക്കനുസരിച്ച് കേരളത്തിൽ ഒരു തെങ്ങിൽ നിന്ന് ശരാശരി 60 തേങ്ങ ലഭിക്കുന്നുണ്ട്.

2006 – 2007 ൽ ഒരു ഹെക്ടറിൽ നിന്ന് 6935 നാളികേരമാണ് ലഭിച്ചിരുന്നത്. 2016 – 17 ആയപ്പോഴേക്കും 9663 ആയി ഉയർന്നു. 2020 ആകുമ്പോഴേക്കും ഉൽപാദനം 12000 ആക്കുകയെന്ന ലക്ഷ്യമാണ് നാളികേര വികസനബോർഡ് ഉന്നം വച്ചിരിക്കുന്നത്. കേടു വന്നതും പ്രായമായതുമായ തെങ്ങുകൾ വെട്ടി മാറ്റി പുതിയ തൈ വയ്ക്കുന്ന തെങ്ങു കൃഷി പുനരുദ്ധാരണം എന്ന ബൃഹത് പദ്ധതിയാണ് ബോർഡ് നടപ്പാക്കുന്നത്.

2011 വരെ നാളികേര ഉൽപാദനത്തിൽ കേരളം ഒന്നാമതായിരുന്നു. നാളികേരത്തിന്റെ വിലത്തകർച്ചയും രോഗലക്ഷണങ്ങളുമാണ് കേരളത്തെ പിന്നോട്ടടിച്ചത്. 1970 – 71 ൽ ഇന്ത്യയിൽ 10.5 ലക്ഷം ഹെക്ടറിൽ തെങ്ങ് കൃഷി ചെയ്തതിൽ 7.19 ലക്ഷം ഹെക്ടറും കേരളത്തിലായിരുന്നു. 2017 ആയപ്പോഴേക്കും ഇതര സംസ്ഥാനങ്ങളിൽ തെങ്ങു കൃഷി വർദ്ധിച്ചു. ഇന്ത്യയിലെ നാളികേര മേഖല 2096 ലക്ഷം ഹെക്ടറായി. എന്നാൽ കേരളത്തിൽ 7.70 ലക്ഷം ഹെക്ടറിൽ ഒതുങ്ങി. രാജ്യത്തെ മൊത്തം നാളികേര കൃഷിയുടെ ഉൽപാദനത്തിൽ 37 ശതമാനവും ഉൽപാദനത്തിന്റെ 33.5 ശതമാനവും കേരളത്തിലാണെന്നത് സന്തോഷകരമായ വസ്തുതയാണ്. ■



# രാജ്യത്ത് വിവിധ സംസ്ഥാനങ്ങളിൽ നാളികേര ദിനം ആഘോഷിച്ചു.

**നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ സെപ്റ്റംബർ രണ്ടിന് നാളികേര ദിനം സമുചിതമായി ആചരിച്ചു.**

പാറ്റ്ന റീജണൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ബിഹാർ വെറ്ററിനറി കോളജിന്റെ പാറ്റ്ന കാമ്പസിൽ നാളികേര ദിനം ആചരിച്ചു. പാറ്റ്ന, കേന്ദ്ര ഉരുളക്കിഴങ്ങു ഗവേഷണ സ്ഥാപനത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശംബുകുമാർ പരിപാടികൾ ഉദ്ഘാടനം ചെയ്തു. നാളികേര വികസന ബോർഡിലെ മുൻ മുഖ്യ നാളികേര വികസന ഓഫീസർ ഡോ.ആർ കെ സിംങ് ആമുഖ പ്രഭാഷണം നടത്തി. വിള വിഭാഗം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ജെഎസ് മിശ്ര അധ്യക്ഷനായിരുന്നു. ഹോർട്ടിക്കൾച്ചർ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ പവൻ കുമാർ, പാറ്റ്ന അഗ്രിക്കൾച്ചർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അസിസ്റ്റന്റ് പ്രഫസർ ഡോ. സംഗീത കുമാരി, ലക്ഷ്മിസരായ് കൃഷിവിജ്ഞാന കേന്ദ്രം പ്രോജക്ട് കോ ഓർഡിനേറ്റർ ഡോ. അരവിന്ദ് കുമാർ, ലിച്ചി നാഷണൽ റിസർച്ച് കേന്ദ്രം സീനിയർ സയന്റിസ്റ്റ് ഡോ. അമരേന്ദ്ര കുമാർ, ഹോർട്ടിക്കൾച്ചർ ഡെപ്യൂട്ടി ഡയറക്ടർ ഡോ. രാകേഷ് കുമാർ, അഗ്രിക്കൾച്ചർ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അസിസ്റ്റന്റ് പ്രൊഫസർ ഡോ. രാജേഷ് കുമാർ, പാറ്റ്ന റൈസ് ഡവലപ്മെന്റ് ഡയറക്ടറേറ്റ് ടെക്നിക്കൽ ഓഫീസർ ഡോ. അരവിന്ദ് കുമാർ, കേന്ദ്ര സംയോജിത കീടനിയന്ത്രണ മാനേജ്മെന്റ് സ്റ്റേഷൻ ഇൻ ചാർജ് ശ്രീ ശൈലേഷ് കുമാർ, നാളികേര വികസന ബോർഡ് പാറ്റ്ന ടെക്നിക്കൽ ഓഫീസർ ശ്രീ പങ്കജ് കുമാർ എന്നിവർ പങ്കെടുത്തു. ഉദ്ഘാടനത്തിനു ശേഷം നടന്ന സമ്മേളനത്തിൽ സീനിയർ സയന്റിസ്റ്റ് ഡോ. അമരേന്ദ്ര കുമാർ നാളികേരം അനുദിന ജീവിതത്തിൽ എന്ന വിഷയത്തെ അധികരിച്ച് സംസാരിച്ചു. അസിസ്റ്റന്റ് പ്രൊഫസർ ഡോ. സംഗീത കുമാരി നാളികേര കൃഷിയെ കുറിച്ചും, നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ രാജീവ് ഭൂഷൺ പ്രസാദ് സംയോജിത കീട നിയന്ത്രണ മാർഗ്ഗങ്ങളെ കുറിച്ചും ക്ലാസെടുത്തു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 150 കൃഷിക്കാർ പരിപാടിയിൽ പങ്കെടുത്തു. നാളികേര വികസന ബോർഡ് ടെക്നിക്കൽ ഓഫീസർ ശ്രീ പങ്കജ് കുമാർ നന്ദി പറഞ്ഞു.




### കൊണ്ടഗാവ്

നാളികേര വികസന ബോർഡിന്റെ കൊണ്ടഗാവ് വിത്തുത്പാദന പ്രദർശന തോട്ടത്തിൽ സെപ്റ്റംബർ 2 ന് നാളികേര ദിനം സമുചിതമായി കൊണ്ടാടി. മുഖ്യാതിഥിയായി പങ്കെടുത്ത കൊണ്ടഗാവ് ജില്ലാ കളക്ടർ ശ്രീ ഷമീർ വിഷ്ണോയി ഐഎഎസ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. നാളികേര വികസന ബോർഡ് കൊണ്ടഗാവ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ വേദപാൽ സിംങ് സ്വാഗതം ആശംസിച്ചു. കൊണ്ടഗാവ് ഡെപ്യൂട്ടി കളക്ടർ ഡോ. നേഹ കപൂർ ചടങ്ങിൽ പ്രത്യേക അതിഥിയായി പങ്കെടുത്തു സംസാരിച്ചു. ഛത്തിസ്ഗഢിൽ പ്രത്യേകിച്ച് ബസ്റ്റർ മേഖലയിൽ നാളികേര കൃഷിയിലൂടെ നേടാവുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് കൊണ്ടഗാവ് ഹോർട്ടിക്കൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ കമലേഷ് സാഹു വിവരിച്ചു.




നാളികേര വികസന ബോർഡ് കൊണ്ടഗാവ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ വേദപാൽ സിംങ് ഈ വർഷത്തെ നാളികേര ദിനത്തിൽ ചർച്ച ചെയ്യാൻ തെരഞ്ഞെടുത്ത ആരോഗ്യകരവും സമ്പന്നവുമായ ജീവിതം നാളികേരത്തോടൊപ്പം എന്ന വിഷയത്തെ കുറിച്ചും സംസാരിച്ചു. നാളികേര കർഷകർക്കായി നാളികേര വികസന ബോർഡ് ആവിഷ്കരിച്ചു വരുന്ന വിവിധ പദ്ധതികളും അദ്ദേഹം വിവരിച്ചു. ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത കൊണ്ടഗാവ് ജില്ലാ കളക്ടർ നാളികേര കൃഷിക്കാരുടെ ക്ഷേമത്തിനായി നാളികേര ബോർഡ് നടത്തുന്ന പരിശ്രമങ്ങളെ അഭിനന്ദിച്ചു. കൊണ്ടഗാവിലെ വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള 100 കൃഷിക്കാർ പരിപാടിയിൽ പങ്കെടുത്തു.കമലേന്ദു ദേബ് നന്ദി പറഞ്ഞു.

### ഭുവനേശ്വർ

നാളികേര വികസന ബോർഡിന്റെ ഒഡിഷ സംസ്ഥാന ഓഫീസും പിട്ടാപ്പിള്ളി വിത്തുത്പാദന പ്രദർശന തോട്ടവും ചേർന്ന് സംയുക്തമായി ഭുവനേശ്വർ ഇമേജിൽ 2017 സെപ്റ്റംബർ 2-ന് നാളികേര ദിനം ആഘോഷിച്ചു. ഒഡീഷ ഹോർട്ടിക്കൾച്ചർ ഡയറക്ടർ ഡോ.മുത്തുകുമാർ ഐഎഎസ് മുഖ്യാതിഥിയായിരുന്നു. ബോർഡ് അംഗം ഡോ. വിശ്വനാത് റാത്ത് പ്രത്യേക അതിഥിയും. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വുമൺ ഇൻ

അഗ്രിക്കൾച്ചർ ഡയറക്ടർ ഡോ. ജിതേന്ദ്ര കിസ്ത്വാരിയ, ഐസിഎആർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഗോവിന്ദ ആചാര്യ എന്നിവർ അതിഥികളായിരുന്നു. നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. രജത് കൃപാൽ വിശിഷ്ടാതിഥികളെയും സദസിനെയും സ്വാഗതം ചെയ്തു. നാളികേര ദിനാഘോഷത്തിന്റെ പ്രസക്തിയെ കുറിച്ചും ആരോഗ്യകരവും സമ്പദ് സമൃദ്ധവുമായ ജീവിതം നാളികേരത്തോടൊപ്പം എന്ന പ്രമേയത്തെ കുറിച്ചും അദ്ദേഹം പ്രസംഗിച്ചു. ഒഡിഷയിലെ നാളികേര വികസന ബോർഡ് സംസ്ഥാന ഓഫീസിന്റെ പ്രവർത്തനങ്ങളും ഒഡീഷയിലെ നാളികേര കൃഷിയുടെ ഇപ്പോഴത്തെ സ്ഥിതിയെ കുറിച്ചും അദ്ദേഹം വിവരിച്ചു. നാളികേര ഉത്പ്പന്നങ്ങൾ കയറ്റുമതി ചെയ്ത് ഇന്ത്യ കഴിഞ്ഞ വർഷം 1400 കോടി രൂപ നേടിയതായി ഡോ. മുത്തു കുമാർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. ശാസ്ത്രീയമായ സങ്കര ഇനം നാളികേര കൃഷിയിലൂടെ ഒരു ഹെക്ടറിൽ നിന്ന് ഒരു കൃഷിക്കാരൻ 120000 രൂപയും തെങ്ങിനൊപ്പം മറ്റു വിളകളും കൃഷി ചെയ്ത് 2- 3 ലക്ഷം രൂപ വരെയും വാർഷിക വരുമാനം നേടാനാവുമെന്ന് അദ്ദേഹം പറഞ്ഞു. നാളികേര കൃഷി വ്യാപനപരിപാടിയുടെ ഭാഗമായി തെങ്ങിൻ തൈക്ക് 10 രൂപ നിരക്കിൽ ലഭ്യമാക്കുന്നുണ്ട് എന്ന് ബോർഡ് അംഗം ബിശ്വനാഥ് റാത്ത് അറിയിച്ചു. കൃഷിക്കാർ ഇതെക്കുറിച്ച് അറിയണം. നാളികേരത്തിന്റെ ഇ - മാർക്കറ്റിംങ് വൈകാതെ തുടങ്ങുമെന്നും അദ്ദേഹം അറിയിച്ചു. കൃഷിയിൽ വനിതകളുടെ പങ്കിനെ കുറിച്ചും നാളികേര മേഖലയിൽ വനിതകൾക്ക് നൈപുണ്യ വികസനത്തിനുള്ള സാധ്യതകളെ കുറിച്ചുമായിരുന്നു ഡോ.ജതീന്ദർ കിസ്ത്വാരിയ സംസാരിച്ചത്. സംയോജിത കൃഷിയിലൂടെ നാളികേര മേഖലയിൽ നിന്ന് എങ്ങിനെ അധിക ആദായം നേടാം എന്നാണ് ഡോ. ജിസി ആചാര്യ ചർച്ച ചെയ്തത്.

തുടർന്ന് നടന്ന ചർച്ചയിൽ ഒഡീഷ ഹോർട്ടിക്കൾച്ചർ വകുപ്പ് റിട്ടയേഡ് ഡയറക്ടർ ഡോ.സുദർശൻ പാണ്ഡ, എഐസിആർപി അസോസിയേറ്റ് പ്രൊഫസർ ഡോ.എസ് സി സാഹു എന്നിവർ ഒഡീഷയിലെ നാളികേര കൃഷിയിലെ സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തെ കുറിച്ച് ക്ലാസ് നയിച്ചു. നാളികേരത്തിൽ നിന്നുത്പാദിപ്പിക്കാവുന്ന മൂല്യവർധിത ഉത്പ്പന്നങ്ങളെ കുറിച്ച് ഡോ. ചിത്രബാല ദേബദർശിനിയും നാളികേര സംസ്കരണ യൂണിറ്റുകൾക്കു നല്കുന്ന ധനസഹായങ്ങളെ കുറിച്ച് ശ്രീമതി നിരുപമ മിശ്രയും സംസാരിച്ചു. കൃഷിക്കാരുടെ സംശയങ്ങൾക്ക് ഡോ.സാഹു ഡോ.ആചാര്യ, ബോർഡ് അംഗം ഡോ.ബിശ്വനാഥ് റാത്ത്, നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ഡോ.ആർകെ പാൽ എന്നിവർ മറുപടി പറഞ്ഞു. ആർഎൻ ദാസ് നന്ദി പറഞ്ഞു. തെങ്ങു കൃഷിയെക്കുറിച്ച് ഒഡിയ ഭാഷയിലുള്ള കൈപ്പുസ്തകത്തിന്റെ പ്രകാശനവും ചടങ്ങിൽ നടന്നു. പരിപാടിയുടെ ഭാഗമായി നാളികേര ഉത്പ്പന്നങ്ങളുടെ പ്രദർശനവും ഉണ്ടായിരുന്നു.

ഹോർട്ടിക്കൾച്ചർ ഡയറക്ടറേറ്റ്, ഐസിഎആർ സ്ഥാപനങ്ങൾ, കയർ ബോർഡ്, നബാർഡ്, കൃഷി വിജ്ഞാൻ കേന്ദ്ര തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും സന്നദ്ധ സംഘടനക ളിൽ നിന്നും നാളികേര ഉത്പാദക സംഘങ്ങളിൽ നിന്നും ഉദ്യോഗസ്ഥരും കൃഷിക്കാരും സമ്മേളനത്തിൽ പങ്കെടുത്തു.

## ഗുവാഹട്ടി, ആസാം



നാളികേര വികസന ബോർഡിന്റെ ഗുവാഹട്ടി ആസാം മേഖലാ കേന്ദ്രങ്ങളുടെയും അഭയപുരി, ഹിചച്ചാര വിത്തുത്പാദന പ്രദർശന തോട്ടങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ 2017 സെപ്റ്റംബർ 2 നാളികേര ദിനമായി ആചരിച്ചു. ഇതോടനുബന്ധിച്ച് ഗുവാഹട്ടി ഡിസ്പൂരിലെ റബർ ബോർഡ് കോൺഫറൺസ് ഹാളിൽ നടന്ന സമ്മേളനത്തിൽ ശ്രീ അമലൻ ബറുവ ഐഎഎസ്, ഡോ.അൽപന ദാസ്, ശ്രീ ഹരേൺ പുഖാൻ, ശ്രീ എസ് സെൽവരാജ്, ശ്രീ പൂരൺ ഛേത്രി തുടങ്ങിയ വിശിഷ്ട വ്യക്തികളും ത്രിപുര, നാഗാലാന്റ്, അസാം എന്നിവിടങ്ങളിൽ നിന്നായി 100 കൃഷിക്കാരും പങ്കെടുത്തു.

നാളികേര വികസന ബോർഡ് ഡയറക്ടർ ശ്രീ എൽ ഉബൈദ്, ആമുഖ പ്രഭാഷണം നടത്തി. ലോക നാളികേര ദിനാചരണത്തിന്റെ പ്രമേയവും പ്രസക്തിയും അദ്ദേഹം വിശദീകരിച്ചു. ആസാമിലെ നാളികേര കൃഷി, ഗുവാഹത്തിയിലെ നാളികേര വികസന ഓഫീസിന്റെ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. നാളികേരത്തിന്റെ ഉപയോഗമൂല്യം എന്നിവ ചൂണ്ടിക്കാട്ടിയ അദ്ദേഹം ആസാമിൽ നാളികേര കൃഷി പ്രോത്സാഹിപ്പിച്ചാൽ രണ്ടു കോടി രൂപയുടെ അധിക ആദായം നേടാമെന്നും വ്യക്തമാക്കി.

വടക്കു കിഴക്കൻ മേഖലയിൽ നാളികേര കൃഷി നേരിടുന്ന പ്രശ്നങ്ങൾ ആസാം കൃഷി വകുപ്പ് കമ്മീഷണർ സെക്രട്ടറി ശ്രീ അമലൻ ബറുവ ഐഎഎസ് വിശദീകരിച്ചു. മികച്ച നടീൽ വസ്തുക്കളും ശാസ്ത്രീയ കൃഷി രീതികളും അവലംബിച്ചാൽ ആസാമിലെ നാളികേര കൃഷ്ക്കാർക്ക് വരുമാനം വർധിപ്പിക്കാൻ സാധിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

സിപിസിആർഐ ശാസ്ത്രജ്ഞൻ ഡോ. അൽപന ദാസ് ആസാമിലെ നാളികേര കൃഷിയിലെ ഭരികൾച്ചറിനെ കുറിച്ച് സംസാരിച്ചു പ്രധാനമന്ത്രിയുടെ *'സങ്കലപ്ത്തിൽ നിന്ന് സിദ്ധിയിലേയ്ക്ക്'* എന്ന പദ്ധതി വഴി വ്യാവസായികാടിസ്ഥാനത്തിൽ സംയോജിത നാളികേര കൃഷിരീതി അവലംബിക്കാൻ ചെറുപ്പക്കാരായ കൃഷിക്കാരെ ആഹ്വാനം ചെയ്തു.

നാളികേരത്തിന്റെ ചരിത്രപരമായ പ്രാധാന്യമാണ് ശ്രീ.എസ് ശെൽവരാജ് വിശദീകരിച്ചത്. ശ്രീ ഹരേൺ പുഖാനും സംസാരിച്ചു. ഒ. രവീന്ദ്ര കുമാർ സ്വാഗതവും ശ്രീ ബി ബര നന്ദിയും പറഞ്ഞു.






### പശ്ചിമ ബംഗാൾ

ലോക നാളികേര ദിനാഘോഷത്തിന്റെ ഭാഗമായി പശ്ചിമ ബംഗളിൽ നാളികേര വികസന ബോർഡ് സ്റ്റേറ്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ശില്പശാല നടന്നു. കൊൽക്കത്തയിൽ ഹൗറയിലുള്ള വിവേകാനന്ദ സർവകലാശാലയുടെ സഹകരണത്തോടെ ബേലൂർ മഠത്തിൽ 2017 സെപ്റ്റംബർ 2 നായിരുന്നു ദിനാചരണം. ഡപ്യൂട്ടി ഡയറക്ടർ ഖോകൻ ദേബനാഥ് സ്വാഗതം പറഞ്ഞു. ലോക നാളികേര ദിനാചരണത്തിന്റെ പ്രസക്തി, ജക്കാർത്തായിലെ ഏഷ്യ പസഫിക്ക നാളികേര സമൂഹത്തിന്റെ സ്ഥാപക ദിനം എന്നിവ അദ്ദേഹം ചുരുക്കമായി വിവരിച്ചു. പശ്ചിമബംഗാൾ കൃഷി മന്ത്രി ശ്രീ പൂർണേന്ദു ബസു മുഖ്യാതിഥിയായിരുന്നു. വിവേകാനന്ദ സർവകലാശാല വൈസ് ചാൻസലർ സ്വാമി ആത്മപ്രിയാനന്ദജി മഹാരാജ് ചടങ്ങിൽ ആധ്യക്ഷ്യം വഹിച്ചു.

സംസ്ഥാനത്ത് നാളികേര കൃഷി, അനുബന്ധ വ്യവസായം എന്നിവയുടെ സമഗ്ര വികസനത്തിനായി ബോർഡ് സ്വീകരിച്ചു വരുന്ന നടപടികളെ കൃഷി മന്ത്രി ബസു അഭിനന്ദിച്ചു. ബോർഡിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന എഫ് ഒ സി ടി പരിശീലനത്തെ മന്ത്രി പ്രത്യേകം പരാമർശിക്കുകയുണ്ടായി. നാളികേര കൃഷിക്കാരുടെ ആവശ്യം അനുസരിച്ച് വിതരണം ചെയ്യുന്നതിന് സംസ്ഥാനത്തെ വിവിധ ഗവൺമെന്റ് ഫാമുകളിൽ അത്യുത്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ചൂണ്ടിക്കാട്ടി. നാളികേരത്തിന്റെ മൂല്യ വർധനവ്, നീര ഉത്പാദനം തുടങ്ങിയവയിലൂടെ വരുമാനം വർധിപ്പിക്കാനും അദ്ദേഹം കൃഷിക്കാരെ ആഹ്വാനം ചെയ്തു.

നാളികേര കൃഷിയെ സംസ്ഥാനത്തിന്റെ പരമ്പരാഗത കൃഷിയാക്കി മാറ്റാനും അതിന്റെ വിസ്തൃതി വർധിപ്പിക്കാനും തൊഴിലുറപ്പു പദ്ധതി സംസ്ഥാന കമ്മിഷണർ ശ്രീ ദിബ്യേന്ദു സർക്കാർ ഐഎഎസ് കൃഷിക്കാരോട് ആവശ്യപ്പെട്ടു. ഇതിലൂടെ സംസ്ഥാനത്ത് ഭാവിയിൽ വിവിധ നാളികേര ഉപ ഉത്പന്ന നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. സംസ്ഥാനത്തെ നാളികേര കൃഷിയെ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കൃഷിക്കാരുടെ സാമൂഹിക സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തുന്നതിന് നാളികേര വികസന ബോർഡ് നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ സ്വാമി ആത്മപ്രിയനന്ദജി അധ്യക്ഷപ്രസംഗവേളയിൽ സന്തുഷ്ടി പ്രകടിപ്പിച്ചു. സംസ്ഥാന കൃഷി അഡീഷണൽ ഡയറക്ടർമാരായ ഡോ.അതാനു ദത്ത മജൂംദാർ, ശ്രീ ആശിഷ് കുമാർ ലഹേരി എന്നിവരും കൃഷിക്കാരെ അഭിസംബോധന ചെയ്തു. സംസ്ഥാനത്ത് നാളികേര വികസന ബോർഡ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ പ്രയോജനപ്പെടുത്തണമെന്ന് അവർ കൃഷിക്കാരെ ആഹ്വാനം ചെയ്തു.

680 കൃഷിക്കാർ ചടങ്ങിൽ സന്നിഹിതരായിരുന്നു. കൂടാതെ കൃഷി വിജ്ഞാൻ കേന്ദ്ര, ഐസിഎആർ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു. ഡോ. നാരായൻ ചന്ദ്ര സാഹു നന്ദി പറഞ്ഞു. തുടർന്നു നടന്ന ചർച്ചയിൽ പ്രൊഫ. അപൂർബ ബന്ദോപാധ്യായ ക്ലാസ് നയിച്ചു. മുതിർന്ന ശാസ്ത്രജ്ഞൻ ഡോ. നാരായൻ ചന്ദ്ര സാഹു ചർച്ച നിയന്ത്രിച്ചു. ഡോ.കിൻകർ സാഹ, നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ ഖോഹൻ ദേബനാഥ്, എന്നിവരും ക്ലാസുകൾ എടുത്തു. ചർച്ചയിൽ കൃഷിക്കാരുടെ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി നല്കി.

## മ്യാൻമർ സംഘം നാളികേര വികസന ബോർഡ് സന്ദർശിച്ചു

മ്യാൻമറിലെ രാഖൈൻ ഡവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് പ്രതിനിധികൾ നാളികേര വികസന ബോർഡ് സന്ദർശിച്ചു. കോർപ്പറേഷൻ ചെയർമാൻ ഡോ. മിയ ഹാൻ, വൈസ് ചെയർമാൻ ഊ ബു തെയ്ൻ, ഡയറക്ടർ ക്യാവ് തെയ്ൻ ഖൈൻ, എക്സിക്കുട്ടിവ് ഡയറക്ടർ മിന്റ് ക്യാവ് എന്നിവരാണ് സെപ്റ്റംബർ 22 ന് കൊച്ചിയിലുള്ള നാളികേര വികസന ബോർഡ് ആസ്ഥാനം സന്ദർശിച്ച് മുഖ്യനാളികേര വികസന ഓഫീസർ ശ്രീ. സരദിന്ദു ദാസ്, സെക്രട്ടറി ഡോ. എകെ നന്തി എന്നിവരുമായി ചർച്ച നടത്തിയത്. മ്യാൻമറിന്റ് തീരപ്രദേശമായ രാഖൈനിൽ സമഗ്ര നാളികേര സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആധുനിക സാങ്കേതിക വിദ്യകൾ തേടിയാണ് സംഘം കൊച്ചിയിൽ എത്തിയത്. നാളികേര വികസന ബോർഡ് ടെക്നോളജി മിഷൻ ഡെപ്യൂട്ടി ഡയറക്ടർ സർദാർ സിംങ് ചോയൽ ബോർഡിന്റെ പ്രവർത്തനങ്ങൾ അവതരിപ്പിച്ച് സംസാരിച്ചു.



# ഒക്ടോബറിലെ കൃഷിപ്പണികൾ

● ആർ ജ്ഞാനദേവൻ
ഡെപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി - 11

## കേരളം / ലക്ഷദ്വീപ്

### തെങ്ങിൻ തൈ നഴ്സറി

നഴ്സറി ബെഡ്ഡിൽ അധികമായി വളരുന്ന കളകൾ നീക്കം ചെയ്ത് തൈകൾക്ക് ശരിയായി വളരാനുള്ള അവസരം നൽകണം. രോഗം ബാധിച്ച തൈകൾ ഉണ്ടെങ്കിൽ നശിപ്പിക്കുക. തൈകളിൽ നാമ്പോല അഴുകൽ ശ്രദ്ധയിൽപ്പെട്ടാൽ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. നേരത്തേ മുളച്ച തൈകൾ നടുന്നതിനായി തിരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ആറുമാസത്തിനകം മുളയ്ക്കാത്തവയും വളർച്ച മുരടിച്ചതുമായ തൈകൾ ഒഴിവാക്കണം. മഴ കുറവായാൽ ആഴ്ചയിൽ രണ്ടു തവണ നനയ്ക്കുക. എന്നാൽ സ്പ്രിംഗ്ളർ ഉപയോഗിച്ചാണെങ്കിൽ ദിവസവും നനയ്ക്കുക. നേഴ്സറിയിൽ ചിതലിന്റെ ശല്യം കാണുന്നെങ്കിൽ ഒരു ശതമാനം വീര്യത്തിൽ ക്ലോറോ പൈറിഫോസ് എന്ന കീടനാശിനി തളിക്കുക.

### തെങ്ങിൻ തോട്ടത്തിലെ പരിചരണ മുറകൾ

വെള്ളം കെട്ടി നിൽക്കുന്ന സ്ഥലങ്ങളിൽ ബണ്ട് എടുത്ത് പുതുതായി തെങ്ങിൻ തൈകൾ നടാം. മഴ കുറവാണെങ്കിൽ തൈകൾ നനച്ചു കൊടുക്കണം. നനയുള്ള തോട്ടങ്ങളിൽ രണ്ടാം ഘട്ട രാസവള പ്രയോഗം നടത്താനുള്ള സമയമാണ്. മണ്ണു പരിശോധനയുടെ ഫലങ്ങൾ അനുസരിച്ചായിരിക്കണം വളത്തിന്റെ അളവ് നിശ്ചയിക്കേണ്ടത്. തെങ്ങൊന്നിന് 650 ഗ്രാം യൂറിയ, 1300 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 1300 ഗ്രാം മ്യൂറേറ്റ് ഓഫ് പൊട്ടാഷ് എന്ന തോതിൽ ചേർത്തു കൊടുക്കാനാണ് പൊതുവെയുള്ള ശുപാർശ.

### ചെന്നീരൊലിപ്പു രോഗത്തിനെതിരെ ജാഗ്രത

തെങ്ങിന് ചെന്നീരൊലിപ്പു രോഗം ബാധിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുക. ചെന്നീരൊലിപ്പുള്ള തെങ്ങിന്റെ തടിയിലുണ്ടാകുന്ന വിള്ളലുകളിലൂടെ ചുവപ്പു കലർന്ന തവിട്ടുനിറത്തിലുള്ള കറ ഒലിച്ചിറങ്ങുന്നതു കാണാം. ഇത് ഉണങ്ങി കറുപ്പുനിറത്തിലുള്ള പാടുകളാകുന്നു. ചെന്നീരൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി നോക്കിയാൽ ഉൾഭാഗം ചീഞ്ഞിരിക്കുന്നതായി കാണാം. തെങ്ങിൻതടിയിൽ രോഗബാധ കാണുന്ന ഭാഗത്തെ പുറംതൊലി മൂർച്ചയുള്ള ഉളി കൊണ്ട് ചെത്തി മാറ്റിയ ശേഷം മുറിപ്പാടുകളിൽ 5 മി.ലി. കാലിക്സിൻ 100 മി.ലി. വെള്ളത്തിൽ എന്ന





തോതിൽ കലക്കി പുരട്ടുക. ഒന്നു രണ്ടു ദിവസത്തിനുശേഷം ചൂടുള്ള കോൾടാർ പുരട്ടുക. ചെത്തി മാറ്റിയ ഭാഗങ്ങൾ തീയിട്ട് നശിപ്പിക്കുക. മറ്റ് വളങ്ങൾക്കൊപ്പം തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് ചേർത്തു കൊടുക്കുക. വേനൽക്കാലത്ത് ജലസേചനം നൽകുകയും വർഷക്കാലത്ത് തോട്ടത്തിൽ നീർവാർച്ച സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. രോഗനിയന്ത്രണത്തിനായി 5 ശതമാനം വീര്യമുള്ള കാലിക്സിൻ വർഷത്തിൽ മൂന്നുതവണ, അതായത് ഏപ്രിൽ-മെയ്, സെപ്തംബർ-ഒക്ടോബർ, ജനുവരി-ഫെബ്രുവരി മാസങ്ങളിലായി വേരിൽകൂടി നൽകുക.

കാറ്റുവീഴ്ചബാധിച്ച തെങ്ങുകളിൽ ഓലചീയൽ രോഗം കാണുന്നുണ്ടെങ്കിൽ കൂമ്പോലയുടെയും അതിനുതൊട്ടടുത്ത രണ്ട് ഓലകളുടെയും മാത്രം ചീഞ്ഞ ഭാഗങ്ങൾ മുറിച്ചുമാറ്റുക. മറ്റ് ഓലകളിൽ മുൻപ് ചീയൽ വന്നതാണെങ്കിലും മുറിച്ചുമാറ്റേണ്ട ആവശ്യമില്ല. കുമിൾ നാശിനികളായ ഹെക്സാകോണോസോൾ (കോൺടഫ് 5 ഇ) തെങ്ങൊന്നിന് 2 മി.ലി. വീതം അല്ലെങ്കിൽ മാങ്കോസേബ് (ഡൈത്തേൻ എം. 45/ഇൻഡോഫിൽ എം.45) തെങ്ങൊന്നിന് 3 ഗ്രാം വീതം 300 മി.ലി. വെള്ളത്തിൽ കലക്കി നാമ്പോലയുടെ ചുവട്ടിലൊഴിക്കുക. 25 ഗ്രാം സെവിഡോൾ 8 ജി 200 ഗ്രാം ആറ്റുമണലിൽ കലർത്തി നാമ്പോലയുടെ ചുവടിന് ചുറ്റുമായി ഇടുന്നത് ചെല്ലിയുടെ ആക്രമണമുണ്ടാകുന്നതിനെതിരെ ഫലപ്രദമാണ്.

ഈ നിയന്ത്രണ നടപടികൾ വർഷത്തിൽ രണ്ടു പ്രാവശ്യം അതായത് കാലവർഷം തുടങ്ങുന്നതിന് മുൻപും (ഏപ്രിൽ-മേയ്) കാലവർഷത്തിന് ശേഷവും (ഒക്ടോബർ-നവംബർ) സ്വീകരിക്കുന്നത് ഓലചീയൽ രോഗത്തിനെതിരെയും മറ്റ് കീട നിയന്ത്രണത്തിനും ഫലവത്താണ്.

### കൂമ്പടപ്പു രോഗം വ്യാപകമാകുന്നു

ഇത് നമ്മുടെ നാട്ടിൽ പല പ്രദേശങ്ങളിലും തെങ്ങിന് കൂമ്പടപ്പു രോഗം കണ്ടു വരുന്നുണ്ട്. ബോറോണിന്റെ അഭാവം മൂലമാണിത്. ഈ രോഗത്തിന്റെ ഫലമായി ഓലകൾ ചെറുതായി ചുരുങ്ങി പോകുന്നു. ഓലകളുടെ അഗ്രഭാഗം ചീഞ്ഞഴുകുകയും ശരിക്കും വിരിയാതെ വരികയും ചെയ്യുന്നു. രോഗബാധ ഗുരുതരമാകുമ്പോൾ തെങ്ങു നശിച്ചു പോ

യെന്നും വരാം. തൈകൾക്ക് 150 ഗ്രാമും വളർച്ചയെത്തിയ തെങ്ങുകൾക്ക് 250 ഗ്രാമും എന്ന തോതിൽ ബോറാക്സ് വളം വർഷത്തിൽ രണ്ടു പ്രാവശ്യം സാധാരണ വളങ്ങളോടൊപ്പം നൽകിയാൽ പ്രാരംഭദശയിൽ തന്നെ ഈ രോഗത്തെ നിയന്ത്രിക്കാം.

ചെമ്പൻചെല്ലിയെ നശിപ്പിക്കുന്നതിന് ഒരു ശതമാനം വീര്യമുള്ള കാർബറിൽ (20ഗ്രാം കാർബറിൽ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത്) തെങ്ങിൻ തടിയിൽ കീടം ഉണ്ടാക്കിയ ദ്വാരങ്ങൾ അടച്ചതിനുശേഷം അല്പം മുകളിലായി താഴേക്ക് ചരിഞ്ഞ ഒരു ദ്വാരം ഉണ്ടാക്കി അതിൽ ചോർപ്പ് വെച്ച് ഒഴിച്ചുകൊടുത്തശേഷം ആ ദ്വാരം അടയ്ക്കുക. ഇമിഡാക്ലോപ്രിഡ് എന്ന കീടനാശിനി ഒരു മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ സ്പൈനോസാഡ് എന്ന തോതിൽ 5 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയത് ചെമ്പൻചെല്ലി നിയന്ത്രിക്കുന്നതിന് ഫലപ്രദമാണ്. ചെമ്പൻചെല്ലിക്കെതിരെ ഒരു പ്രദേശത്തൊട്ടാകെയുള്ള കർഷകർക്ക് ഒരുമിച്ച് ഫിറമോൺ കെണി ഉപയോഗിക്കാവുന്നതാണ്.

പൂങ്കുലച്ചാഴി വെള്ളയ്ക്കയും മച്ചിങ്ങയും കുത്തി വീഴ്ത്തും. കുത്തേറ്റ ഭാഗത്തെ വിള്ളലുകളിൽ നിന്ന് പശപോലെ കട്ടിയായ ഒരു ദ്രാവകം പുറത്തുവരുന്നത് കാണാം. 0.1 ശതമാനം വീര്യമുള്ള കാർബാറിൽ എന്ന കീടനാശിനി വിടരാത്ത കൊതുമ്പിലും കുലകളിലും തളിയ്ക്കണം. ആവശ്യമെങ്കിൽ ഒന്നര മാസം കഴിഞ്ഞ് മരുന്നുതളി ആവർത്തിയ്ക്കണം.

മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്ന തൊട്ടങ്ങളിൽ രണ്ടാം ഗഡു രാസവളപ്രയോഗം നടത്തിയിട്ടില്ലെങ്കിൽ ശുപാർശ ചെയ്ത വളത്തിന്റെ 2/3 ഭാഗം ചേർത്തുകൊടുക്കാം.

## ആൻഡമാൻ നിക്കോബാർ ദ്വീപുകൾ

തെങ്ങുകൾക്കു ചുറ്റും 750 ഗ്രാം യൂറിയ, 1300 ഗ്രാം സിങ്കിൾ സൂപ്പർ ഫോസ്ഫേറ്റ്, 1250 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ രണ്ടാം ഗഡു വളമായി ചേർത്തുകൊടുക്കുക. തെങ്ങിൻ ചുവട്ടിൽ തടമെടുത്തതിനുശേഷം തെങ്ങൊന്നിന് 25 കി.ഗ്രാം ഉണക്കിപ്പൊടിച്ച കമ്പോസ്റ്റോ ചാണകമോ ഇട്ട് മേൽമണ്ണ് കൊണ്ട് മൂടുക. പുതുതായി തൈകൾ നടുന്ന തോട്ടങ്ങളിൽ ഹെക്ടറൊന്നിന് 150 എന്ന കണക്കിൽ ഗുണമേന്മയുള്ള തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കുക. ഇടവിളകളായ ഗ്രാമ്പൂ, ജാതി, കറുവ, കുരുമുളക്, വാഴ മുതലായവ കൃഷി ചെയ്യുക. തെങ്ങിൻ തോട്ടത്തിന്റെ അതിരുകളിൽ ശീമക്കൊന്ന വച്ചു പിടിപ്പിക്കുക. കൊമ്പൻചെല്ലിയുടെ നിയന്ത്രണത്തിനായി ബാക്കുലോവൈറസ് സംക്രമിപ്പിച്ച ചെല്ലികളെ ഹെക്ടറൊന്നിന് 15 ചെല്ലികൾ എന്ന കണക്കിൽ തെങ്ങിൻതോട്ടത്തിൽ തുറന്നുവിടുക. ചെന്നീരൊലിപ്പ് രോഗം കാണപ്പെട്ടാൽ രോഗം ബാധിച്ച ഭാഗം ചെത്തിനീക്കി അവിടെ 5 ശതമാനം വീര്യമുള്ള കാലിക്സിൻ പുരട്ടുക. കൂമ്പുചീയൽ രോഗം ബാധിച്ച തെങ്ങുകളിൽ മണ്ടയിലെ രോഗബാധിത ഭാഗങ്ങൾ വെട്ടിമാറ്റി 10 ശതമാനം വീര്യമുള്ള ബോർഡോ കുഴമ്പ് പുരട്ടുക. അതിനുശേഷം മഴവെള്ളം കടക്കാത്ത വിധത്തിൽ പോളിത്തീൻ ഷീറ്റുകൊണ്ട് മൂടിക്കെട്ടുക.

## തമിഴ്നാട് / പോണ്ടിച്ചേരി

ചെന്നീരൊലിപ്പു രോഗം ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിയ്ക്കുക. ഉണ്ടെങ്കിൽ അഴുകിയ ഭാഗങ്ങൾ നീക്കം ചെയ്ത് വൃത്തിയാക്കിയശേഷം 5 ശതമാനം വീര്യമുള്ള കാലിക്സിൻ മുറിപ്പാടുകളിൽ പുരട്ടുക. 1–2 ദിവസത്തിനുശേഷം കോൾടാർ



പുരട്ടുക. 5 ശതമാനം വീര്യമുള്ള 100 മി.ലി. കാലിക്സിൻ ജൂൺ, ഒക്ടോബർ, ജനുവരി എന്നീ മാസങ്ങളിൽ വർഷത്തിൽ മൂന്നു തവണകളായി വേരിൽകൂടി നല്കുക. രണ്ടാം ഗഡു രാസവളപ്രയോഗത്തോടൊപ്പം 5 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് ചേർത്തുകൊടുക്കുക. തഞ്ചാവൂർ വാട്ട രോഗം ബാധിച്ച തെങ്ങുകൾക്ക് (1) 50 കി.ഗ്രാം ജൈവവളവും 5 കി.ഗ്രാം വേപ്പിൻ പിണ്ണാക്കും തെങ്ങൊന്നിന് നല്കുകയും നനയ്ക്കുകയും ചെയ്യുക (2) തെങ്ങിൻ നിരകൾക്കിടയിൽ വെള്ളം ഒലിച്ചുപോകുന്നതിന് ചാലുകൾ കീറുക (3) രോഗം ബാധിച്ച തെങ്ങുകൾക്ക് ചുറ്റും ആഴത്തിൽ ചാലുകൾകീറി രോഗം ബാധിക്കാത്ത തെങ്ങുകളിൽനിന്ന് അകറ്റിനിർത്തുക (4) 5 ശതമാനം വീര്യമുള്ള നൂറു മില്ലി ലിറ്റർ കാലിക്സിൻ 3 മാസം ഇടവിട്ട് ഒരുവർഷം വേരുകളിൽകൂടി നൽകുക. മണ്ഡരിയുടെ ആക്രമണമുണ്ടെങ്കിൽ രണ്ടു ശതമാനം വീര്യമുള്ള വെളുത്തുള്ളി–വേപ്പെണ്ണ മിശ്രിതമോ (20 മി.ലി. വേപ്പെണ്ണ+20 ഗ്രാം വെളുത്തുള്ളിക്കുഴമ്പ്+5 ഗ്രാം ബാർ സോപ്പ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയത്) 1 ശതമാനം അസാഡിറാക്ടിൻ (നീമാസൾ) ഒരു ലിറ്റർ വെള്ളത്തിൽ 4 മി.ലി. എന്ന തോതിൽ കലർത്തിയോ വെള്ളയ്ക്കയുടേയും തേങ്ങയുടേയും മോട് ഭാഗത്ത് തളിക്കുകയോ 7.5 മി.ലി. അസാഡിറാക്ടിൻ തുല്യ അളവ് വെള്ളത്തിൽ കലക്കി വേരിലോ തടിയിലോ കൂടി കടത്തിവിടുകയോ ചെയ്യാം.

## കർണ്ണാടകം

ചെന്നീരൊലിപ്പു രോഗം ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുക. രോഗബാധ കാണുന്ന പക്ഷം രോഗം ബാധിച്ചഭാഗം ചെത്തി നീക്കിയ ശേഷം 5 ശതമാനം വീര്യമുള്ള കാലിക്സിൻ മുറിപ്പാടുകളിൽ പുരട്ടുക. 1–2 ദിവസത്തിനുശേഷം കോൾടാർ പുരട്ടുക. 5 ശതമാനം വീര്യമുള്ള 100 മി.ലി. കാലിക്സിൻ ജൂൺ, ഒക്ടോബർ, ജനുവരി എന്നീ മാസങ്ങളിൽ വർഷത്തിൽ മൂന്നു തവണകളായി വേരുവഴി നൽകുക. പ്രതിവർഷം തെങ്ങൊന്നിന് 5 കി. ഗ്രാം വേപ്പിൻ പിണ്ണാക്ക് ചേർത്തു കൊടുക്കുക. 0.1 ശതമാനം വീര്യമുള്ള എൻഡോസൾഫാനോ കാർബറിലോ വിടരാത്ത ചൊട്ടയിലും കുലകളിലും (പുതുതായിവിടർന്ന പൂക്കുലകൾ ഒഴികെ) കോറിഡ്ബഗ്ഗിന്റെ ആക്രമണത്തെ നിയന്ത്രിക്കുന്നതിന് തളിച്ചുകൊടുക്കുക. മണ്ണിൽ വേണ്ടത്ര ഈർപ്പമുള്ള പക്ഷം രണ്ടാം ഗഡു രാസവള പ്രയോഗം നടത്തേണ്ടതാണ്.

# കമ്പോള അവലോകനം - ഓഗസ്റ്റ് 2017

## ആഭ്യന്തര വില നിലവാരം

### വെളിച്ചെണ്ണ

വിപണിയിൽ വിലയുടെ കാര്യത്തിൽ കഴിഞ്ഞ മാസം പൊതുവെ ഉണർവാണ് കാണാൻ സാധിച്ചത്. കൊച്ചി, കോഴിക്കോട്, ആലപ്പുഴ വിപണികളിൽ ഓഗസ്റ്റ് മാസത്തിൽ വെളിച്ചെണ്ണയുടെ വിലയിൽ ഉണർവ് രേഖപ്പെടുത്തി. കൊച്ചിയിൽ 14700 രൂപയിലും ആലപ്പുഴയിൽ 14600 രൂപയിലും കോഴിക്കോട്ട് 15500 രൂപയിലുമാണ് വ്യാപാരം ആരംഭിച്ചത്. കൊച്ചിയിൽ 15500 രൂപയ്ക്കും ആലപ്പുഴയിൽ 15300 രൂപയ്ക്കും കോഴിക്കോട് മാർക്കറ്റിൽ 16800 രൂപയ്ക്കുമാണ് വ്യാപാരം അവസാനിച്ചത്. കോഴിക്കേട് വിപണിയിൽ 1300 രൂപയുടെയും കൊച്ചി ആലപ്പുഴ വിപണികളിൽ യഥാക്രമം 800, 700 രൂപയുടെ വീതം നേട്ടത്തിലാണ് വിപണി ക്ലോസ് ചെയ്തത്.

തമിഴ് നാട്ടിലെ കാങ്കയം വിപണിയിൽ ക്വിന്റലിന് 12667 രൂപയിൽ ആരംഭിച്ച വ്യാപാരം 933 രൂപ നേട്ടത്തിൽ 13600 രൂപയിൽ വ്യാപാരം ക്ലോസ് ചെയ്തു. ഓഗസ്റ്റ് മാസത്തിൽ പ്രധാന വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 1 ൽ:

പട്ടിക 1 : വെളിച്ചെണ്ണയുടെ വാരാന്ത്യ ശരാശരി വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.08.2017 | 14700 | 14600 | 15500 | 12667 |
| 06.08.2017 | 14900 | 14900 | 16000 | 12533 |
| 13.08.2017 | 15000 | 14900 | 16200 | 12667 |
| 20.08.2017 | 15200 | 15200 | 16500 | 13067 |
| 27.08.2017 | 15200 | 15200 | 16500 | 13200 |
| 31.08.2017 | 15500 | 15300 | 16800 | 13600 |

### ആട്ടു കൊപ്ര

ആട്ടു കൊപ്രയുടെ വില കഴിഞ്ഞ മാസം കൊച്ചി, കോഴിക്കോട്, വിപണികളിൽ വെളിച്ചെണ്ണയുടെ വിലയുമായി ചേർന്നു പോവുകയായിരുന്നു. കൊച്ചിയിൽ ക്വിൻറലിന് 10000 രൂപയും ആലപ്പുഴയിൽ 96000 രൂപയും കോഴിക്കോട് 10000 രൂപയായിരുന്നു വ്യാപാരം ആരഭിച്ചപ്പോൾ വില. എല്ലാ വിപണികളിലും കഴിഞ്ഞ മാസം മുഴുവൻ വിലയിൽ മൊത്തം ഉണർവാണ് അനുഭവപ്പെട്ടത്. കൊച്ചിയിൽ 10600 രൂപയിലും, ആലപ്പുഴയിൽ 10200 രൂപയിലും, കോഴിക്കോട്ട് 10900 രൂപയിലുമാണ് വ്യാപാരം അവസാനിച്ചത്. കച്ചവടം അവസാനിക്കുമ്പോൾ കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 600 രൂപ വീതവും കോഴിക്കോട്ട് 900 രൂപയും നേട്ടമുണ്ടായി.

എന്നാൽ തമിഴ് നാട്ടിലെ കാങ്കയം നാളികേര വിപണിയിൽ വിലയിൽ നേരിയ ചാഞ്ചാട്ടമാണ് അനുഭവപ്പെട്ടത്. ക്വിന്റലിന് 8700 രൂപയിൽ ആരംഭിച്ച വ്യാപാരം ക്വിന്റലിനു 1000 രൂപ നേട്ടത്തിൽ 9700 രൂപയിൽ അവസാനിച്ചു. കേരളത്തിലെ വിവിധ കമ്പോളങ്ങളിൽ ആട്ടു കൊപ്രയുടെ വാരാന്ത്യ വില നിലവാരം പട്ടിക 2 ൽ:

പട്ടിക 2 : ആട്ടുകൊപ്രയുടെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.08.2017 | 10000 | 9600 | 10000 | 8700 |
| 06.08.2017 | 10100 | 9800 | 10350 | 8900 |
| 13.08.2017 | 10150 | 9800 | 10500 | 9100 |
| 20.08.2017 | 10300 | 10100 | 10650 | 9300 |
| 27.08.2017 | 10300 | 10100 | 10650 | 9400 |
| 31.08.2017 | 10600 | 10200 | 10900 | 9700 |

### ഭക്ഷ്യയോഗ്യമായ കൊപ്ര

രാജാപൂർ കൊപ്രയുടെ വിലയിൽ ഓഗസ്റ്റ് മാസം മുഴുവൻ ഉയർച്ചയാണ് രേഖപ്പെടുത്തിയത്. കോഴിക്കോട് വിപണിയിൽ ക്വിന്റലിന് 9800 രൂപ യിൽ ആരംഭിച്ച് മാസ അവസാനം ക്വിന്റലിന് 3000 രൂപ ലാഭത്തിൽ 12800 രൂപയിലാണ് വിപണി ക്ലോസ് ചെയ്തത്. ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 3 ൽ:

പട്ടിക 3 : ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 01.08.2017 | 9800 |
| 06.08.2017 | 10000 |
| 13.08.2017 | 10900 |
| 20.08.2017 | 11700 |
| 27.08.2017 | 12500 |
| 31.08.2017 | 12800 |



**ഉണ്ട കൊപ്ര**

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ ഓഗസ്റ്റ് ആദ്യ ആഴ്ച്ചയിൽ ഉണ്ട കൊപ്രയുടെ വില ക്വിന്റലിന് 8600 രൂപയായിരുന്നു. മാസാവസാനം വരെ ഉണ്ട കൊപ്രയുടെ വിലഉയർന്നു നിന്നശേഷം മാസാവസാനം 3900 രൂപ ലാഭത്തിൽ ക്വിന്റലിന് 12500 രൂപയിൽ വ്യാപാരം അവസാനിച്ചു. ഉണ്ടകൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 4 ൽ :

| പട്ടിക 4 : ഉണ്ട കൊപ്രയുടെ വാരാന്ത്യവില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ) | |
|---|---|
| | തിപ്തൂർ |
| 01.08.2017 | 8600 |
| 06.08.2017 | 9100 |
| 13.08.2017 | 9670 |
| 20.08.2017 | 10500 |
| 27.08.2017 | 11400 |
| 31.08.2017 | 12500 |



**ഇളനീർ**

കർണ്ണാടകയിലെ മദ്ദൂർ വിപണിയിൽ ഓഗസ്റ്റ് മാസം രേഖപ്പെടുത്തിയ ഇളനീരിന്റെ വില ആയിരത്തിന് 10000 രൂപയായിരുന്നു. മാസാദ്യം മുതൽ അവസാനം വരെ വിപണി ഇതെ വിലസ്ഥിരത നിലനിർത്തി. ഇളനീരിന്റെ വാരാന്ത്യ വില നിലവാരം പട്ടിക 7 ൽ:

| പട്ടിക 7 : ഇളനീരിന്റെ വാരാന്ത്യ വില മദ്ദൂർ വിപണിയിൽ (ആയിരത്തിന്) | |
|---|---|
| 01.08.2017 | 10000 |
| 06.08.2017 | 10000 |
| 13.08.2017 | 10000 |
| 20.08.2017 | 10000 |
| 27.08.2017 | 10000 |
| 31.08.2017 | 10000 |

**കൊട്ട തേങ്ങ**

കോഴിക്കോട് വിപണിയിൽ കൊട്ട തേങ്ങയുടെ വ്യാപാരം ഓഗസ്റ്റ്ആദ്യ വാരം ക്വിന്റലിന് 7100 രൂപയിൽ ആരംഭിച്ചു. മാസാവസാനം വരെ വിലയിൽ ഉണർവാണ് ദൃശ്യമായത്. നാലാം വാരത്തിൽ ക്വിന്റലിന് 1400 രൂപ നേട്ടത്തിൽ വ്യാപാരം 8500 രൂപയിൽ അവസാനിച്ചു. കൊട്ടത്തേങ്ങയുടെ വാരാന്ത്യ വില നിലവാരം പട്ടിക 5 ൽ:

| പട്ടിക 5 : കൊട്ട തേങ്ങയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് ) | |
|---|---|
| 01.08.2017 | 7100 |
| 06.08.2017 | 7100 |
| 13.08.2017 | 7300 |
| 20.08.2017 | 7700 |
| 27.08.2017 | 8150 |
| 31.08.2017 | 8500 |



**നാളികേരം**

നെടുമങ്ങാട് വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വില ഓഗസ്റ്റ് മാസത്തിൽ ആയിരത്തിന് 14000 രൂപയ്ക്ക് ആരംഭിച്ച് മാസാവസാനം വരെ അതെ നിലവാരം തുടർന്നു. തമിഴ്നാട്ടിലെ പൊള്ളാച്ചി വിപണിയിൽ 12000 രൂപിൽ ആരംഭിച്ച നാളികേര വ്യാപാരം 2000 രൂപ നേട്ടത്തിൽ 14000 ൽ അവസാനിച്ചു. ബാംഗ്ളൂർ നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വ്യാപാരം ആയിരത്തിന് 14000 രൂപയിൽ ആരംഭിച്ച് 250 രൂപ നഷ്ടത്തിൽ 13750 രൂപയ്ക്കാണ് ക്ലോസ് ചെയ്തത്. മംഗലാപുരം നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച ഗ്രേഡ് 1 നാളികേരം കഴിഞ്ഞ മാസം ആയിരത്തിന് 21000 രൂപയ്ക്കാണ് വ്യാപാരം ആരംഭിച്ചത്. ഈ വില ഉയർന്ന് ക്വിന്റലിന് 500 രൂപ നേട്ടത്തിൽ 21500 രൂപയ്ക്കാണ് മാസാവസാനം മാർക്കറ്റ് ക്ലോസ് ചെയ്തത്. വിവിധ കമ്പോളങ്ങളിൽ നാളികേരത്തിന്റെ വാരാന്ത്യ വിലനിലവാരം പട്ടിക 6 ൽ:

| പട്ടിക 6 : ഭാഗികമായി തൊണ്ടുരിഞ്ഞ നാളികേരത്തിന്റെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ആയിരത്തിന്) | | | | |
|---|---|---|---|---|
| | നെടുമങ്ങാട് | പൊള്ളാച്ചി | ബംഗളുരു | മംഗലാപുരം (ഗ്രേഡ് 1) |
| 01.08.2017 | 14000 | 12000 | 14000 | 21000 |
| 06.08.2017 | 14000 | 12000 | 14000 | 21000 |
| 13.08.2017 | 14000 | 13000 | 15000 | 21000 |
| 20.08.2017 | 14000 | 13000 | 13000 | 21000 |
| 27.08.2017 | 14000 | 14000 | 13000 | 21000 |
| 31.08.2017 | 14000 | 14000 | 13750 | 21500 |

# അന്താരാഷ്ട്ര വില നിലവാരം

### വെളിച്ചെണ്ണ

അന്താരാഷ്ട്ര വിപണികളിൽ വെളിച്ചെണ്ണയുടെ വിലയിൽ ചാഞ്ചാട്ടമാണ് രേഖപ്പെടുത്തിയത്. ഫിലിപ്പീൻസ്, ഇന്തോനേഷ്യ ആഭ്യന്തര വിപണികളി ൽ വിലയിൽ അസ്ഥിരതയായിരുന്നു. അന്താരാഷ്ട്ര ആഭ്യന്തര വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 8 ൽ:

പട്ടിക 8 : വെളിച്ചെണ്ണ ഉത്പാദക രാജ്യങ്ങളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | അന്താരാഷ്ട്ര വില നിലവാരം | ആഭ്യന്തര വില നിലവാരം | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ്/ ഇൻഡോനേഷ്യ (സി.ഐ.എഫ് യൂറോപ്പ്) | ഫിലി പ്പൈൻസ് | ഇൻ ഡോ നേഷ്യ | ഇൻഡ്യ* |
| 05.08.2017 | 1599 | 1575 | 1568 | 2328 |
| 12.08.2017 | 1640 | 1618 | 1622 | 2344 |
| 19.08.2017 | 1546 | 1619 | 1622 | 2375 |
| 26.08.2017 | 1559 | 1596 | 1600 | 2375 |

*കൊച്ചി

### കൊപ്ര

പ്രധാനപ്പെട്ട നാളികേര ഉത്പാദക കേന്ദ്രങ്ങളായ ഫിലിപ്പീൻസ്, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിലെ ആഭ്യന്തര വിപണികളിൽ കൊപ്രയുടെ വിലയിൽ ചാഞ്ചാട്ടമായിരുന്നു കഴിഞ്ഞ മാസം രേഖപ്പെടുത്തിയത്. എന്നാൽ ഇന്ത്യൻ വിപണിയിൽ കൊപ്രവിലയിൽ നേരിയ ഉണർവാണ് ദൃശ്യമായത്. കൊപ്രയുടെ വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 9 ൽ :

പട്ടിക 9 : കൊപ്ര ഉത്പാദക രാജ്യങ്ങളിലെ കൊപ്രയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | ഫിലിപ്പൈൻസ് | ഇൻഡോ നേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
|---|---|---|---|---|
| 05.08.2017 | 945 | 928 | 1529 | 1578 |
| 12.08.2017 | 967 | 955 | 1429 | 1586 |
| 19.08.2017 | 962 | 955 | 1515 | 1609 |
| 26.08.2017 | 961 | 955 | 1515 | 1609 |

*കൊച്ചി



### തൂൾ തേങ്ങ

പ്രധാന ഉത്പാദക രാജ്യങ്ങളിലെ തൂൾ തേങ്ങയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 10 ൽ:

പട്ടിക 10 : തൂൾതേങ്ങയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | ഫിലി പ്പൈൻസ് | ഇൻഡോ നേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
|---|---|---|---|---|
| 05.08.2017 | 2668 | 2460 | 3062 | 2598 |
| 12.08.2017 | 2502 | 2430 | 3019 | 2614 |
| 19.08.2017 | 2502 | 2430 | 3390 | 2738 |
| 26.08.2017 | 2502 | 2430 | 3260 | 2846 |

### നാളികേരം

പ്രധാന നാളികേര ഉത്പാദക രാജ്യങ്ങളായ ഫിലിപ്പീൻസ് ശ്രീലങ്ക ഇന്തോനേഷ്യ എന്നീ വിപണികളിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വിലയിൽ മാന്ദ്യമാണ് ഓഗസ്റ്റ് മാസത്തിൽ രേഖപ്പെടുത്തിയത്. നാളികേരത്തിന്റെ വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 11 ൽ :

പട്ടിക 11: നാളികേരത്തിന്റെ വാരാന്ത്യ (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | ഫിലി പ്പൈൻസ് | ഇൻഡോ നേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
|---|---|---|---|---|
| 05.08.2017 | 204 | 255 | 328 | 430 |
| 12.08.2017 | 208 | 240 | 320 | 445 |
| 19.08.2017 | 188 | 225 | 312 | 469 |
| 26.08.2017 | 187 | 225 | 302 | 484 |

*പൊള്ളാച്ചി



### ചിരട്ടക്കരി

പ്രമുഖ ചിരട്ടക്കരി ഉത്പാദക രാജ്യങ്ങളിലെ ചിരട്ടക്കരിയുടെ കയറ്റുമതി (എഫ്. ഒ. ബി) വിവരങ്ങൾ പട്ടിക 12 ൽ:

പട്ടിക 12 : ചിരട്ടക്കരിയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | ഫിലി പ്പൈൻസ് | ഇൻഡോ നേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
|---|---|---|---|---|
| 05.08.2017 | 430 | 465 | 530 | 476 |
| 12.08.2017 | 430 | 464 | 492 | 485 |
| 19.08.2017 | 430 | 464 | 325 | 488 |
| 26.08.2017 | 430 | 464 | 326 | 490 |

* എഫ്. ഒ. ബി

ഇന്ത്യൻ നാളികേര ജേണലിന്റെ വായനക്കാരായ വീട്ടമ്മമാർക്കു വേണ്ടിയുള്ള പംക്തി - കേരപാചകം. നാളികേരവും കരിക്കും തേങ്ങാപ്പാലും മറ്റും മുഖ്യ ചേരുവയായി ഉപയോഗിച്ച് തയാറാക്കുന്ന വിഭവങ്ങളാണ് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്. പാചക വിദഗ്ധനും നെടുമ്പാശേരി ഫ്ളോറ എയർപോർട്ട് ഹോട്ടലിലെ എക്സിക്ക്യൂട്ടിവ് ഷെഫുമായ റോയ് ജോസഫ് പോത്തനാണ് വായനക്കാർക്കുവേണ്ടി ഈ പാചകക്കുറിപ്പുകൾ തയാറാക്കുന്നത്. ബൊൺസൈഡെ ഹൗസ് എഡിൻബർഗ്, കൊച്ചിയിലെ വൈറ്റ് ഫോർട്ട്, അവന്യു റിജന്റ്, താജ് മലബാർ തുടങ്ങിയ ഹോട്ടലുകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള റോയിക്ക് ഈ മേഖലയിൽ 25 വർഷത്തെ പരിചയമുണ്ട്. ഏഷ്യാനെറ്റ്, ജീവൻ,അമൃത തുടങ്ങിയ ചാനലുകളിൽ പാചക പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. കോട്ടയം ജില്ലയിലെ വെളിയന്നൂർ സ്വദേശിയാണ്.

ഫോൺ - 9495325526 ,8157994173



# കരിക്ക് കട്ലറ്റ്

## തയാറാക്കാനുള്ള ചേരുവകൾ

കരിക്ക് - അര കിലോ
ഉരുളകിഴങ്ങ് - പുഴുങ്ങി ഉടച്ചത് മൂന്ന്
അരിഞ്ഞ സവാള - ഒന്ന്
അരിഞ്ഞ ഇഞ്ചി - ഒരു ടേബിൾ സ്പൂൺ
അരിഞ്ഞ പച്ചമുളക് - രണ്ടുമൂന്ന് എണ്ണം
മഞ്ഞൾ പൊടി - ഒരു ടേബിൾ സ്പൂൺ
മുളകുപൊടി - ഒരു ടേബിൾ സ്പൂൺ
കുമുളകു പൊടി - ഒരു ടീ സ്പൂൺ
ഗരം മസാല - ഒരു ടീ സ്പൂൺ
റൊട്ടിപ്പൊടി - ഒരു കപ്പ്
മുട്ട അടിച്ചത് - ഒരു കപ്പ്
ഉപ്പ് - ആവശ്യത്തിന്
വെളിച്ചെണ്ണ - വറുക്കാൻ

## തയാറാക്കുന്ന വിധം

1. പ്രഷർ കുക്കറിൽ ഉരുളക്കിഴങ്ങ് പുഴുങ്ങി തൊലി പൊളിച്ച് കഷണങ്ങളാക്കി ഉടച്ച് മാറ്റി വയ്ക്കുക.
2. കരിക്ക് ചെറു കഷണങ്ങളാക്കി അതിൽ മുളകു പൊടി മഞ്ഞൾ പൊടി എന്നിവ തിരുമ്മി അതും 10 -15 മിനിറ്റ് സമയം വയ്ക്കുക.
3. ഒരു സാധാരണ പാൻ എടുത്ത് അതിൽ വെളിച്ചെണ്ണ ഒഴിച്ച് തീയിൽ ചൂടാക്കുക. അരിഞ്ഞു വച്ചിരിക്കുന്ന സവാള, ഇഞ്ചി ,പച്ചമുളക് എന്നിവ ചേർത്ത് നന്നായി വഴറ്റുക.
4. കരിക്ക് ചെറു കഷണങ്ങളാക്കി കൊത്തി അരിഞ്ഞ് കുരുമുളകു പൊടി, ഗരം മസാല എന്നിവ കൂടി ചേർത്ത് പാനിൽ 15 മിനിറ്റ് വഴറ്റണം.
5. തീ ഓഫ് ചെയ്ത് ഈ മിശ്രിതം 10 മിനിറ്റ് തണുക്കാൻ അനുവദിക്കണം.
6. തണുത്തു കഴിഞ്ഞ ഈ മിശ്രിതത്തിലേയ്ക്ക് ഉടച്ച് വച്ചിരിക്കുന്ന ഉരുളക്കിഴങ്ങ് കൈകൊണ്ട് നന്നായി കുഴച്ച് ചേർക്കണം. ( പിന്നീട് ഈ മിശ്രിതം ചെറിയ ഉരുളകളാക്കി ഉരുട്ടിയെടുക്കണം)
7. ഈ ചെറിയ ഉരുളകൾ കൈപ്പത്തിയ്ക്കുള്ളിൽ വച്ച് വൃത്താകൃതിയിൽ പരത്തിടെയുക്കുക.
8. ഓരോ കട്ലറ്റും അടിച്ചു പതച്ച് വച്ചിരിക്കുന്ന മുട്ടയിൽ മുക്കി, എല്ലാ വശങ്ങളും റൊട്ടിപ്പൊടിയിൽ നന്നായി പൊതിയുക.
9 മറ്റൊരു പാനിൽ വെളിച്ചെണ്ണ ഒഴിച്ച് തിളപ്പിക്കുക. ഇടത്തരം ചൂടിൽ തീ ക്രമീകരിച്ച് കട്ലറ്റിന് നല്ല തവിട്ടു നിറം ലഭിക്കുന്നതു വരെ വറുക്കണം.
10. തക്കാളി കെച്ചപ്പ് ചേർത്ത് വിളമ്പാം

